

Alternatives India VIKALP sangam

CFR-la
Community Forest Rights - learning & advocacy

# സാമൂഹിക വനാവകാശവും മഹാമാരിയും

## ഗ്രാമസഭകൾ വഴികാണിക്കുന്നു


വോള്യം 2

വികല്പസംഗമം

ഒക്ടോബർ 2020

# ഉള്ളടക്കം


മുഖവുര 1

പശ്ചാത്തലം 4

1. ഗുജറാത്തിലെ നർമദ 6
അരികിലെ സമൂഹങ്ങൾക്ക് പിന്തുണ

2. മഹാരാഷ്ട്രയിലെ ഗോന്ധ്യ 9
ജീവനം ഉറപ്പാക്കിയ ഫെഡറേഷൻ

3. ഛത്തിസ്ഗഢിലെ രാജ്നന്ദ്ഗാവ് 11
ഗ്രാമസഭകളുടെ നേതൃത്വത്തിൽ ഭരണസംവിധാനം

4. മഹാരാഷ്ട്രയിലെ ധുലെ 15
പ്രാദേശിക സ്വയംഭരണവും ഭക്ഷ്യസുരക്ഷയും

5. ഗുജറാത്തിലെ കച്ച് 17
ഇടയസമൂഹങ്ങളും കന്നുകാലികളും

6. മഹാരാഷ്ട്രയിലെ നന്ദുർബർ 20
ഒഴിച്ചുപോക്കിൽ കുറവ്

7. പശ്ചിമ ബംഗാളിലെ അലിപുർദ്വാർ 22
സാമൂഹിക വനസംരക്ഷണം

8. മധ്യപ്രദേശിലെ ദിൻദോറി 24
വനിതകളും കോവിഡ് പ്രതിരോധവും

9. കർണാടകയിലെ ചാമരാജ്നഗർ 27
ആദിവാസി സഹകരണസംഘങ്ങളും സംഘടനകളും

10. ഒഡിഷയിലെ നയാഗഡ് 29
വനസംരക്ഷണവും ഭക്ഷ്യവൈവിധ്യവും

പ്രധാനപാഠങ്ങൾ 32

നിഗമനങ്ങൾ 34

വിവരണങ്ങളും കുറിപ്പുകളും 36

സമർപ്പണങ്ങൾ 39

1 ഗുജറാത്തിലെ നർമദ
2 മഹാരാഷ്ട്രയിലെ ഗോന്ധ്യ
3 ഛത്തിസ്ഗഢിലെ രാജ്നന്ദ്ഗാവ്
4 മഹാരാഷ്ട്രയിലെ ധുലെ
5 ഗുജറാത്തിലെ കച്ച്

# മുഖവുര

6 മഹാരാഷ്ട്രയിലെ നന്ദുർബർ
7 പശ്ചിമ ബംഗാളിലെ അലിപുർദ്വാർ
8 മധ്യപ്രദേശിലെ ദിൻദോറി
9 കർണാടകയിലെ ചാമരാജ്നഗർ
10 ഒഡിഷയിലെ നയാഗഢ്

കോവിഡ്19 മഹാമാരി ഏറ്റവുമധികം ബാധിച്ച രാജ്യങ്ങളിലൊന്നാണ് ഇന്ന് ഇന്ത്യ. 2020 സപ്റ്റംബർ 15 ആയപ്പോഴേക്കും രാജ്യത്തു രോഗബാധിതരുടെ എണ്ണം 5 ദശലക്ഷം കഴിഞ്ഞിരുന്നു. മഹാമാരിയും അതിന്റെ ഭാഗമായ അടച്ചിടൽ നടപടികളും ഏറ്റവും പാവപ്പെട്ടവരും പാർശ്വവൽകൃത രുമായ ജനങ്ങളുടെ ജീവിതത്തിൽ വലിയ ആഘാതമാണ് ഉണ്ടാക്കിയത്. അവരുടെ ഉപജീവനമാർഗങ്ങളും തൊഴിലും ഭക്ഷ്യസുരക്ഷയും നഷ്ടമായി; സാമൂഹികസാമ്പത്തിക അവസരങ്ങളും അവർക്ക് അപ്രാപ്യമായി. വിവിധ സംസ്ഥാനങ്ങളിലെ പ്രവാസി തൊഴിലാളികൾ നേരിട്ട പ്രയാസങ്ങൾ ആഗോള മാധ്യമ ശ്രദ്ധ നേടി. എന്നാൽ ഇന്ത്യൻ ഭരണകൂടം കഴിഞ്ഞ പാർലമെന്റ് വർഷകാല സമ്മേളനത്തിൽ അതിനോടു പ്രതികരിച്ചത്[1] നഷ്ടപ്പെട്ട തൊഴിലുകൾ സംബന്ധിച്ചോ ആഘാതമേറ്റ വിഭാഗങ്ങളെക്കുറിച്ചോ തങ്ങളുടെ പക്കൽ പൂർണവിവരമില്ലെന്നാണ്. അതിനാൽ പ്രയാസങ്ങൾ നേരിട്ടവർക്കു സഹായം എത്തിക്കാനും ബുദ്ധിമുട്ടുണ്ട് എന്നാണ് സർക്കാർ പറഞ്ഞത്. ഇങ്ങനെ ജീവനോപാധികൾ നഷ്ടമായവരിൽ വലിയ പങ്കു ആദിവാസികളോ മറ്റു വനവാസി വിഭാഗങ്ങളോ ആണെന്ന് കാണാം. കാരണം ഈ ജനവിഭാഗങ്ങൾ തൊഴിലും മറ്റു സൗകര്യങ്ങളും തേടി നഗരങ്ങളിലേക്ക് ചേക്കേറുന്നതു പതിവാണ്.

പലകാലങ്ങളായി, പലകാരണങ്ങളാൽ ആദിവാസി ജനവിഭാഗങ്ങൾ അവരുടെ പരമ്പരാഗത ജീവിതപരിസരങ്ങളിൽ അന്യരാകുകയും പ്രതിസന്ധി നേരിടുകയുമാണ്. ആദിവാസി പ്രദേശങ്ങളിൽ പ്രവേശിക്കാനും അവിടെ തൊഴിൽ ചെയ്യാനും അതിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കാനുമുള്ള അവരുടെ അവകാശങ്ങൾ തടയപ്പെട്ടിരുന്നു. പ്രകൃതിദത്തമായ ജീവനമാർഗങ്ങളെ വികസിപ്പിക്കാനും സംരക്ഷിക്കാനും അവർക്കു പിന്തുണ ലഭിക്കുകയുണ്ടായില്ല. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയടക്കം ക്ഷേമപദ്ധതികൾ ശ്രദ്ധയോടെ നടപ്പാക്കപ്പെട്ടില്ല. വ്യവസായിക ആവശ്യങ്ങൾക്കും ഖനനത്തിനുമായി ആദിവാസിഭൂമികൾ അവരുടെ എതിർപ്പിനെ തൃണവൽഗണിച്ചു മാറ്റിക്കൊടുത്തു. അവരുടെ ഇന്നത്തെ സാമ്പത്തികവും സാമൂഹികവും പാരിസ്ഥിതികവുമായ ദുരിതങ്ങൾക്ക് ഇങ്ങനെ പല കാരണങ്ങളുണ്ട്. ആദിവാസികളും മറ്റു വനവാസികളും തങ്ങളുടെ പരമ്പരാഗത മേഖലകൾ വിട്ടു പുറത്തേക്കു പോകേണ്ടിവരുന്നത് അതുകൊണ്ടാണ്.

ആദിവാസികളും മറ്റു വനവാസികളും നേരിടുന്ന പ്രതിസന്ധികൾ മഹാമാരിയുടെ കാലത്തു കൂടുതൽ രൂക്ഷമായെന്നാണ് പ്രാഥമിക റിപ്പോർട്ടുകൾ കാണിക്കുന്നത്. വനഭൂമിയിൽ തൊഴിൽ സുരക്ഷക്കുള്ള പ്രതിബന്ധങ്ങളാണ് പ്രശ്നങ്ങൾക്ക് ഒരു പ്രധാനകാരണം. മുമ്പു മുതലേ നിലനിൽക്കുന്ന വേറെയും പ്രശ്നങ്ങളുണ്ട്. ആരോഗ്യപരിരക്ഷക്കുള്ള സൗകര്യക്കുറവ്,[2] ആരോഗ്യപ്രവർത്തകരുടെ അഭാവം, വിവരവിനിമയത്തിനുള്ള പരിമിതികൾ, പരമ്പരാഗത പരിരക്ഷാസംവിധാനങ്ങളുടെ തകർച്ച തുടങ്ങിയവ കാരണം അവരുടെ ഇടയിൽ മഹാമാരി കൂടുതൽ ഭയാനകമായി വ്യാപിച്ചു. അടച്ചിടൽ നടപടികൾ മിക്ക പ്രദേശങ്ങളിലും ജനജീവിതം ദുരിതമയമാക്കി. ഏതാണ്ട് പത്തുകോടി ആദിവാസികൾ തങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾക്കായി[3] വനവിഭവങ്ങളെ ആശ്രയിക്കുന്നുണ്ട്. ഈ വിഭവങ്ങളുടെ സംഭരണകാലമായ ഏപ്രിൽ മുതൽ ജൂൺ വരെയുള്ള മാസങ്ങളിലാണ് അടച്ചിടൽ നടപ്പിലാക്കിയത്.

ഇതൊക്കെയാണെങ്കിലും പ്രതിസന്ധികളെ നേരിടുന്നതിൽ ആദിവാസിവനവാസി സമൂഹങ്ങൾക്ക് സഹായകമായ നിരവധി പ്രവർത്തനങ്ങൾ സംബന്ധിച്ച ഉദാഹരണങ്ങളും ലഭ്യമാണ്. പ്രത്യേകിച്ചും നിയമപരമായ സംരക്ഷണം അവർക്കു ഉറപ്പാക്കുന്ന സന്ദർഭങ്ങളിൽ. രണ്ടു പ്രധാന നിയമങ്ങളിലൂടെ അവരുടെ

1. ndtv.com/india-news/no-data-on-migrant-deaths-so-no-compensation-government-to-parliament-2295409
2. http://tribalhealthreport.in/
3. https://trifed.tribal.gov.in/iipa

# മുഖവുര




അവകാശങ്ങൾ ഉറപ്പിച്ചതാണ് പ്രധാനമായി പരിഗണിക്കേണ്ടത്. ആദിവാസി വനാവകാശ നിയമവും (2006) പഞ്ചായത്ത് എക്സ്റ്റൻഷൻ ടു ഷെഡ്യൂൾഡ് ഏരിയാസ് (പെസ) നിയമവും (1996) ആണ് ഈ നിയമങ്ങൾ. ആദിവാസികൾക്കും മറ്റു വനവാസി സമൂഹങ്ങൾക്കും അവരുടെ ഭൂമിയിലും വിഭവങ്ങളിലും അവകാശം ഉറപ്പാക്കിയ നിയമങ്ങളാണത്. പ്രതിസന്ധികളെ മറികടക്കാൻ ഈ നിയമങ്ങൾ അവർക്ക് വലിയ സഹായം നൽകി.

മഹാമാരിയുടെ നാളുകളിൽ പിടിച്ചുനിൽക്കാൻ ജനങ്ങളെ സഹായിച്ച ഘടകങ്ങൾ സംബന്ധിച്ച ചില ഉദാഹരണങ്ങളാണ് ഈ പഠനത്തിൽ ഉൾപ്പെടുത്തിയത്. സാമൂഹിക ശാക്തീകരണവും ഭൂമിയിൽ നിയമപരിരക്ഷ നൽകലും വഴി പാരിസ്ഥിക സംതുലനത്തിനും ജീവനക്ഷമമായ സമ്പദ്വ്യവസ്ഥയുടെ സംസ്ഥാപനത്തിനും ദുർബല സമൂഹങ്ങളുടെ നിലനില്പിനും പ്രാകൃതികമോ മനുഷ്യനിർമിതമോ ആയ പ്രതിസന്ധികളെ ചെറുത്തുനിൽക്കാനുള്ള അവരുടെ ശേഷി വർധിപ്പിക്കുന്നതിനും സാധ്യമാണ് എന്നു ഈ പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. കോവിഡ് 19 കാലത്തെ അനുഭവങ്ങൾ അതാണു തെളിയിക്കുന്നത്.

1 ഗുജറാത്തിലെ നർമദ
2 മഹാരാഷ്ട്രയിലെ ഗോന്ധ്യ
3 ഛത്തിസ്ഗഢിലെ രാജ്നന്ദ്ഗാവ്
4 മഹാരാഷ്ട്രയിലെ ധുലെ
5 ഗുജറാത്തിലെ കച്ച്

# മുഖവുര

6 മഹാരാഷ്ട്രയിലെ നന്ദുർബർ
7 പശ്ചിമ ബംഗാളിലെ അലിപുർദ്വാർ
8 മധ്യപ്രദേശിലെ ദിൻദോറി
9 കർണാടകയിലെ ചാമരാജ്നഗർ
10 ഒഡിഷയിലെ നയാഗഡ്




*ഭരണഘടനയുടെ അഞ്ചാം ഷെഡ്യൂൾ അനുസരിച്ച് ഒമ്പത് സംസ്ഥാനങ്ങളിലെ ആദിവാസി ഭൂരിപക്ഷമുള്ള തും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന തുമായ പ്രദേശങ്ങൾ ഷെഡ്യൂൾ പട്ടികയിൽ വരുന്നു. ഇത്തരം പ്രദേശങ്ങളിൽ പെസ 1996 നിയമം വഴി ഗ്രാമസഭകൾ സ്വയം ഭരണ അവകാശം നേടിയിരിക്കുന്നു.*

| | | | | |
|---|---|---|---|---|
| 1 ഗുജറാത്തിലെ നർമദ | 2 മഹാരാഷ്ട്രയിലെ ഗോന്ധ്യ | 3 ഛത്തിസ്ഗഢിലെ രാജ്നന്ദ്ഗാവ് | 4 മഹാരാഷ്ട്രയിലെ ധുലെ | 5 ഗുജറാത്തിലെ കച്ച് |
| 6 മഹാരാഷ്ട്രയിലെ നന്ദുർബർ | 7 പശ്ചിമ ബംഗാളിലെ അലിപുർദ്വാർ | 8 മധ്യപ്രദേശിലെ ദിൻദോരി | 9 കർണാടകയിലെ ചാമരാജ്നഗർ | 10 ഒഡിഷയിലെ നയാഗഢ് |

# പശ്ചാത്തലം

ദീർഘകാലം നീണ്ട ആദിവാസി സമരങ്ങളുടെ ഫലമായാണ് 2006ലെ ഷെഡ്യൂൾഡ് ട്രൈബ്സ് & അദർ ട്രഡീഷണൽ ഫോറസ്റ്റ് ഡ്വല്ലേഴ്സ് (റെക്കഗ്നിഷൻ ഓഫ് ഫോറസ്റ്റ് റൈറ്റ്സ്) നിയമം അഥവാ ആദിവാസി വനാവകാശ നിയമം ഇന്ത്യയിൽ നടപ്പിലായത്. ചരിത്രപരമായി ആദിവാസികളും മറ്റു വനവാസി സമൂഹങ്ങളും നേരിട്ട കടുത്ത അനീതികളെ ഇല്ലായ്മ ചെയ്യുകയാണ് നിയമത്തിലൂടെ ലക്ഷ്യമാക്കുന്നത്. വനങ്ങളിലും വനവിഭവങ്ങളിലുമുള്ള അവരുടെ അവഗണിക്കപ്പെട്ട അവകാശം നിയമം അംഗീകരിച്ചു നടപ്പിൽ വരുത്തുന്നു. വനങ്ങളിലും കൃഷിഭൂമികളിലും ആദിവാസി വ്യക്തികളുടെ അവകാശങ്ങളും സമൂഹങ്ങളുടെ പൊതു അവകാശങ്ങളും നിയമം സംരക്ഷിക്കുന്നു. വനഭൂമികളിൽ കഴിഞ്ഞുകൂടാനുള്ള അവകാശങ്ങളും വനവിഭവങ്ങളിലുള്ള അവകാശങ്ങളും ഇതിൽ ഉൾപ്പെടുന്നു. വനങ്ങളുടെ പാരിസ്ഥിതികമായ നിലനിൽപിന് ആദിവാസി വിഭാഗങ്ങളുടെ നിലനില്പും പങ്കാളിത്തവും അനിവാര്യമാണെന്ന് നിയമം അംഗീകരിക്കുന്നു. ജൈവവൈവിധ്യവും പാരിസ്ഥിതിക സന്തുലനവും ഉറപ്പാക്കുന്നതിൽ അവരുടെ ഉത്തരവാദിത്വങ്ങളും അവകാശങ്ങളും നിയമം അക്കമിട്ടു പറയുന്നു. അതിന്റെ ഫലമായി ബന്ധപ്പെട്ട സാമൂഹിക വിഭാഗങ്ങളുടെ നിലനില്പും ഭക്ഷ്യസുരക്ഷയും സംരക്ഷിക്കപ്പെടുകയും വനങ്ങളുടെ പാരിസ്ഥിതികവും ജൈവവുമായ സവിശേഷതകൾ നഷ്ടമാകാതെ നിലനിർത്തുകയും ചെയ്യുന്നു.

ആദിവാസികൾക്കും മറ്റു വനവാസി സമൂഹങ്ങൾക്കും നിർണിതമായ അതിർത്തികളുള്ള വനപ്രദേശങ്ങളിലും നാടോടി സമൂഹങ്ങൾക്കു കാലാകാലങ്ങളിൽ വിവിധ വനപ്രദേശങ്ങളിൽ ഉള്ള അവകാശങ്ങളും സംരക്ഷിക്കുന്നതു സാമൂഹിക വനവിഭവ അവകാശങ്ങൾ (സിഎഫ്ആർ) വകുപ്പുകൾ വഴിയാണ്. ഉദാഹരണത്തിന്, കന്നുകാലികളെ മേയ്ക്കുന്ന നാടോടി സമൂഹങ്ങൾ വർഷത്തിൽ ചില നിശ്ചിതസമയങ്ങളിൽ മാത്രമാണ് കാലികളെയും കൊണ്ടു വനമേഖലകളിലും സംരക്ഷിതപ്രദേശങ്ങളിലും ദേശീയ ഉദ്യാന പ്രദേശങ്ങളിലും എത്തിച്ചേരുന്നത്. വിഭവങ്ങളുടെ ഉപയോഗത്തിനും ഭാവിയിലേക്കു അവയുടെ പുനരുജ്ജീവനത്തിനും നിലനില്പിനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ നിയമത്തിന്റെ 3(1) (i) വകുപ്പു ആദിവാസികൾക്കും വനവാസികൾക്കും അവകാശം നൽകുന്നുണ്ട്. നിയമത്തിന്റെ അഞ്ചാം വകുപ്പിൽ ഗ്രാമസഭകൾക്കു ഇത്തരം വിഭവങ്ങളുടെയും ജലം തുടങ്ങിയവ പൊതുവിഭവങ്ങളുടെയും ഉപയോഗം, പുനരുജ്ജീവനം, നിലനിൽപ്, ഉപഭോഗ നിയന്ത്രണം എന്നിവയിൽ അവകാശം ഉറപ്പാക്കുന്നു. അതേപോലെ, ഇത്തരം മേഖലകളിലെ സമൂഹങ്ങളുടെ സാംസ്കാരികവും വിശ്വാസപരവുമായ പൈതൃക അവകാശങ്ങളെയും നിയമം സംരക്ഷിക്കുന്നുണ്ട്. അത്തരം പൈതൃകങ്ങൾക്കു ഹാനി വരുത്തുന്ന എല്ലാ ഇടപാടുകളും നിയമം തടയുന്നു.

പ്രാദേശിക സ്വയംഭരണത്തിന്റെ അടിസ്ഥാനഘടകമായി വർത്തിക്കുന്നത് ഗ്രാമസഭകളാണ്. വനാവകാശങ്ങൾ സംബന്ധിച്ച തീരുമാനങ്ങളെടുക്കാനുള്ള അവകാശം ഗ്രാമസഭകൾക്കാണ് നിയമം നൽകുന്നത്. ഓരോ ഗ്രാമസഭയിലെയും അംഗങ്ങളിൽ മൂന്നിലൊന്നു സ്ത്രീകളായിരിക്കണം എന്നും വ്യവസ്ഥയുണ്ട്. അതേപോലെ, ചെറുകിട ജല സ്രോതസ്സുകളുടെ നിയന്ത്രണം, ആസൂത്രണം, ഭരണം (വകുപ്പ് 4 (ജെ), ചെറുകിട വനവിഭവനങ്ങളുടെ ഉപയോഗവും നിയന്ത്രണവും (വകുപ്പ് 4 (എം ) (ii), മറ്റു വിഭവങ്ങൾ (വകുപ്പ് 4 (എം ) (vii) എന്നിവയും ഗ്രാമസഭകളുടെ ചുമതലയാണ്. സാമൂഹിക വിഭവങ്ങളുടെ സംരക്ഷണത്തിൽ ഗ്രാമസഭകളുടെ അവകാശങ്ങൾ 1996ലെ പെസ നിയമത്തിൽ വിവരിക്കുന്നുണ്ട്. ലഭ്യമാകുന്ന ധനം സംബന്ധിച്ച കണക്കുകൾ സൂക്ഷിക്കുന്നതും ഗ്രാമസഭയാണ്. ഗ്രാമവിഭവങ്ങളുടെയോ ചെറുകിട ധാതുക്കളുടെയോ ശേഖരണവും വിപണനവും വഴിയും സംഭാവനകളായും മറ്റു ഏതെങ്കിലും രീതിയിലും പൊതു ആവശ്യങ്ങൾക്കു ലഭ്യമാകുന്ന ധനം സംബന്ധിച്ച കണക്കുകളാണ് ഗ്രാമസഭ സൂക്ഷിക്കുന്നത്. ഇത്തരം ഫണ്ടുകളുടെ ഉപയോഗവും വിതരണവും സംബന്ധിച്ച കാര്യങ്ങളും ഗ്രാമസഭയുടെ നിയന്ത്രണത്തിലാണ്.

1 ഗുജറാത്തിലെ നർമദ

2 മഹാരാഷ്ട്രയിലെ ഗോന്ധ്യ

3 ഛത്തിസ്ഗഢിലെ രാജ്നന്ദ്ഗാവ്

4 മഹാരാഷ്ട്രയിലെ ധുലെ

5 ഗുജറാത്തിലെ കച്ച്

# പശ്ചാത്തലം

6 മഹാരാഷ്ട്രയിലെ നന്ദുർബർ

7 പശ്ചിമ ബംഗാളിലെ അലിപുർദ്വാർ

8 മധ്യപ്രദേശിലെ ദിൻദോറി

9 കർണാടകയിലെ ചാമരാജ്നഗർ

10 ഒഡിഷയിലെ നയാഗഡ്

സാമൂഹിക വനവിഭവ മാനേജ്മെന്റ് കമ്മിറ്റികൾ (സിഎഫ്ആർഎംസി ) എന്നു അറിയപ്പെടുന്ന കമ്മിറ്റികൾക്ക് ഗ്രാമസഭകൾ രൂപം കൊടുക്കുന്നത് നിയമത്തിന്റെ 4 (1) (ഇ ) വകുപ്പ് അനുസരിച്ചാണ്. ഈ സമിതികൾ വന്യജീവികളുടെയും വനജൈവവൈവിധ്യ സംരക്ഷണത്തിന്റെയും ചുമതലകൾ നിയമത്തിന്റെ അഞ്ചാംവകുപ്പിൽ പറയുന്നതു പ്രകാരം നിർവഹിക്കണം. ഈ കമ്മിറ്റികളുടെ പ്രവർത്തനപരിശോധനയും നിയന്ത്രണവും വകുപ്പ് 4 (1) (എഫ്) പ്രകാരം ഗ്രാമസഭകളുടെ ചുമതലയാണ്. സാമൂഹിക വനാവകാശങ്ങളുടെ ഉപയോഗവും നിയന്ത്രണവും സംബന്ധിച്ച പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ഗ്രാമസഭകളാണ്.

2020 മാർച്ച് മദ്ധ്യം മുതൽ ജൂൺ മദ്ധ്യം വരെയുള്ള മാസങ്ങളിൽ ഓരോ ആദിവാസി കുടുംബത്തിനും ശരാശരി 50,000 രൂപ വരെ വരുമാന നഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്. സാധാരണനിലയിൽ കൃഷിപ്പാടങ്ങളിലോ മറ്റുമേഖലകളിലോ തൊഴിൽ തേടി ഗ്രാമീണർ ഗ്രാമം വിട്ടു പോകുന്ന സമയമാണത്. അവർക്കു 20,000 മുതൽ 40,000 രൂപ വരെ കൂലി ലഭിക്കും. പുറമെ ദേശീയ തൊഴിൽദാന പദ്ധതിയുടെ ഭാഗമായും കുടുംബത്തിൽ ഒരാൾക്കെങ്കിലും 5000 രൂപ വരെ പ്രതിമാസം ലഭിക്കുന്നതാണ്. മാത്രമല്ല വേനൽക്കാല വിളവെടുപ്പിലെ വിഭവങ്ങൾ ചോളം, പച്ചപ്പയറ്, പച്ചക്കറികൾ തുടങ്ങിയവ കമ്പോളത്തിൽ വിറ്റും അവർ വരുമാനം നേടുന്ന അവസരത്തിലാണ് അടച്ചിടൽ വന്നത്.

മാർച്ച് ജൂൺ മാസങ്ങളാണ് വനവിഭവങ്ങൾ ശേഖരിച്ചു അവർ വരുമാനം നേടുന്നതും. മുളയും ടെണ്ടു ഇലകളുമാണ് പ്രധാന വനവിഭവങ്ങൾ. ഫെബ്രുവരി മുതൽ മെയ് വരെയാണ് സംഭരണകാലം. കഴിഞ്ഞ വർഷവും ഈ വർഷവുമായി ശേഖരിച്ച മുളയും മറ്റും ഗ്രാമങ്ങളിലും തെരുവോരങ്ങളിലും കുന്നുകൂടിക്കിടന്നു. മുള വില്പനക്ക് കൊണ്ടുപോകാനിരിക്കെയാണ് വൈറസ് ബാധയും അടച്ചിടലും വന്നത്. അതിന്റെ ഫലമായി ഗ്രാമസഭകളും കുടുംബങ്ങളും വലിയ നഷ്ടം നേരിട്ടു. ശേഖരിച്ച ടെണ്ടു ഇലകളും വിൽക്കാൻ കഴിഞ്ഞില്ല.സാധാരണ വനവികസന കോർപറേഷനുമായി ചേർന്നാണ് ലേലംവഴി ഗ്രാമസഭ വില്പന നടത്തുന്നത്. സ്ത്രീകൾക്ക് ലഭിച്ചുവന്ന ഒരു വരുമാനമാർഗം കൂടി അതോടെ അടഞ്ഞു. സാധാരണനിലയിൽ 5000 മുതൽ 10,000 വരെ രൂപ ഒരാൾക്ക് ഓരോ സീസണിലും ലഭിക്കുന്നതാണ്. പുറമെ കഞ്ചി,ഗാൽവേദ, ബഹീദ തുടങ്ങിയ വനവിഭവങ്ങളും ശേഖരിച്ചു വിൽക്കാറുണ്ട്.

1 ഗുജറാത്തിലെ നർമദ
2 മഹാരാഷ്ട്രയിലെ ഗോന്ഡ്യ
3 ഛത്തിസ്ഗഢിലെ രാജ്നന്ദ്ഗാവ്
4 മഹാരാഷ്ട്രയിലെ ധുലെ
5 ഗുജറാത്തിലെ കച്ച്
6 മഹാരാഷ്ട്രയിലെ നന്ദുർബർ
7 പശ്ചിമ ബംഗാളിലെ അലിപുർദ്വാർ
8 മധ്യപ്രദേശിലെ ദിൻദോറി
9 കർണാടകയിലെ ചാമരാജ്നഗർ
10 ഒഡിഷയിലെ നയാഗഡ്


# ഗുജറാത്തിലെ നർമദ:
## പാർശ്വവത്കൃത സമൂഹങ്ങൾക്ക് പിന്തുണ

—— വിഷയങ്ങൾ ——

**ഗ്രാമസഭാ ഭരണം, അരികുകളിലെ സമൂഹങ്ങൾക്ക് പിന്തുണ, വനസംരക്ഷണം**





*(ഇടത്ത്) ആദിവാസികൾ സാമൂഹികവന പരിപാടികൾ ചർച്ച ചെയ്യുന്നു*
*(വലത്ത്) സമൂഹികവനം മാപ്പിങ് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു*

നർമദാ ജില്ലയിലെ ദൈദ്യപാദ ബ്ലോക്ക് പ്രദേശത്തെ കിഴക്കൻ മൂലയിലെ 24 ഗ്രാമങ്ങളെക്കുറിച്ചാണ് ഇവിടെ വിവരിക്കുന്നത്. അവയെല്ലാം ആദിവാസികൾ മാത്രം അധിവസിക്കുന്ന പ്രദേശങ്ങളാണ്. അവരിലധികവും വസവ വിഭാഗത്തിൽ പെട്ടവരാണ്; എന്നാൽ രണ്ടു ഗ്രാമങ്ങളിൽ കുറച്ചുകുടുംബങ്ങൾ തദ്വി സമുദായക്കാരുമുണ്ട്. ഗ്രാമങ്ങൾ ശൂൽപനേശ്വർ ദേശീയ ഉദ്യാനത്തിന്റെ ഭാഗമാണ്; മൂന്നുഘട്ടങ്ങളിലായി 1982, 1987, 1989 വർഷങ്ങളിലാണ് ഗ്രാമങ്ങൾ ഉദ്യാനത്തിന്റെ ഭാഗമായി പ്രഖ്യാപിക്കപ്പെട്ടത്. മൊത്തം 61,542.40 ഹെക്ടർ വനഭൂമി, അതിൽ 104 ഗ്രാമങ്ങൾ. അവയിൽ 25ൽ ഇപ്പോൾ ആൾതാമസമില്ല.

വനംവകുപ്പ് ഉദ്യോഗസ്ഥരുടെയും സ്ഥലത്തെ പേപ്പർ മിൽ ഫാക്ടറിയുടെയും ഉപദ്രവങ്ങൾ സഹിച്ചാണ് ആദിവാസികൾ കഴിഞ്ഞുവന്നത്.എന്നാൽ 2006ൽ ആദിവാസി വനാവകാശ നിയമം വന്നതോടെ തങ്ങളുടെ നില മെച്ചപ്പെടുത്താനുള്ള സാധ്യത തെളിഞ്ഞുവരുന്നതായി ആദിവാസികൾ മനസ്സിലാക്കി. വർഷങ്ങൾ നീണ്ടുനിന്ന സമരങ്ങൾക്ക് ശേഷം 201314ൽ അവർക്കു പ്രദേശത്തെ മൊത്തം 19,220 ഹെക്ടർ വനഭൂമിയിൽ അവകാശം നൽകുന്ന അധികാരപത്രം നിയമത്തിലൂടെ ലഭ്യമായി. ഗുജറാത്തിലെ മറ്റുജില്ലകളിൽ നിന്നു വ്യത്യസ്തമായി, വനാവകാശ നിയമത്തിലെ എല്ലാ വകുപ്പുകളും ഉൾപ്പെടുത്തിയാണ് അധികാരപത്രങ്ങൾ നൽകിയത്. ഗ്രാമസഭ ചേർന്നു സാമൂഹിക വനാവകാശ സംരക്ഷണ സമിതിയെ തിരഞ്ഞെടുത്തു. അതിൽ മൂന്നിലൊന്നു സ്ത്രീകളെയും ഉൾപ്പെടുത്തി.

2020 മാർച്ച് മുതൽ ജൂൺ വരെ ഗ്രാമത്തിലെ ഓരോ കുടുംബത്തിനും ശരാശരി 50,000രൂപയുടെ വരുമാനനഷ്ടം ഉണ്ടായിട്ടുണ്ട്. കൃഷിപ്പണിക്കോ നഗരങ്ങളിൽ മറ്റു പണികൾക്കോ അവർ പുറത്തുപോകുന്ന കാലമാണിത്. സാധാരണ ഒരു കുടുംബത്തിനു 20,000 മുതൽ 40,000 വരെ രൂപ വരുമാനമുണ്ടാകും. പുറമെ ഗ്രാമീണ തൊഴിൽദാന പദ്ധതി വഴി ഒരാൾക്കെങ്കിലും ജോലിക്കു സാധ്യതയുള്ളതിനാൽ അതിൽനിന്നും 5000

## ഗുജറാത്തിലെ നർമദ:
## പാർശ്വവത്കൃത സമൂഹങ്ങൾക്ക് പിന്തുണ



രൂപയോളം ലഭിക്കും. വേനൽക്കാല കാർഷികവിളകളുടെ വിളവെടുപ്പു വഴിയും വരുമാനം ലഭിക്കുന്ന സമയമാണിത്. ചോളം, പച്ചപ്പട്ടാണി, പച്ചക്കറികൾ തുടങ്ങിയവയാണ് അവരുടെ വിളകൾ. ഇത്തവണ അതൊക്കെ പകുതിവിലയ്ക്കു വിറ്റൊഴിവാക്കേണ്ടി വന്നു.

മുള, ടെണ്ടു ഇലകൾ തുടങ്ങിയ വനവിഭവങ്ങൾ ശേഖരിച്ചത് വില്പന നടത്തുന്ന സമയവുമാണിത്. രണ്ടു വിഭവങ്ങളും വനത്തിൽ നിന്നു ശേഖരിക്കുന്നതു ഫെബ്രുവരി മുതൽ മെയ് വരെയാണ്. ശേഖരിച്ച മുള ഗ്രാമങ്ങളിലെ വെളിപ്രദേശങ്ങളിലും നിരത്തുവക്കിലും കുന്നുകൂടിക്കിടന്നു. സ്ഥലത്തെ പേപ്പർ ഫാക്ടറിക്കാണ് മുള നൽകുന്നത്. അതിനിടയിലാണ് കൊറോണാബാധയും അടച്ചിടലും വന്നത്. അതു മിക്ക കുടുംബങ്ങൾക്കും ഗ്രാമസഭകൾക്കും വലിയ നഷ്ടം വരുത്തി. ടെണ്ടു ഇലകൾ വനവികസന കോർപറേഷനുമായി ചേർന്നാണ് ഗ്രാമസഭകൾ ലേലം ചെയ്യുന്നത്. ഇത്തവണ അതും സാധ്യമായില്ല. സ്ത്രീകൾക്കാണ് അതിന്റെ നഷ്ടം നേരിട്ടത്. കാട്ടിൽനിന്നു ഇലകൾ സംഭരിച്ചു ഓരോ സീസണിലും 5000 മുതൽ 10,000 രൂപ വരെ അവർ നേടാറുണ്ട്. സ്ത്രീകളും കുട്ടികളും മറ്റു പല വിഭവങ്ങളും കാട്ടിൽ നിന്നു ശേഖരിക്കാറുണ്ട്. കഞ്ചി,ഗാൾവേദ, ബഹിദ തുടങ്ങിയവ ഉദാഹരണം.

വലിയ സാമ്പത്തിക നഷ്ടമാണ് ഇത്തവണ ഗ്രാമീണർ നേരിട്ടത്. അതേസമയം, ഗ്രാമസഭകൾ അധികാര വികേന്ദ്രീകരണ പ്രക്രിയയുടെ പ്രധാന കേന്ദ്രങ്ങളായി മാറിയതും ഈ അവസരത്തിൽ തന്നെയാണ്. ഗോവാലിയകൾ എന്നറിയപ്പെടുന്ന നാടോടി വിഭാഗത്തിൽ പെട്ട ഇടയകുടുംബങ്ങൾ പല ഗ്രാമങ്ങളിലും ഭക്ഷണത്തിനു തന്നെ പ്രയാസപ്പെടുന്നുണ്ടായിരുന്നു. അവർ കൃഷിപ്പണികളിൽ ഏർപ്പെടാറില്ല. ഒന്നുകിൽ നിത്യതൊഴിൽ, അല്ലെങ്കിൽ വനവിഭവ ശേഖരണം അതാണ് അവരുടെ വരുമാന മാർഗം. ഗ്രാമത്തിലെ വനവിഭവ സംരക്ഷണ സമിതിയിലെ അംഗങ്ങൾ അത്തരം കുടുംബങ്ങളെ അന്വേഷിച്ചു കണ്ടെത്തി. പല ഗ്രാമസഭകൾക്കും കാര്യമായ വരുമാനം ഒന്നും ഇല്ലാതിരുന്നതിനാൽ അവർ ഭക്ഷ്യവിഭവങ്ങളും ധാന്യങ്ങളും ശേഖരിച്ചു വിതരണം നടത്തി. ആർച് വാഹിനി എന്ന സന്നദ്ധ സംഘടനയുടെ സഹായത്തോടെ മൂന്നു മാസത്തെ റേഷനും അവർക്കു എത്തിച്ചു കൊടുത്തു. എണ്ണയും മറ്റു വിഭവങ്ങളും അടക്കമുള്ള റേഷൻ 116 ഗോവാലിയ കുടുംബങ്ങൾക്കു ലഭ്യമാക്കി.

അടച്ചിടൽ നിയമങ്ങൾ കാരണം ഗ്രാമസഭാ യോഗങ്ങൾ നടത്താൻ കഴിഞ്ഞില്ലെങ്കിലും മുൻനിശ്ചയമനുസരിച്ചു തങ്ങളുടെ അധീനത്തിലുള്ള ഭൂമിയിൽ കൃഷിപ്പണിക്കുള്ള ഒരുക്കങ്ങൾ ഗ്രാമീണർ നടത്തി. അതിനായി അവർ ട്രാക്ടർ കൊണ്ടുവരികയും ചെയ്തു. കുടുംബങ്ങളുടെ ഭൂമിയിലും പൊതുഭൂമിയിലും ട്രാക്ടർ ഉപയോഗിച്ചു ഉഴുതലിനു ഗ്രാമസഭാ ഫണ്ടുകളാണ് പ്രയോജനപ്പെട്ടത്. തങ്ങളുടെ അധീനതയിലുള്ള വനഭൂമിയുടെ സംരക്ഷണത്തിന് അവർ വലിയ ശ്രദ്ധയാണ് നൽകിയത്. ആരെങ്കിലും അടച്ചിടൽ നിയമങ്ങൾ ലംഘിക്കുന്നുണ്ടോ എന്നു പരിശോധിക്കാനായി ഓരോ ഗ്രാമത്തിലും മൂന്നും നാലും പേരടങ്ങിയ സംഘങ്ങൾ ജാഗ്രത പാലിക്കുകയും ചെയ്തിരുന്നു.

1980 മുതൽ പ്രദേശത്തു പ്രവർത്തിക്കുന്ന ആർച് വാഹിനിയുടെ സന്നദ്ധ പ്രവർത്തക തൃപ്തി മേത്ത പറയുന്നത് ഇങ്ങനെയാണ്: *ഇത്രയും കാലം വിഷമം പിടിച്ച നാളുകളിലൂടെയാണ് ഗ്രാമീണർ കടന്നുപോയത്. ഇത്തവണ ആർക്കും സങ്കൽപ്പിക്കാൻ കഴിയാത്ത പ്രതിസന്ധികളും വെല്ലുവിളികളുമാണ് അവർ നേരിട്ടത്. അതാണ് കോവിഡ് 19 മഹാമാരിയുടെ അനുഭവം. അടച്ചിടൽ കടുത്ത പ്രശ്നങ്ങളാണ് അവർക്കു നൽകിയത്. ഭക്ഷണമില്ലാത്തതായിരുന്നില്ല മിക്ക കുടുംബങ്ങളുടെയും പ്രശ്നം. പല തരത്തിൽ ലഭിക്കുന്ന വരുമാനത്തിൽ പകുതിയോളം നഷ്ടമായതാണ് അവരെ പ്രയസത്തിലാക്കിയത്. എന്നാൽ ഇതേ സന്ദർഭത്തിൽ തന്നെയാണ് ഗ്രാമസഭകൾ സജീവമായി രംഗത്തുവന്നത്. വനവിഭവങ്ങളുടെ സംരക്ഷണ*

1 ഗുജറാത്തിലെ നർമദ
2 മഹാരാഷ്ട്രയിലെ ഗോണ്ഡ്യ
3 ഛത്തിസ്ഗഢിലെ രാജ്നന്ദ്ഗാവ്
4 മഹാരാഷ്ട്രയിലെ ധുലെ
5 ഗുജറാത്തിലെ കച്ച്

## ഗുജറാത്തിലെ നർമദ:
### പാർശ്വവത്കൃത സമൂഹങ്ങൾക്ക് പിന്തുണ

6 മഹാരാഷ്ട്രയിലെ നന്ദുർബർ
7 പശ്ചിമ ബംഗാളിലെ അലിപുർദ്വാർ
8 മധ്യപ്രദേശിലെ ദിൻദോറി
9 കർണാടകയിലെ ചാമരാജ്നഗർ
10 ഒഡിഷയിലെ നയാഗഡ്

വും നിയന്ത്രണവും അവർ ഏറ്റെടുത്തു. ഈ പ്രവർത്തനങ്ങൾ ജനാധിപത്യപരമായും സുതാര്യമായും അവർ മുന്നോട്ടുകൊണ്ടുപോവുക എന്നതാണ് ഇപ്പോൾ പ്രധാന സംഗതി. വനങ്ങളുടെ സംരക്ഷണത്തിനും കുടുംബങ്ങളുടെ ഭാവിക്കും അതു പ്രധാനമാണ്.



സാമൂഹിക വനാവകാശ പ്രദേശങ്ങളിൽ ജലവിഭവങ്ങൾ ഉപയോഗപ്പെടുത്തുന്നു

1 ഗുജറാത്തിലെ നർമദ | 2 മഹാരാഷ്ട്രയിലെ ഗോണ്ഡ്യ | 3 ഛത്തിസ്ഗഢിലെ രാജ്നന്ദ്ഗാവ് | 4 മഹാരാഷ്ട്രയിലെ ധുലെ | 5 ഗുജറാത്തിലെ കച്ച്

## മഹാരാഷ്ട്രയിലെ ഗോണ്ഡ്യ:
### ഫെഡറേഷൻ വഴി വനവിഭവ ശേഖരണവും ഉപജീവനവും

6 മഹാരാഷ്ട്രയിലെ നന്ദുർബർ | 7 പശ്ചിമ ബംഗാളിലെ അലിപുർദ്വാർ | 8 മധ്യപ്രദേശിലെ ദിൻദോറി | 9 കർണാടകയിലെ ചാമരാജ്നഗർ | 10 ഒഡിഷയിലെ നയാഗഡ്

— വിഷയങ്ങൾ —

**ചെറുകിട വനവിഭവങ്ങൾ ഉപയോഗിച്ചു ഉപജീവനം,**
**ഗ്രാമസഭാ ഫെഡറേഷനുകളുടെ ഭരണ സംവിധാനം**




*(ഇടത്ത്) വനത്തിൽനിന്നു തെണ്ടു ഇലകൾ ശേഖരിക്കുന്നു*
*(വലത്ത്) സാമൂഹിക അകലം പാലിച്ചു വനിതകൾ വനവിഭവങ്ങൾ ശേഖരിക്കുന്നു*

ഗോണ്ട്യ ജില്ലയിലെ ജനങ്ങളിൽ 75 ശതമാനവും ആദിവാസികളാണ്; പ്രധാനമായും ഗോണ്ട്, ഹൽബാ സമുദായക്കാർ. ഇവിടെ 250ലേറെ ഗ്രാമങ്ങൾക്ക് വനഭൂമിയിൽ നിയമപരമായ അവകാശം സിദ്ധിച്ചിട്ടുണ്ട്. ദിയോറി ബ്ലോക്കിൽ 25ലേറെ ഗ്രാമങ്ങൾ ചേർന്നു വനവിഭവങ്ങളുടെ ശേഖരണവും വിപണനവും ലക്ഷ്യമിട്ടു ഒരു ഫെഡറേഷനു രൂപം നൽകിയിട്ടുണ്ട്. ഗ്രാമസഭകളെ സഹായിക്കുകയും പിന്തുണക്കുകയും ചെയ്യുന്ന തിരഞ്ഞെടുക്കപ്പെട്ട സമിതി എന്ന നിലയിലാണ് ഫെഡറേഷൻ പ്രവർത്തിക്കുന്നത്. അതിന്റെ ഭരണ സമിതിയിൽ അംഗങ്ങളായ 29 ഗ്രാമസഭകൾ തിരഞ്ഞെടുത്തയച്ച രണ്ടു വീതം പ്രതിനിധികളുണ്ട്; സാധാരണ ഗ്രാമസഭയുടെ പ്രസിഡണ്ടും സെക്രട്ടറിയുമാണ് ഫെഡറേഷനിൽ എത്തുന്നത്. വനവിഭവങ്ങൾ ശേഖരിക്കുന്ന സീസണിൽ ആദിവാസി,വനവാസി വിഭാഗക്കാർക്ക് ഓരോ വർഷവും 11 ദിവസത്തെ ജോലി ഫെഡറേഷൻ ഉറപ്പു വരുത്തുന്നുണ്ട്. അതേസമയം, ആദിവാസികളിൽ നിന്നു വനവിഭവങ്ങൾ ശേഖരിക്കുന്ന ഫോറസ്റ്റ് വകുപ്പ് ടെണ്ടുഇലകൾ പെറുക്കുന്ന സ്ത്രീകൾക്ക് രണ്ടോ മൂന്നോ ദിവസത്തെ വേതനം മാത്രമാണ് നൽകുന്നത്. വനംവകുപ്പിന്റെ കൂലിനിരക്കു 220 രൂപയാണ്; ബോണസ്സായി കൊടുക്കുന്നത് 25 രൂപയും. എന്നാൽ ആദിവാസി ഫെഡറേഷൻ നൽകുന്ന കൂലി 300 രൂപയാണ്. സീസണിൽ 200 രൂപ ബോണസായും നൽകും.

2020 മാർച്ചിൽ സമ്പൂർണ അടച്ചിടൽ പ്രഖ്യാപിച്ചപ്പോൾ ടെണ്ടുഇലകളും മഹ്വയും അടക്കമുള്ള വനവിഭവങ്ങൾ ശേഖരിക്കുന്നതിനെ സംബന്ധിച്ചു ദിയോറിയിലെ ആദിവാസികൾക്കിടയിൽ സംശയങ്ങൾ ഉയർന്നുവന്നു. കൂട്ടമായി ജോലിചെയ്യുകയും വിഭവങ്ങൾ ശേഖരിക്കുകയും എങ്ങനെ സാധ്യമാകും എന്ന വിഷയമാണ് അവരെ കുഴക്കിയത്. വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അനുമതി ഈ അവസരത്തിലാണ് ഫെഡറേഷൻ സർക്കാരിൽ നിന്നും നേടിയത്.

## മഹാരാഷ്ട്രയിലെ ഗോണ്ട്യ:
### ഫെഡറേഷൻ വഴി വനവിഭവ ശേഖരണവും ഉപജീവനവും



ധമടിതോല വനവിഭവ സംരക്ഷണ സമിതിയിലെ നാരായൺ സലാമി പറയുന്നു: സാധാരണനിലയിൽ ടെണ്ടുഇലകളും മഹ്വയും ആദിവാസികളുടെ പ്രധാന വരുമാനമാർഗങ്ങളാണ്. ഓരോ സീസണിലും ടെണ്ടുഇലയിൽ നിന്നും ഒരു കുടുംബത്തിനുള്ള വരുമാനം 15,000 മുതൽ 20,000 രൂപ വരെ വരും. ഇല ശേഖരണത്തിനു 11 ദിവസങ്ങളാണ് എടുക്കുന്നത്. മഹ്വ ശേഖരിക്കാൻ 30 ദിവസം വേണം. അതിൽ നിന്നുള്ള വരുമാനം 30,000 മുതൽ 40,000 രൂപ വരെയാണ്. ടെണ്ടു ഇലകൾ ഫെഡറേഷൻ വഴിയും മഹ്വ കുടുംബങ്ങൾ നേരിട്ടുമാണ് വിൽക്കുന്നത്. അടച്ചിടൽ തുടങ്ങിയ കാലത്തു മഹ്വയുടെ വില കിലോയ്ക്ക് 30 രൂപ. പിന്നീടതു 60 രൂപവരെ ഉയർന്നു.

ഇങ്ങനെ കിട്ടുന്ന വരുമാനം കടുംബങ്ങൾ ഉപയോഗിക്കുന്നതു അത്യാവശ്യ കാര്യങ്ങൾക്കും കൃഷിക്കു നിലമൊരുക്കാനും പണിക്കാർക്ക് കൂലികൊടുക്കാനും മറ്റുമാണ്. അടച്ചിടൽ കാലത്തു മൊത്തം 29 ഗ്രാമങ്ങളിലെ 5069 കുടുംബങ്ങളിലെ സ്ത്രീകളും പുരുഷന്മാരും വനവിഭവ ശേഖരണത്തിൽ പങ്കാളികളായി. എല്ലാവർക്കും അതിനു വേതനം ലഭിക്കുകയും ചെയ്തു. ഇത്തവണ ഉത്പന്നങ്ങൾ വാങ്ങാൻ കച്ചവടക്കാർ എത്തിയപ്പോൾ വിഭവങ്ങൾ ഗ്രാമത്തിനു പുറത്തു ഒരിടത്താണ് എത്തിച്ചത്. എല്ലാ ആളുകളും ഇടക്കിടെ കൈകഴുകലും സാമൂഹിക അകലം പാലിക്കലും ശീലമാക്കിയിരുന്നു.

അടച്ചിടൽ കാലത്തു ഫെഡറേഷനിലെ 29 ഗ്രാമങ്ങൾ വനവിഭവ ശേഖരണം വഴി സംഭരിച്ച മൊത്തം തുക 2.5 കോടി രൂപയാണ്. കോവിഡ് വ്യാപനത്തിനെതിരെ മുൻകരുതലുകൾ എടുത്തുകൊണ്ടാണ് അവർ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്. 2017ൽ ടെണ്ടുഇല വില്പനയിൽ നിന്നു കിട്ടിയ ലാഭം ഉപയോഗിച്ചു ഫെഡറേഷൻ ഗ്രാമത്തിൽ മഴവെള്ള സംഭരണി നിർമിക്കാൻ ഉപകരണങ്ങൾ വാങ്ങി. അതുമൂലം ഗ്രാമങ്ങളിൽ ഭൂഗർഭജലത്തിന്റെ ലഭ്യത വർധിച്ചിട്ടുണ്ട്; കൃഷി മെച്ചപ്പെടാനും അതിടയാക്കി. പ്രാദേശിക സന്നദ്ധസംഘമായ വിദർഭ പ്രകൃതി സംരക്ഷണ സൊസൈറ്റി പ്രവർത്തകർ സഹായവിതരണത്തിനായി എത്തിയപ്പോൾ ഇത്തവണ തങ്ങൾക്കു ഒന്നും വേണ്ടതില്ല എന്നു പറഞ്ഞു ഗ്രാമീണർ അതു മറ്റിടങ്ങളിലെ ആവശ്യക്കാർക്കു എത്തിക്കാൻ അഭ്യർത്ഥിക്കുകയായിരുന്നു.



*വനത്തിൽ നിന്നു ശേഖരിച്ച തെണ്ടു ഇലകളുമായി ആദിവാസി വനിത*

1 ഗുജറാത്തിലെ നർമദ
2 മഹാരാഷ്ട്രയിലെ ഗോന്ധ്യ
3 ഛത്തിസ്ഗഢിലെ രാജ്നന്ദ്ഗാവ്
4 മഹാരാഷ്ട്രയിലെ ധുലെ
5 ഗുജറാത്തിലെ കച്ച്
6 മഹാരാഷ്ട്രയിലെ നന്ദുർബർ
7 പശ്ചിമ ബംഗാളിലെ അലിപുർദ്വാർ
8 മധ്യപ്രദേശിലെ ദിൻദോറി
9 കർണാടകയിലെ ചാമരാജ്നഗർ
10 ഒഡിഷയിലെ നയാഗഢ്

# ഛത്തിസ്ഗഢിലെ രാജ്നന്ദ്ഗാവ്:

## ഗ്രാമസഭ വഴി ഭരണനിർവഹണം

**വിഷയങ്ങൾ**

**സാമൂഹിക വന ഭരണം, വനത്തിലെ ഭക്ഷ്യവിഭവങ്ങൾ, ചെറുകിട വനവിഭവങ്ങൾ വഴി ഉപജീവനം, പ്രതിസന്ധി നേരിടാനുള്ള വഴികൾ**





*(ഇടത്ത്) വനത്തിൽ നിന്നു ശേഖരിച്ച മഹുവാ പുഷ്പങ്ങൾ ശുദ്ധിയാക്കുന്നു*
*(വലത്ത്) സാമൂഹിക അകലം പാലിച്ചുകൊണ്ട് ചുമതലകൾ നിർവഹിക്കുന്നു*

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഗ്രാമസഭകൾ നിർവഹിച്ച പ്രവർത്തനം സംബന്ധിച്ചു സാമൂഹിക സംഘടനയായ സൃഷ്ടിയുടെ അംഗമായ കേശവ് ഗുർണിലെ പറയുന്നതു ഇങ്ങനെയാണ്: ഗ്രാമത്തിലെ മുഴുവൻ കുടുംബങ്ങൾക്കും ഭക്ഷ്യലഭ്യത ഗ്രാമസഭ ഉറപ്പുവരുത്തി. എത്രപേർക്കു പ്രതിദിനം ഭക്ഷണം വേണമെന്നും അതിനു എന്തു ചെലവു വരുമെന്നും അവർ കണക്കെടുത്തു. എല്ലാവർക്കും ഭക്ഷണം വിളമ്പാനുള്ള സൗകര്യവും ഗ്രാമസഭ ഏർപ്പാടാക്കി. പ്രവാസി തൊഴിലാളികൾ ഗ്രാമത്തിലേക്ക് മടങ്ങിവരുന്ന സാഹചര്യത്തിൽ ക്വാറന്റൈൻ സൗകര്യങ്ങൾ ഏർപ്പെടുത്താനും അവിടെ കഴിയുന്നവർക്കു ഭക്ഷണം എത്തിക്കാനും ഗ്രാമസഭ മുൻകൈയെടുത്തു.

ഛത്തിസ്ഗഢ് സംസ്ഥാനത്തെ രാജ്നന്ദ്ഗാവ് ജില്ലയിലെ ഒമ്പതു വികസന ബ്ലോക്കുകളിൽ ഒന്നാണ് അംബാഗർഹ് ചൗക്കി. ഈ ബ്ലോക്കിൽ ഭൂരിപക്ഷം ജനങ്ങളും ആദിവാസികളാണ്. ഗോണ്ട്, ഹൽബ, കൺവർ, ബൈഗ എന്നീ വിഭാഗങ്ങളിലാണ് അവർ ഉൾപ്പെടുന്നത്. കൃഷിയും വനവിഭവങ്ങളുമാണ് അവരുടെ ഉപജീവനമാർഗം. 201213 വർഷത്തിൽ പാൻഗ്രി, ഖൈരി, കെസ്ലദബാരി, പാടാകി, സോണോലി, ദുർറട്ടോല ഗ്രാമങ്ങളിലെ ആദിവാസികൾക്ക് വനങ്ങളിൽ സാമൂഹിക അവകാശം അനുവദിച്ചു പട്ടയം കിട്ടി. സംയുക്ത മാനേജ്മെന്റ് കമ്മിറ്റിയുടെ പേരിലാണ് അവകാശപത്രിക നൽകപ്പെട്ടത്. (വനംവകുപ്പിന്റെയും വനവാസി സമൂഹങ്ങളുടെയും പ്രതിനിധികൾ ഉൾപ്പെടുന്നതാണ് സംയുക്ത കമ്മിറ്റി). അതുപ്രകാരം ചെറുകിട വനവിഭവങ്ങൾ ശേഖരിക്കാനും ആടുമാടുകളെ മേയ്ക്കാനും നിസ്താർ രീതിയിലും (നാട്ടുരാജ്യങ്ങളിലും ജമീന്ദാരി സമ്പ്രദായത്തിലും നിലനിന്ന അവകാശങ്ങൾ) ഉള്ള അവകാശങ്ങൾ അവർക്കു ലഭിച്ചു.

എന്നാൽ സംയുക്ത മാനേജ്മെന്റ് പരിപാടി ആദിവാസികൾ അംഗീകരിച്ചില്ല. അവർ സ്വന്തംനിലയ്ക്ക് ഗ്രാമസഭകൾ ചേരുകയും സാമൂഹിക വനസംരക്ഷണ സമിതികൾക്കു രൂപം കൊടുക്കുകയും ചെയ്തു.

## ഛത്തിസ്ഗഢിലെ രാജ്നന്ദ്ഗാവ്:

### ഗ്രാമസഭ വഴി ഭരണനിർവഹണം



(വനാവകാശ നിയമപ്രകാരം ഇത്തരം സമിതികളിൽ ആദിവാസികൾക്കും മറ്റു വനവാസി സമൂഹങ്ങളിലെ അംഗങ്ങൾക്കും മാത്രമാണ് പ്രാതിനിധ്യം അനുവദിച്ചിരിക്കുന്നത്). തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാനും വനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കാനും സാമൂഹിക വനാവകാശങ്ങൾ ഉറപ്പാക്കാനും അതു അനിവാര്യമാണെന്ന് ഗ്രാമസഭകൾ വിലയിരുത്തി. ആദിവാസി വനാവകാശ നിയമം പൂർണമായ അർത്ഥത്തിൽ നടപ്പിലാക്കാൻ തങ്ങളുടെ സാമൂഹിക പങ്കാളിത്തവും നിയന്ത്രണവും പ്രധാനമാണെന്ന് ജില്ലയിലെ ആദിവാസി സമൂഹങ്ങൾ ഉറപ്പിച്ചു പറയുന്നു.

കോവിഡ് അടച്ചിടൽ കാലത്തു ഗ്രാമസഭകളിൽ നേരത്തെ നിശ്ചയിച്ച മട്ടിലുള്ള സാമൂഹിക വനാവകാശങ്ങൾ നടപ്പിലാക്കാൻകമ്മിറ്റികൾ മുൻകയ്യെടുത്തു പ്രവർത്തിച്ചു. കോവിഡ് കാലത്തെ സാമൂഹിക പ്രവർത്തനങ്ങൾ സംബന്ധിച്ചു കൃത്യമായ നിയമങ്ങൾ ഉണ്ടാക്കാനും ഗ്രാമസഭ തയ്യാറായി. ഗ്രാമസഭകൾ ആവിഷ്കരിച്ചു നടപ്പിൽ വരുത്തിയ ഭരണസംവിധാനങ്ങളാണ് പിന്നീട് ആദിവാസി മേഖലകളിൽ സർക്കാരും പോലീസ്, ആരോഗ്യ, വനം വകുപ്പ് അധികൃതരും അംഗീകരിച്ചു നടപ്പിൽ വരുത്തിയത്. പ്രാദേശിക വിഭവങ്ങളിൽ ഊന്നൽ നൽകി ഗ്രാമസഭകൾ ആവിഷ്ക്കരിച്ച ഭക്ഷ്യസുരക്ഷാ സംവിധാനങ്ങൾ പുറംലോകവുമായുള്ള ബന്ധങ്ങൾ ചുരുക്കിനിർത്താൻ സഹായകമായിരുന്നു. അതിനെ സർക്കാരും പ്രാദേശിക ഭരണസംവിധാനങ്ങളും പുകഴ്ത്തുകയുണ്ടായി. കമ്പോളങ്ങളിലെ തിരക്ക് ഒഴിവാക്കാൻ ഇത്തരം ബദൽ സമീപനങ്ങൾ പ്രയോജനകരമായി. വനങ്ങളുടെ സംരക്ഷണം, അവയുടെ നിലനിൽപ്, വനങ്ങളിലെ ചെറുകിട വിഭവങ്ങളുടെ ശേഖരണവും വില്പനയും, ഭക്ഷ്യസുരക്ഷ, വിഭവ വിതരണം, ജീവനോപാധികളുടെ ലഭ്യത ഉറപ്പാക്കൽ തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധ നൽകിക്കൊണ്ടാണ് ഗ്രാമസഭകൾ തങ്ങളുടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തത്.

കോവിഡ് 19 ഒരു ആഗോള മഹാമാരിയാണെന്നു പ്രഖ്യാപിക്കപ്പെടുകയും കേന്ദ്രസർക്കാർ ദേശവ്യാപകമായി അടച്ചിടൽ തീരുമാനിക്കുകയും ചെയ്തതോടെ ആദിവാസി മേഖലകളിലും അടച്ചിടൽ നിയമങ്ങൾ നടപ്പിലാക്കി. ഗ്രാമസഭകളാണ് അതിനു നേതൃത്വം നൽകിയത്. പക്ഷേ അത്യാവശ്യമായ മരുന്നുകളും ധാന്യങ്ങൾ, പയറുവർഗങ്ങൾ തുടങ്ങിയ വസ്തുക്കളും പച്ചക്കറിയും ഗ്രാമത്തിൽ കിട്ടാൻ ബുദ്ധിമുട്ടുന്ന സ്ഥിതി സംജാതമായി. അതിനെ നേരിടാൻ സാമൂഹിക ഐക്യത്തിൽ ഊന്നിയ ചില നീക്കങ്ങൾക്കു ഗ്രാമസഭകൾ രൂപം കൊടുത്തു. ഗ്രാമങ്ങളില് ഔഷധ ചെടികൾ നട്ടുപിടിപ്പിക്കാനും ആവശ്യക്കാർക്ക് അവ എത്തിക്കാനും കിട്ടാവുന്ന ഇടങ്ങളിലൊക്കെ പച്ചക്കറികൾ വളർത്താനും പ്രാദേശികാടിസ്ഥാനത്തി ൽ ധാന്യങ്ങൾ സംഭരിക്കാനും അവർ ശ്രമം നടത്തി. ഇത്തരം ആവശ്യങ്ങൾക്കായി ഗ്രാമവാസികൾ നഗരത്തിലെ കമ്പോളങ്ങളെ ആശ്രയിക്കുന്നതും ഗ്രാമസഭകൾ നിരുത്സാഹപ്പെടുത്തി. അത്യാവശ്യമായ സാധനങ്ങളും മരുന്നുകളും എത്തിക്കാൻ ഗ്രാമത്തിലെ ചില വ്യാപാരികൾക്ക് പ്രത്യേകം പാസ്സുകൾ തയ്യാറാക്കി വിതരണം ചെയ്തു. ഗ്രാമവാസികളെ രോഗബാധയിൽ നിന്നു രക്ഷിക്കാനാണ് ഇത്തരം നയങ്ങൾ ആസൂത്രണം ചെയ്തത്. ഗ്രാമത്തിൽ ആരെങ്കിലും രോഗബാധിതരായാൽ അവരെ നഗരത്തിലെ ആശുപത്രികളിലേക്കു കൊണ്ടുപോകുന്നതിനും ആംബുലൻസുകളിൽ കൂടെ യാത്ര ചെയ്യുന്നതിനും പരമാവധി രണ്ടുപേർ മതി എന്നും ഗ്രാമസഭകൾ നിശ്ചയിച്ചു.

സിഎഫ്ആർ മാനദണ്ഡങ്ങളും ഗ്രാമീണ തൊഴിൽദാന പദ്ധതിയും ഉപയോഗിച്ചു ഗ്രാമങ്ങളിൽ മൽസ്യകൃഷിക്കുള്ള സാധ്യതകളും വികസിപ്പിക്കുകയുണ്ടായി . വനത്തിലും ഗ്രാമത്തിലും പുതിയ കുളങ്ങൾ കുഴിച്ചു. അതു മൽസ്യസമ്പത്തു വർധിപ്പിക്കുകയും തൊഴിൽസാദ്ധ്യതകൾ വിപുലമാക്കുകയും ചെയ്തു. പ്രാദേശികമായി ലഭ്യമായ ഭക്ഷ്യവിഭവങ്ങളായ ചേന, കിഴങ്ങുകൾ തുടങ്ങിയവയുടെ ഉത്പാദനം വിപുലമാക്കാൻ ഗ്രാമസഭകൾ നടപടികളെടുത്തു.

# ഛത്തിസ്ഗഢിലെ രാജ്നന്ദ്ഗാവ്:

## ഗ്രാമസഭ വഴി ഭരണനിർവഹണം



വനവിഭവ ശേഖരണത്തിനും വനത്തിലെ ജോലികൾ സമയബന്ധിതമായി തീർക്കുന്നതിനും വനസംരക്ഷണ സമിതികൾ ഗ്രാമീണർക്കു പാസ്സുകൾ നൽകി. അല്ലാത്തവരുടെ യാത്രകൾ തടഞ്ഞു. ദൈനംദിന ആ വശ്യങ്ങൾക്കായി ഓരോ പ്രദേശത്തു നിന്നും മൂന്നു പുരുഷന്മാർക്കും മൂന്നു സ്ത്രീകൾക്കും വനത്തിലേക്കു പ്രവേശിക്കാൻ അനുമതി നൽകി. ഓരോ പ്രദേശത്തുള്ളവർക്കും വനത്തിൽ വിഭവസംഭരണത്തിനു പ്രത്യേകം സ്ഥലങ്ങൾവിഭജിച്ചു നൽകി. ആളുകൾ കൂടിക്കലരുന്നതു ഒഴിവാക്കുകയായിരുന്നു ലക്ഷ്യം. അതാതിടങ്ങളിൽ നിന്നു മാത്രമേ വിറക്, പൂക്കൾ, ഇലകൾ, കിഴങ്ങുകൾ, കായ്കനികൾ, കാലിത്തീറ്റ തുടങ്ങിയവ ഓരോ കൂട്ടരും ശേഖരിക്കാൻ പാടുള്ളു എന്നു നിഷ്കർഷിച്ചു. ചെറുകിട വനവിഭവങ്ങളായ മഹുവ പൂക്കളും പഴങ്ങളും, ചാർ, ടെണ്ടു ഇലകൾ തുടങ്ങിയവയുടെ സംഭരണത്തിന് കൃത്യമായ സംവിധാനങ്ങളും ഗ്രാമസഭകൾ ഏർപ്പെടുത്തി. വനങ്ങളിൽ ഓരോ കുടുംബത്തിനും രണ്ടു അംഗങ്ങൾക്കു വീതം വിഭവസമാഹരണത്തിനു കൃത്യമായ സ്ഥലം അടയാളപ്പെടുത്തി നൽകി. അവർ പരസ്പരം പത്തുമീറ്റർ അകലം പാലിച്ചും മുഖാവരണം ധരിച്ചും വേണം ജോലിചെയ്യാനെന്നും നിശ്ചയിച്ചു.

ഗ്രാമവാസികൾ പട്ടണത്തിലെ കമ്പോളത്തിലേക്ക് യാത്ര ചെയ്യുന്നതു ഗ്രാമസഭ തടഞ്ഞു. ഗ്രാമങ്ങൾക്കിടയിൽ ആളുകൾ സഞ്ചരിക്കുന്നതിനും വിലക്കുകൾ ഏർപ്പെടുത്തി. വനങ്ങളിലെ സഞ്ചാരപാതകൾ അടച്ചു, അവിടങ്ങളിൽ കാവൽ ഏർപ്പാടാക്കി. പുറത്തുനിന്നു ആളുകൾ വന്നു വനവിഭവങ്ങൾ തട്ടിയെടുത്തു കൊണ്ടുപോകുന്നതു തടയാനുള്ള സംവിധാനവും അവരുണ്ടാക്കി. അങ്ങനെ വനങ്ങളിൽ കൂടുതൽ ആ



*കൊറോണ വൈറസിനെക്കുറിച്ചും സാമൂഹിക അകലപാലനത്തെക്കുറിച്ചും ബോധവത്കരണ പ്രവർത്തനങ്ങൾ*

## ഛത്തിസ്ഗഢിലെ രാജ്നന്ദ്ഗാവ്:
### ഗ്രാമസഭ വഴി ഭരണനിർവഹണം



ളുകൾ ഒരേസമയം എത്തിച്ചേരുന്നതും അവിടെ രോഗവ്യാപന സാധ്യതയും ഗ്രാമീണർ ഒഴിവാക്കി. വന വിഭവങ്ങൾ അമിതചൂഷണത്തിനു ഇടയാക്കുന്നതും തടഞ്ഞു.

വനവിഭവ ശേഖരണത്തിലും ഭക്ഷ്യവിതരണത്തിലും പ്രധാനമായി ശ്രദ്ധിക്കേണ്ടിയിരുന്ന കാര്യം രോഗ വ്യാപനം വരാനുള്ള സാധ്യത ഒഴിവാക്കുകയെന്നതായിരുന്നു. പൊതുവിതരണ കേന്ദ്രങ്ങളിലൂടെയുള്ള ഭ ക്ഷ്യവിതരണം ഒഴിവാക്കാൻ ഗ്രാമസഭകൾ തീരുമാനിച്ചതു തിരക്കും രോഗവ്യാപന സാധ്യതയും കണക്കി ലെടുത്താണ്. പകരം ഗ്രാമത്തിലെ ഓരോ വീടുകളിലും ഭക്ഷ്യവിഭവങ്ങൾ നേരിട്ടു എത്തിച്ചു കൊടുക്കാ നാണ് തീരുമാനിച്ചത്. അവ 48 മണിക്കൂർ വെയിലത്തു വെച്ചു വൈറസ് സാന്നിധ്യം ഒഴിവാക്കാൻ മുൻക രുതൽ എടുത്തശേഷമാണ് വിതരണം നടത്തിയത്. മാത്രമല്ല, ഓരോ ഗ്രാമത്തിലും കോവിഡ് പ്രതിരോ ധം സംബന്ധിച്ച വിവരങ്ങൾ ചുമരെഴുത്തു നടത്താനും ഉച്ചഭാഷിണി ഉപയോഗിച്ച് ജനങ്ങളെ ബോധവത് കരിക്കാനും നടപടി സ്വീകരിക്കുകയുണ്ടായി.

1 ഗുജറാത്തിലെ നർമദ | 2 മഹാരാഷ്ട്രയിലെ ഗോന്ധ്യ | 3 ഛത്തിസ്ഗഢിലെ രാജ്നന്ദ്ഗാവ് | 4 മഹാരാഷ്ട്രയിലെ ധുലെ | 5 ഗുജറാത്തിലെ കച്ച്

# മഹാരാഷ്ട്രയിലെ ധുലെ:
## പ്രാദേശിക സ്വയംഭരണവും ഭക്ഷ്യസുരക്ഷയും

6 മഹാരാഷ്ട്രയിലെ നന്ദുർബർ | 7 പശ്ചിമ ബംഗാളിലെ അലിപുർദ്വാർ | 8 മധ്യപ്രദേശിലെ ദിൻദോറി | 9 കർണാടകയിലെ ചാമരാജ്നഗർ | 10 ഒഡിഷയിലെ നയാഗഢ്

— വിഷയങ്ങൾ —

**ഭക്ഷ്യസുരക്ഷ, ഭക്ഷ്യ സ്വാശ്രയത്വം, ആദിവാസി ഉത്പാദക സംഘടനകളിലൂടെ ജീവനോപാധി**







*ബരിപാഡയിലെ ഗ്രാമവാസികൾ വനങ്ങളിലെ വിഭവങ്ങളും കൃഷിയും കൊണ്ടു സ്വയംപര്യാപ്തി നേടിയിരിക്കുന്നു*

ധുലെ ജില്ലയിലെ മഞ്ചരി ഗ്രാമപഞ്ചായത്തിലെ ബരിപാദ ഗ്രാമത്തിലെ 130 ആദിവാസി കുടുംബങ്ങൾക്കു വനഭൂമിയിൽ വ്യക്തിഗത അവകാശങ്ങളും സാമൂഹിക അവകാശങ്ങളും അനുവദിച്ചു കിട്ടിയത് 2017ലാണ്. ഇവിടെ വനങ്ങൾ അത്ര നിബിഡമല്ല; അതിനാൽ ഉപജീവനത്തിനായി കൃഷിയും മറ്റു തൊഴിലുകളുമാണ് അവർ ആശ്രയിക്കുന്നത്. ധാന്യങ്ങളും പച്ചക്കറിയുമാണ് പ്രധാനകൃഷി.

ബരിപാദ ഗ്രാമത്തിലെ സാമൂഹികപ്രവർത്തകനും ആദിവാസി സമുദായ അംഗവുമായ ചൈത്രം പവാർ പറയുന്നു: നഗരങ്ങളിൽ ആളുകൾക്ക് വികസനം എന്നു പറഞ്ഞാൽ വലിയ വീടുകളും കാറുകളും ടിവിയും കൂറ്റൻ കെട്ടിടങ്ങളും ഒക്കെയായിരിക്കും. എന്നാൽ ആദിവാസി ഗ്രാമങ്ങളിൽ അതു ഭൂമി,വനം, കൃഷി, കന്നുകാലികൾ, ഭക്ഷ്യസുരക്ഷ തുടങ്ങിയ കാര്യങ്ങളാണ്. പരമപ്രധാനം, തങ്ങളുടെ കാര്യങ്ങൾ സ്വന്തമായി നിശ്ചയിച്ചു നടപ്പാക്കാനുള്ള സ്വാതന്ത്ര്യമാണ്. അതായതു സ്വയംഭരണം. ബരിപാദയിലെ ജനങ്ങൾ അഞ്ചു പ്രധാനകാര്യങ്ങളിലാണ് ശ്രദ്ധിക്കുന്നത്: മനുഷ്യൻ, ജലം, മൃഗങ്ങൾ, വനം, ഭൂമി. അതിനു പുറമെ മൂന്നുകാര്യങ്ങൾ കൂടിയുണ്ട്
സാമൂഹികമായ ജല ഉപഭോഗ നിയന്ത്രണം, കൂട്ടുകൃഷി, കൂട്ടായ വിപണനസംവിധാനങ്ങൾ.

കൂട്ടുകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 45 ഗ്രാമങ്ങളിലെ 1016 പറമ്പുകൃഷിക്കാരെ 2014 മുതൽ ആദിവാസികർഷക ഉത്പാദക സംഘത്തിൽ സംഘടിപ്പിച്ചിരിക്കുകയാണ്. ദേശബന്ധു അഗ്രോ റിസർച് & പ്രൊഡ്യൂസേഴ്സ് കമ്പനി എന്ന ഈ സ്ഥാപനം ആദിവാസി നിയന്ത്രണത്തിലുള്ള മഹാരാഷ്ട്രയിലെ ആദ്യത്തെ വലിയ കമ്പനിയാണ്. ലാഭം ലക്ഷ്യമാക്കിയല്ല അതു പ്രവർത്തിക്കുന്നത്. അതിന്റെ പ്രധാനലക്ഷ്യം ആദിവാസികൾക്ക് തങ്ങളുടെ ഉത്പന്നങ്ങൾക്ക് കൃത്യവും ന്യായവുമായ വില ലഭ്യമാക്കുകയെന്നതാണ്. ലാഭം ലഭിക്കുന്ന വർഷങ്ങളിൽ 30 ശതമാനം അംഗങ്ങളുടെ ബാങ്ക് അക്കൗണ്ടുകളിലൂടെ അവർ

1 ഗുജറാത്തിലെ നർമദ | 2 മഹാരാഷ്ട്രയിലെ ഗോന്ധ്യ | 3 ഛത്തിസ്ഗഢിലെ രാജ്നന്ദ്ഗാവ് | 4 മഹാരാഷ്ട്രയിലെ ധുലെ | 5 ഗുജറാത്തിലെ കച്ച്

## മഹാരാഷ്ട്രയിലെ ധുലെ: പ്രാദേശിക സ്വയംഭരണവും ഭക്ഷ്യസുരക്ഷയും

6 മഹാരാഷ്ട്രയിലെ നന്ദുർബർ | 7 പശ്ചിമ ബംഗാളിലെ അലിപുർദ്വാർ | 8 മധ്യപ്രദേശിലെ ദിൻദോറി | 9 കർണാടകയിലെ ചാമരാജ്നഗർ | 10 ഒഡിഷയിലെ നയാഗഡ്

ക്കു വിതരണം ചെയ്യുന്നു. ബാക്കി കമ്പനിയുടെ വികസന ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നു. (ഉദാഹരണത്തിന് ഒരുവർഷം പണം ചെലവാക്കിയത് അരി പൊടിക്കുന്ന മില്ലിന് വേണ്ടി സ്ഥലം ഏറ്റെടുക്കാനാണ്).

ഗ്രാമീണരുടെ ദീർഘകാല ശാക്തീകരണത്തിനായി വിവിധ ക്ളസ്റ്ററുകൾ വികസിപ്പിക്കുന്നതിനാണ് ബരിപാദയിലെ ഗ്രാമസഭ കൂടുതൽ ശ്രദ്ധ നൽകിയത്. ഏഴെട്ടുവർഷം മുമ്പ് ഗ്രാമവാസികൾ നടത്തിയ സർവേയുടെ ഫലമായി ഗ്രാമത്തിന്റെ സമഗ്രവികസനത്തിനായി അവർ ഒരു സൂക്ഷ്മതല പദ്ധതി ആസൂത്രണം ചെയ്തു. ഭൂമി, ജലം, ഊർജം, കന്നുകാലികൾ, ഭക്ഷ്യവിഭവങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങി ഓരോ കുടുംബത്തിന്റെയും പ്രാഥമിക ആവശ്യങ്ങളും അവ നിവർത്തിക്കാനുള്ള സാധ്യതയും സംബന്ധിച്ച ഒരു പൊതുചിത്രം അവർ രൂപപ്പെടുത്തുകയുണ്ടായി. അങ്ങനെ ഒരു ആസൂത്രണ പ്രക്രിയക്ക് അവർ തുടക്കം കുറിക്കാൻ കാരണം പ്രതിസന്ധി വരുമ്പോൾ അവരുടെ ജീവിതം സാഹുകാർ എന്നറിയപ്പെടുന്ന അമിത പലിശക്കാരുടെ കുരുക്കിൽ എത്തിപ്പെടുന്നതു ഒഴിവാക്കാനുള്ള നിർബന്ധമായിരുന്നു. അങ്ങനെ നേരത്തെ തന്നെ ചില പദ്ധതികൾ ആസൂത്രണം ചെയ്തതു കാരണം കൊറോണബാധ വന്നപ്പോൾ അവർക്കു കാര്യമായ ബുദ്ധിമുട്ടുകളൊന്നും നേരിടേണ്ടി വന്നില്ല. കഴിഞ്ഞ കുറെ വർഷങ്ങളായി ബരിപാദയിലെ കർഷകർ തങ്ങൾക്കു ആവശ്യമുള്ളതിലും കൂടുതൽ ഭക്ഷ്യവിഭവങ്ങൾ വിളയിക്കുന്നുണ്ട്. അതിനാൽ അടച്ചിടൽ കാലത്തു അവർക്കു ഭക്ഷണത്തിനു ഒരു പ്രയാസവും ഉണ്ടായില്ല. മാത്രമല്ല, ഭക്ഷ്യവൈവിധ്യത്തിന്റെ കാര്യത്തിലും അവർ സമ്പന്നരാണ്. ഖരീഫ് സീസണിൽ അവർ നെല്ല്, ഉഴുന്ന്, പച്ചപട്ടാണി, നിലക്കടല, സോയാ, മുത്താറി തുടങ്ങിയ ഇനങ്ങളാണ് കൃഷിയിറക്കുന്നത്. റാബി വിളവെടുപ്പിനു ഗോതമ്പ്, കരിമ്പ്, ഉള്ളി, ചോളം തുടങ്ങിയ ഇനങ്ങളും. വനങ്ങളിലെ ഭക്ഷ്യയോഗ്യമായ സസ്യങ്ങളേയും ചെടികളെയും സംരക്ഷിക്കുന്ന പ്രവർത്തനങ്ങളും ആദിവാസിസമൂഹം ഏറ്റെടുത്തിട്ടുണ്ട്. എല്ലാ വർഷവും വനബാജി മഹോത്സവം എന്നപേരില് സംഘടിപ്പിക്കുന്ന മേളയിൽ ഇത്തരം ഇനങ്ങൾ അവർ പ്രദർശിപ്പിക്കുന്നു. മേളയിലെ അറിവുകൾ പുതിയ ഭക്ഷ്യവിഭവങ്ങൾ കണ്ടെത്താൻ ഗ്രാമീണരെ സഹായിക്കുന്നു.അടച്ചിടൽ കാലത്തു തങ്ങളുടെ കാർഷിക ഉല്പാദനവിപണന സംഘത്തിലൂടെ അവർ 50 ടൺ അരിയാണ് വിറ്റഴിച്ചത്. പ്രതിസന്ധി കാലത്തു അതു ഗ്രാമീണർക്കു മെച്ചപ്പെട്ട വരുമാനമാണ് ഉറപ്പു വരുത്തിയത്.

# ഗുജറാത്തിലെ കച്ച്:

## ഇടയരുടെയും കന്നുകാലികളുടെയും ക്ഷേമം

**— വിഷയങ്ങൾ —**

**വനങ്ങളുടെ പുനരുജ്ജീവനം, ജലവിഭവ മാനേജ്മെന്റ്, ജീവനോപാധികൾ**





*(ഇടത്ത്) വനമാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾ പരിപാടികൾ തയ്യാറാക്കുന്നു*
*(വലത്ത്) ബാബുൽ മരങ്ങൾ പിഴുതെടുക്കാൻ ഗ്രാമവാസികൾ ട്രാക്ടർ ഉപയോഗിക്കുന്നു*

'ഏതാണ്ട് 550 വർഷങ്ങളായി ഞങ്ങൾ കന്നുകാലികളുമായിഇടയജീവിതമാണ് നയിച്ചു വന്നത്. എന്നാൽ 1927ൽ ഇന്ത്യൻ വനനിയമവും 1955ൽ ബന്നി സംരക്ഷിത വനനിയമവും നടപ്പിലാക്കിയതോടെ ഞങ്ങൾക്കു ഒരിടത്തു ഒതുങ്ങി കഴിയേണ്ടിവന്നു.' ഗൊരിവാളി ഗ്രാമത്തിലെ മൽദാരി ഇടയസമൂഹത്തിലെ അംഗമായ ഇഷാഭായിയുടെ വാക്കുകളാണിത്. അദ്ദേഹം പറയുന്നു: 'പിന്നീട് പ്രദേശമപ്പാടെ ഗണ്ടബാബുൽ എന്നറിയപ്പെടുന്ന വൃക്ഷത്തിന്റെ വിത്തുകൾ വനംവകുപ്പ് ആകാശത്തുനിന്നും വിതറി. മറ്റു ചെടികളെ അതില്ലാതാക്കി. ബന്നിയിൽ ഫോറസ്റ്റ് ഡിവിഷൻ ഓഫീസ് വന്നു, 2009ൽ വനസംരക്ഷണ കർമ്മ പദ്ധതി നടപ്പിലാക്കി. അതെല്ലാം ഞങ്ങളുടെ ജീവിതത്തെ ബാധിച്ചു. പക്ഷേ സമീപകാലത്തു സാമൂഹിക വനാവകാശങ്ങൾക്കായി ഞങ്ങൾ അപേക്ഷ നൽകിയിട്ടുണ്ട്. അതിൽ നടപടികൾ നീങ്ങുകയാണ്. അതു ലഭിച്ചാൽ കാര്യങ്ങളിൽ കുറേ മാറ്റം പ്രതീക്ഷിക്കുന്നുണ്ട്.'

ഗുജറാത്തിലെ കച്ച് ജില്ലയിലെ ബന്നി പച്ചപ്പുൽപ്രദേശം ഏഷ്യയിലെ തന്നെ അത്തരം ഏറ്റവും വലിയ പ്രദേശമാണ്. അവിടെയുള്ള മൽദാരി ഇടയസമൂഹമാണ് സാമൂഹിക വനാവകാശത്തിനു വേണ്ടി വനാവകാശ നിയമപ്രകാരം അപേക്ഷ നല്കിയിരിക്കുന്നത്. ഇന്ത്യയിൽ ഒരു നാടോടി സമൂഹം നൽകുന്ന വിജയകരമായ ആദ്യത്തെ അപേക്ഷയാണിത്. 2500 ചതുരശ്ര കിലോമിറ്റർ വരുന്ന പ്രദേശത്തിനുമേലാണ് അവർ സാമൂഹികനിയന്ത്രണം അവകാശപ്പെടുന്നത്. 1947നു മുമ്പ് ഈ പുൽമേടുകളിലേക്കുള്ള അവരുടെ പ്രവേശനം പാരമ്പര്യമായി നിലനിന്നതായിരുന്നു. ആർക്കും വ്യക്തിഗതമായ അവകാശങ്ങൾ ഉണ്ടായിരുന്നില്ല, സ്ഥലത്തു അതിരുകളും വേലിയുമൊന്നും അടയാളപ്പെടുത്തിയിരുന്നില്ല. 194755 കാലത്തു പ്രദേശം റവന്യൂവകുപ്പിന്റെ നിയന്ത്രണത്തിൽ വന്നു. 1955ൽ അതു സംരക്ഷിത വനപ്രദേശമായി മാറ്റി. 1998ലാണ് പുൽമേടുകളുടെ പൂർണ ചുമതല വനംവകുപ്പിനു ജില്ലാഭരണകൂടം ഏൽപ്പിച്ചു കൊടുത്തത്. അതിനു ശേഷം പ്രദേശത്തിന്റെ മേലുള്ള അവകാശം ആർക്കാണ് എന്നകാര്യത്തിൽ തർക്കമുണ്ടായിരുന്നു. വനം

1 ഗുജറാത്തിലെ നർമദ | 2 മഹാരാഷ്ട്രയിലെ ഗോന്ധ്യ | 3 ഛത്തിസ്ഗഢിലെ രാജ്നന്ദ്ഗാവ് | 4 മഹാരാഷ്ട്രയിലെ ധുലെ | 5 ഗുജറാത്തിലെ കച്ച്

## ഗുജറാത്തിലെ കച്ച്:
### ഇടയരുടെയും കന്നുകാലികളുടെയും ക്ഷേമം

6 മഹാരാഷ്ട്രയിലെ നന്ദുർബർ | 7 പശ്ചിമ ബംഗാളിലെ അലിപുർദ്വാർ | 8 മധ്യപ്രദേശിലെ ദിൻദോറി | 9 കർണാടകയിലെ ചാമരാജ്നഗർ | 10 ഒഡിഷയിലെ നയാഗഢ്

വകുപ്പും റവന്യൂ വകുപ്പും ഇതിന്മേലുള്ള നിയന്ത്രണം സംബന്ധിച്ചു കൃത്യമായ നിലപാട് എടുക്കുകയുണ്ടായില്ല.

ബന്നി സംരക്ഷിത വനപ്രദേശത്തു 19 ഗ്രാമപഞ്ചായത്തുകളിലായി 54 ആദിവാസി ഗ്രാമങ്ങളുണ്ട്. അവയിൽ 47 ഗ്രാമങ്ങളുടെ അപേക്ഷകൾ ജില്ലാതല കമ്മിറ്റിയിൽ അംഗീകാരം നേടിയിട്ടുണ്ട്. എന്നാൽ വനം, ആദിവാസിക്ഷേമ മന്ത്രാലങ്ങൾക്കും ജില്ലാ അധികാരികൾക്കും പലതവണ നിവേദനം നൽകിയിട്ടും ആദിവാസികൾക്ക് ഭൂമിയിൽ അവകാശം നൽകുന്ന രേഖകൾ ഇതുവരെ ലഭിച്ചിട്ടില്ല. ഗ്രാമസഭകൾ അതാതു പ്രദേശങ്ങളിൽ സാമൂഹിക വനസംരക്ഷണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പ്രദേശത്തെ മുതിർന്നവരെ കണ്ടു ഓരോ സ്ഥലത്തെയും സവിശേഷതകളും അവിടെക്കാണുന്ന പുല്ലുകളും മറ്റു ചെടികളും സംബന്ധിച്ച വിവരങ്ങളും അവർ ശേഖരിച്ചിട്ടുണ്ട്. മാത്രമല്ല, ഭൂമിയുടെ സ്വഭാവം, അവിടെയുള്ള പരുന്തുകൾ, കുറുക്കന്മാർ തുടങ്ങിയ വന്യജീവികളെ സംബന്ധിച്ച കാര്യങ്ങളിലും അവർ വിവരശേഖരണം നടത്തിയിട്ടുണ്ട്.

2020 ജനവരിഫെബ്രുവരി മാസങ്ങളിൽ 15 ഗ്രാമങ്ങളിലെ ജനങ്ങൾ പ്രദേശത്തു വനസംരക്ഷണ പ്രവർത്തനങ്ങൾ ഊർജിതമായി നടത്തുകയായിരുന്നു. കാരണം മഴയ്ക്കുമുമ്പ് പ്രവർത്തനങ്ങൾ പൂർത്തിയാക്കിയാലേ പുൽമേടുകളെ സംരക്ഷിക്കാനാവുകയുള്ളു. പ്രദേശമാകെ വ്യാപിച്ച ഗണ്ടാബാബുൽ വൃക്ഷങ്ങൾ നീക്കം ചെയ്യലാണ് ഒരു പ്രധാന പ്രവൃത്തി. അവയെ വളരാൻ അനുവദിച്ചാൽ പുല്ലും മറ്റു ചെടികളും അപ്രത്യക്ഷമാകും. അതിനാൽ ഷെർവോ ഗ്രാമത്തിലെ വനസംരക്ഷണസമിതി യന്ത്രങ്ങൾ ഉപയോഗിച്ചാണ് 200 ഹെക്ടർ സ്ഥലത്തു ഇത്തരം വൃക്ഷങ്ങളെ പറിച്ചുമാറ്റിയത്. അതേപോലെ, മിസ്റിയോട് ഗ്രാമത്തിലും 150 ഹെക്ടറിൽ ബാബുൽമരം നീക്കംചെയ്യുന്ന പ്രവൃത്തി നടക്കുകയായിരുന്നു. മാർച്ചിൽ അടച്ചിടൽ വന്നതോടെ അതെല്ലാം നിർത്തിവെക്കേണ്ടിവന്നു.



*ബന്നി പുൽമേട്ടിൽ ആദിവാസി അവകാശം സംബന്ധിച്ച ബോർഡിനരികിൽ മൽദാരി ഇടയന്മാർ*

1 ഗുജറാത്തിലെ നർമദ | 2 മഹാരാഷ്ട്രയിലെ ഗോന്ധ്യ | 3 ഛത്തിസ്ഗഢിലെ രാജ്നന്ദ്ഗാവ് | 4 മഹാരാഷ്ട്രയിലെ ധുലെ | 5 ഗുജറാത്തിലെ കച്ച്

## ഗുജറാത്തിലെ കച്ച്:
### ഇടയരുടെയും കന്നുകാലികളുടെയും ക്ഷേമം

6 മഹാരാഷ്ട്രയിലെ നന്ദുർബർ | 7 പശ്ചിമ ബംഗാളിലെ അലിപുർദ്വാർ | 8 മധ്യപ്രദേശിലെ ദിൻദോരി | 9 കർണാടകയിലെ ചാമരാജ്നഗർ | 10 ഒഡിഷയിലെ നയാഗഡ്

മൽദാരി സമൂഹം പ്രാദേശിക ഇനത്തിൽ പെട്ട കാലികളെയാണ് പോറ്റുന്നത്. അതിൽ പ്രധാനം കാങ്കറേജ് പശുക്കളും ബന്നി എരുമകളുമാണ്. മിക്ക കുടുംബങ്ങൾക്കും 50 മുതൽ 100 വരെ കാലികളുണ്ട്. ഓരോ ഗ്രാമത്തിലും ചുരുങ്ങിയത് 5000 കാലികൾ കാണും. പ്രദേശത്തു മൊത്തം ഒരു ലക്ഷത്തിലേറെ കന്നുകാലികളുണ്ട്. മിക്ക ആദിവാസി ഗ്രാമങ്ങളും തങ്ങളുടെ പാലുല്പാദനം കൊണ്ടു അല്ലലില്ലാതെ കഴിയുന്നുണ്ട്, പക്ഷേ ചില ഗ്രാമങ്ങളിൽ ഭക്ഷ്യസാധനങ്ങളുടെ കുറവ് അനുഭവപ്പെട്ടിരുന്നു. അത്തരം സന്ദർഭങ്ങളിൽ അയൽക്കാരും ഗ്രാമസഭകളും അവരെ സഹായിക്കുന്നുണ്ട്. കാലിത്തീറ്റയുടെ വില കൂടുന്നതു പ്രയാസം ഉണ്ടാക്കുന്നുണ്ടെങ്കിലും പുല്മേടുകളുടെ സംരക്ഷണം വഴി കാലികൾക്കു തീറ്റ കണ്ടെത്താൻ ഗ്രാമവാസികൾക്കു കഴിയുന്നുണ്ട്.

മാർച്ച് മുതൽ മെയ് അവസാനം വരെ വേനൽക്കാലം ഇത്തവണ അടച്ചിടൽ കാലമായിരുന്നു. ഈ സമയത്തു പുൽമേടുകൾ ഉണങ്ങിക്കരിഞ്ഞു കിടക്കും. ജലസംരക്ഷണത്തിനു ഏറ്റവും പ്രാധാന്യം കൊടുക്കേണ്ട കാലമാണിത്. ഗ്രാമവാസികൾ മാത്രമല്ല, ഒരു ലക്ഷത്തോളം കന്നുകാലികളും അവിടെ പരിമിതമായി ലഭിക്കുന്ന ജലം കൊണ്ടാണ് കഴിയുന്നത്. അതിനാൽ ഓരോ വർഷവും ജലസംഭരണികൾ കൃത്യമായി സംരക്ഷിക്കണം. അടച്ചിടൽ രണ്ടാം ഘട്ടം കഴിഞ്ഞശേഷമാണ് ഇത്തവണ ജലസംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങാൻ കഴിഞ്ഞത്. മഴവെള്ളം കുന്നുകളിൽ സംഭരിക്കാനായി വിരദാ എന്നറിയപ്പെടുന്ന കിണറുകൾ നിർമിക്കണം. അതിൽനിന്നാണ് ജലം ഭൂഗർഭത്തിലേക്കു കിനിഞ്ഞിറങ്ങുന്നത്. കച്ചിൽ ജൂലൈആഗസ്റ്റ് മാസങ്ങളിലാണ് മൺസൂൺ മഴ കാര്യമായി പെയ്യുന്നത്. എന്നിരുന്നാലും അടച്ചിടൽ കാലത്തും ശ്രദ്ധയോടെ ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്താൻ ആദിവാസി സമൂഹങ്ങൾക്ക് കഴിഞ്ഞതു കൊണ്ടു ഇത്തവണയും പ്രയാസമൊന്നുമില്ലാതെ അവർക്കു ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ സാധ്യമായി.

## മഹാരാഷ്ട്രയിലെ നന്ദുർബർ:
### ഗ്രാമത്തിൽ നിന്നുള്ള ഒഴിച്ചുപോക്കിൽ ഇടിവ്



— വിഷയങ്ങൾ —

**തൊഴിൽ തേടിയുള്ള പ്രയാണത്തിൽ നിന്നു മുക്തി,
ചെറുകിട വനവിഭവങ്ങൾ ഉപജീവനത്തിന്**





*(ഇടത്ത്) ഗ്രാമവാസികൾ തങ്ങളുടെ വന പ്രദേശങ്ങളിൽ ജോലിയിൽ ഏർപ്പെടുന്നു
(വലത്ത്) വനാവകാശ പ്രദേശങ്ങളിൽ കൂടുതൽ മരങ്ങൾ നട്ടുപിടിപ്പിക്കുന്നു*

മഹാരാഷ്ട്രയിൽ സാമൂഹിക വനാവകാശം വഴി ഏറ്റവും കൂടുതൽ പ്രദേശങ്ങൾ ആദിവാസി നിയന്ത്രണത്തിൽ നൽകിയ ജില്ലകളിലൊന്നാണ് നന്ദുർബർ. 2018 ഏപ്രിൽ വരെയുള്ള കണക്കുപ്രകാരം അവിടെ 2,16,723.10 ഏക്കർ ഭൂമിയിലാണ് അവർക്കു അവകാശപത്രിക നൽകിയത്.[4] ഇതു സംസ്ഥാനത്തെ രണ്ടാമത്തെ റെക്കോർഡാണ്. അവിടെവനഭൂമിയിൽ ഭുട്യ, മഹുവ, കടപ്പ ബദാം തുടങ്ങിയ വൃക്ഷങ്ങൾ ധാരാളമാണ്. സാമൂഹിക വനസംരക്ഷണ പരിപാടികളുടെ ഭാഗമായി കൂടുതൽ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്ന പദ്ധതി ആദിവാസി കമ്മിറ്റികൾ നടപ്പിലാക്കി വരുന്നുമുണ്ട്.

ആദിവാസികളെ അവർ വനവിഭവങ്ങൾ ശേഖരിക്കുന്ന പ്രദേശങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രൂപ്പുകളായി തിരിച്ചിട്ടുണ്ട്. വനസംരക്ഷണ സമിതികൾ നേരിട്ടാണ് ആദിവാസി ക്ലസ്റ്ററുകളിൽ നിന്നു വിഭവങ്ങൾ ശേഖരിക്കുന്നത്. അതിനു മെച്ചപ്പെട്ട വിലയും ബോണസ്സും അവർക്കു നൽകിവരുന്നു. ഇതിനുള്ള വരുമാനം ലഭിക്കുന്നതു ഇടത്തട്ടുകാരെ ഒഴിവാക്കി വനവിഭവങ്ങൾ നേരിട്ടു വിപണിയിൽ എത്തിക്കാൻ ബന്ധപ്പെട്ട കമ്മിറ്റികൾക്ക് കഴിയുന്നതു കൊണ്ടാണ്. ഏതെങ്കിലും കാരണവശാൽ ആദിവാസി ക്ലസ്റ്ററുകളിലെ ആർക്കെങ്കിലും ഒരു സീസണിൽ വിഭവശേഖരണത്തിനു പോകാൻ കഴിഞ്ഞില്ലെങ്കിലും അവർക്കു വേതനം ലഭ്യമാക്കാൻ കമ്മിറ്റികൾ നടപടി എടുക്കുന്നു. ആരും സാമ്പത്തിക ബുദ്ധിമുട്ടുകളിൽ പെടരുത് എന്ന കരുതലിന്റെ ഭാഗമായാണ് ഇത്.

ലോകസമന്വയ് പ്രതിഷ്ഠൻ എന്ന പ്രാദേശിക സന്നദ്ധ സംഘടനയിലെ പ്രതിഭാ ഷിൻഡെ പറയുന്നു: '2016 വരെ തൊഴിൽ തേടി ഓരോവർഷവും നിരവധിയാളുകൾ നന്ദുർബർ ജില്ലയിൽ നിന്നും പുറത്തേക്കു

---

*ttps://indianexpress.com/article/cities/mumbai/community-forest-rights-out-of-12009-claims-submitted-since-2006-61-27-per-cent-accepted-5211217/*

1 ഗുജറാത്തിലെ നർമദ
2 മഹാരാഷ്ട്രയിലെ ഗോന്ധ്യ
3 ഛത്തിസ്ഗഢിലെ രാജ്നന്ദ്ഗാവ്
4 മഹാരാഷ്ട്രയിലെ ധുലെ
5 ഗുജറാത്തിലെ കച്ച്

## മഹാരാഷ്ട്രയിലെ നന്ദുർബർ:
### ഗ്രാമത്തിൽ നിന്നുള്ള ഒഴിച്ചുപോക്കിൽ ഇടിവ്

6 മഹാരാഷ്ട്രയിലെ നന്ദുർബർ
7 പശ്ചിമ ബംഗാളിലെ അലിപുർദ്വാർ
8 മധ്യപ്രദേശിലെ ദിൻദോരി
9 കർണാടകയിലെ ചാമരാജ്നഗർ
10 ഒഡിഷയിലെ നയാഗഢ്

പോയിരുന്നു . കൃഷിപ്പണിക്കും മറ്റുമായി ആറുമാസത്തോളം കാലം അവർ പുറത്താണ് കഴിഞ്ഞിരുന്നത്. എന്നാൽ ഇപ്പോൾ സ്ഥിതി മാറി. കോവിഡ് 19 അടച്ചിടൽ കാലത്തുപോലും അവർക്കു തൊഴിൽ ഇവിടെ ത്തന്നെ ലഭ്യമായിരുന്നു. വനവിഭവങ്ങൾ ശേഖരിക്കൽ, ഗ്രാമീണ തൊഴിൽദാന പദ്ധതിയിൽ മരംനടൽ, കുളങ്ങൾ കുഴിക്കൽ, ജലസംഭരണ പ്രവർത്തനങ്ങൾ അങ്ങനെ പലതരത്തിലുള്ള ജോലികൾ അവർക്കു ഗ്രാമത്തിൽത്തന്നെ ലഭ്യമായി. ടോറൻമാൾ പ്രദേശത്തു വിപുലമായ ഒരു സമഗ്ര ജലസംരക്ഷണ പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ട്. ഓരോ തൊഴിലാളിക്കും പ്രതിദിനം 250300 രൂപ കൂലിയായി ലഭിക്കുന്നു മുണ്ട്. ഗ്രാമത്തിൽ നിൽക്കുന്നതുകൊണ്ടു അവർക്ക് പല നേട്ടങ്ങളുമുണ്ട്. വനവിഭവങ്ങൾ ശേഖരിക്കലും കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിൽ ശ്രദ്ധിക്കലും ഒക്കെ സാധ്യമാകും.'

കോവിഡ് 19 അടച്ചിടൽ കാലത്തു മരങ്ങളിൽ നിന്നു ശേഖരിച്ച പശ കിലോയ്ക്ക് 70 രൂപയ്ക്കാണ് വന സംരക്ഷണ സംഘങ്ങൾ ഇൻഡോർ, മുംബൈ കമ്പോളങ്ങളിൽ വിറ്റത്. അതിൽ ഗ്രാമവാസികൾക്ക് 50 രൂപ കൂലിയായി കിട്ടി. പത്തുരൂപ ബോണസ്സായും അവർക്കു കിട്ടി. കമ്പോളത്തിൽ മഹുവ വിറ്റത് കിലോ 50 രൂപയ്ക്കാണ്. അതിൽ 40 രൂപ കൂലിയായും അഞ്ചുരൂപ ലാഭവിഹിതമായും കിട്ടി. ഇങ്ങനെ കിട്ടിയ പണം കൊണ്ടു ഗ്രാമത്തിലെ കടയിൽ നിന്നു അടച്ചിടൽ കാലത്തും സാധനങ്ങൾ വാങ്ങാൻ ഗ്രാമവാസികൾക്ക് സാധ്യമായി.

കൂടുതൽ വനവിഭവങ്ങൾ ലഭിക്കുന്ന തരത്തിലുള്ള മരങ്ങൾ കമ്മിറ്റികൾ വഴി നട്ടുപിടിപ്പിക്കുന്നുണ്ട്. ഇത്തവണ അടച്ചിടൽ സമയത്തു മാവുകളാണ് കാര്യമായി നട്ടുപിടിപ്പിച്ചത്. ഭാവിയിൽ കൂടുതൽ വരുമാനത്തിനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും അതു സഹായകമാകും. ഇത്തവണ അവർ കൂടുതൽ വിഭവങ്ങൾ ശേഖരിക്കുകയും മെച്ചപ്പെട്ട കൂലിയും ബോണസും നേടുകയും ചെയ്തു. മഹുവയിൽ നിന്നും മരപ്പശയിൽ നിന്നുമാണ് ഇത്രയും നേട്ടങ്ങൾ അവരുണ്ടാക്കിയത്. ബാക്കിയുള്ള വനവിഭവങ്ങൾ കൂടുതൽ മെച്ചപ്പെട്ട വില കിട്ടാനായി അവർ കരുതിവെച്ചിരിക്കുകയാണ്.




*(ഇടത്ത്) വനവാസി സമുദായങ്ങൾ വനസംരക്ഷണ പ്രവർത്തനത്തിൽ*
*(വലത്ത്) വനവിഭവങ്ങൾ ഉപയോഗിച്ചു ഭക്ഷണം പാകം ചെയ്യുന്നു*

1 ഗുജറാത്തിലെ നർമദ
2 മഹാരാഷ്ട്രയിലെ ഗോന്ധ്യ
3 ഛത്തിസ്ഗഢിലെ രാജ്നന്ദ്ഗാവ്
4 മഹാരാഷ്ട്രയിലെ ധുലെ
5 ഗുജറാത്തിലെ കച്ച്


## പശ്ചിമ ബംഗാളിലെ ആലിപ്പൂർദ്വാർ:
### സാമൂഹിക വനസംരക്ഷണ പ്രവർത്തനങ്ങൾ


6 മഹാരാഷ്ട്രയിലെ നന്ദുർബർ
7 പശ്ചിമ ബംഗാളിലെ അലിപുർദ്വാർ
8 മധ്യപ്രദേശിലെ ദിൻദോറി
9 കർണാടകയിലെ ചാമരാജ്നഗർ
10 ഒഡിഷയിലെ നയാഗഢ്


— വിഷയങ്ങൾ —

**സംരക്ഷിത പ്രദേശങ്ങളിലെ വനസംരക്ഷണം, വനങ്ങളുടെ സാമൂഹിക നിയന്ത്രണം.**







*(ഇടത്ത്) സാമൂഹിക വനാവകാശം സംബന്ധിച്ചു കൊടൽബസ്തിയിൽ സ്ഥാപിച്ച ബോർഡ്*
*(വലത്ത്) ദക്ഷിണ മെന്ദബാരിയിൽ ജനങ്ങൾ സ്വയം അവകാശം പ്രഖ്യാപിക്കുന്ന ബോർഡ്*

പശ്ചിമബംഗാൾ സർക്കാർ ആദിവാസികളുടെ സാമൂഹിക വന നിയന്ത്രണാവകാശം ഇനിയും ഔദ്യോഗികമായി അംഗീകരിച്ചിട്ടില്ല. എന്നാൽ റെവ, സന്താൾ, മേച്ച, കൊച്ച തുടങ്ങിയ വനവാസി വിഭാഗങ്ങൾ വർഷങ്ങളായി തങ്ങളുടെ പ്രദേശങ്ങളിലെ വനങ്ങളിൽ പ്രവേശിക്കുകയും സാമൂഹിക ആവശ്യങ്ങൾ മുൻനിർത്തി സംരക്ഷണപ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു വരുന്നുണ്ട്. ആലിപ്പൂർദ്വാർ ജില്ലയിലെ ജല്ദാപാറ ദേശീയഉദ്യാനം, ബക്സാ കടുവാ സങ്കേതം തുടങ്ങിയ വനപ്രദേശങ്ങളിലാണ് അവർ കഴിയുന്നത്.

കൊളോണിയൽ ഭരണകാലത്തു വനവാസി സമൂഹങ്ങൾ വനഭൂമി വെട്ടിത്തെളിയിച്ചു തോട്ടങ്ങൾ നിർമിക്കുന്ന പണിയിലാണ് ഏർപ്പെട്ടിരുന്നത്. അതിനു അവർക്കു കൂലിയൊന്നും പലപ്പോഴും കിട്ടിയിരുന്നില്ല. 2009 വരെ വനം കുപ്പുകൾ വെട്ടിത്തെളിയിക്കുന്ന പ്രവൃത്തി ഫോറസ്റ്റ് ഡിപ്പാർട്മെന്റ് തുടർന്നു വന്നിരുന്നു. വനത്തിൽ അവകാശമൊന്നുമില്ലാതെ ആദിവാസികൾ അത്തരം പണികൾക്ക് നിയോഗിക്കപ്പെട്ടു. എന്നാൽ 2006ൽ വനാവകാശനിയമം വന്നതോടെ നിരവധി ആദിവാസി സമൂഹങ്ങൾ വനത്തിലെ തങ്ങളുടെ സാമൂഹിക അവകാശങ്ങൾക്കായി അപേക്ഷകൾ സമർപ്പിക്കാൻ തുടങ്ങി. അതോടെ വനം വെട്ടിത്തെളിയിക്കുന്ന പ്രവർത്തനം താരതമ്യേന അവസാനിച്ചു.

കൊടൽബസ്തി, ഉത്തര മെന്ദബാരി, ദക്ഷിണ മെന്ദബാരി തുടങ്ങിയ ആദിവാസി ഗ്രാമങ്ങളാണ് വനാവകാശ നിയമം ഉപയോഗിച്ചു തങ്ങളുടെ അവകാശ സംരക്ഷണത്തിൽ സംസ്ഥാനത്തു മുന്നിട്ടു നിന്നത്. വനങ്ങൾ വെട്ടിനശിപ്പിക്കുന്നതും കൊള്ള ചെയ്യപ്പെടുന്നതും തടയാനും അവിടെനിന്നു മൽസ്യവും വനവിഭവങ്ങളും വിറകും സംഭരിക്കാനും വനസംരക്ഷണത്തിനും അവർ പ്രവർത്തിച്ചു. പശ്ചിമ ബംഗാളിൽ വനങ്ങളിലെ തങ്ങളുടെ സാമൂഹികാവകാശം ആദ്യമായി പ്രഖ്യാപിച്ച ആദിവാസി സമൂഹം ജല്ദാപാറ ദേശീയ ഉദ്യാനത്തിലെ കൊടൽ ബസ്തി നിവാസികളാണ്. 2010ൽ സാമൂഹിക വനാവകാശത്തിനു അപേക്ഷ ഫയൽ ചെയ്ത ശേഷം അവർ ചെയ്തതു തങ്ങളുടെ പ്രദേശത്തെ വനത്തിൽ അവകാശം പ്രഖ്യാപിച്ചുകൊണ്ടു ഒരു ബോർഡ് തയ്യാറാക്കി സ്ഥാപിക്കുകയാണ്. ഈ പ്രദേശം നിയന്ത്രിക്കുന്നതും സംരക്ഷിക്കുന്നതും

1 ഗുജറാത്തിലെ നർമദ
2 മഹാരാഷ്ട്രയിലെ ഗോന്ധ്യ
3 ഛത്തിസ്ഗഢിലെ രാജ്നന്ദ്ഗാവ്
4 മഹാരാഷ്ട്രയിലെ ധൂലെ
5 ഗുജറാത്തിലെ കച്ച്

## പശ്ചിമ ബംഗാളിലെ ആലിപ്പൂർദ്വാർ:
### സാമൂഹിക വനസംരക്ഷണ പ്രവർത്തനങ്ങൾ

6 മഹാരാഷ്ട്രയിലെ നന്ദുർബർ
7 പശ്ചിമ ബംഗാളിലെ അലിപുർദ്വാർ
8 മധ്യപ്രദേശിലെ ദിൻദോരി
9 കർണാടകയിലെ ചാമരാജ്നഗർ
10 ഒഡിഷയിലെ നയാഗഡ്

സ്ഥലത്തെ ആദിവാസി സമൂഹമാണെന്നു അതിൽ പ്രഖ്യാപിച്ചു. അതിനുശേഷം വിവിധ പ്രദേശങ്ങളിൽ നിരവധി ആദിവാസിസമൂഹങ്ങൾ ഇങ്ങനെ തങ്ങളുടെ സാമൂഹിക അവകാശങ്ങൾ പ്രഖ്യാപിച്ചുകൊണ്ടു ബോർഡുകൾ സ്ഥാപിച്ചു. ചിലർ കോൺക്രീറ്റ് കൊണ്ടുള്ള സ്തൂപങ്ങൾ പോലും പണിതുവെച്ചു.

വനംവകുപ്പധികൃതർ വനപ്രദേശങ്ങളിൽ സംയുക്ത മാനേജ്മെന്റ് സംവിധാനത്തിനായി സമ്മർദ്ദം ചെലുത്തുന്നുണ്ടെങ്കിലും ആദിവാസികൾ അതിനു അനുകൂലമല്ല. സംയുക്ത സംവിധാനങ്ങൾ സർക്കാർ ഉദ്യോഗസ്ഥരുടെ താൽപര്യങ്ങൾക്കു അനുസരിച്ചാണ് പ്രവർത്തിക്കുന്നതെന്നും തങ്ങളുടെ അവകാശങ്ങൾ അതിൽ സംരക്ഷിക്കപ്പെടുന്നില്ലെന്നും ആദിവാസികൾ ചൂണ്ടിക്കാട്ടുന്നു. 2014ൽ ആലിപ്പൂർദ്വാർ, ജൽപൈഗുരി ജില്ലകളിലെ വനങ്ങളിലെ 99 ഗ്രാമങ്ങൾ റവന്യൂഗ്രാമങ്ങളായി വനാവകാശനിയമപ്രകാരം പ്രഖ്യാപിക്കുകയുണ്ടായി. എന്നാൽ അതു കടലാസ്സിൽ മാത്രമായിരുന്നു. അധികാരികളുടെ അനാസ്ഥ കാരണം ആദിവാസികൾക്കു സ്വന്തം അവകാശങ്ങൾ അംഗീകരിച്ചുകിട്ടുകയോ അതിന്റെ നേട്ടങ്ങൾ അനുഭവിക്കുകയോ ചെയ്യാൻ കഴിഞ്ഞില്ല.

2020 മെയ് മാസത്തിൽ അടച്ചിടൽ കാലത്തു ബംഗാളിൽ പലഭാഗത്തും അംഫൻ കൊടുംകാറ്റ് ആഞ്ഞു വീശി. ആലിപ്പൂർ ജില്ലയിൽ മഴ ശക്തിയായി പെയ്തെങ്കിലും കൊടുംകാറ്റ് കാര്യമായ നാശമൊന്നും വിതച്ചില്ല. കുർമൈബസ്തിയിലെ സുന്ദർ സിംഗ് റവ പറയുന്നു: 'വർഷങ്ങളായി നിരവധി ആദിവാസി സമൂഹങ്ങൾ വനസംരക്ഷണത്തിനായി പ്രവർത്തിച്ചിട്ടുണ്ട്. വനങ്ങളിലെ തങ്ങളുടെ അവകാശ സംരക്ഷണത്തിനും അവർ ശ്രമിച്ചിട്ടുണ്ട്. മുൻകാലത്തും കൂടൽബസ്തിയിലെ ഗ്രാമീണർ വനങ്ങളിൽ കൊള്ള നടക്കുന്നതു തടയാൻ മുന്നിട്ടിറങ്ങിയിട്ടുണ്ട്.

'ഇത്തവണ കൊടുംകാറ്റു കാലത്താണ് അടച്ചിടൽ വന്നത്. അതിനാൽ വനപ്രദേശങ്ങളിൽ ആദിവാസികൾ വളരെ കുറവായിരുന്നു. കാറ്റിൽ ധാരാളം മരങ്ങൾ നശിച്ചുപോയി എന്നു പറഞ്ഞു വനം വകുപ്പുകാർ ധാരാളം മരങ്ങൾ വെട്ടിനീക്കാൻ തയ്യാറെടുപ്പു നടത്തി. സത്യത്തിൽ പത്തു മരങ്ങൾ മാത്രമാണ് അവിടെ കാറ്റിൽ കടപുഴകിയത്. എന്നാൽ മരംവെട്ടു തകൃതിയായി തുടങ്ങിയപ്പോൾ ആദിവാസികൾ ഇടപെട്ടു അതു തടഞ്ഞു. കുറച്ചുകാലമായി പോലീസുകാർ പോലും ആദിവാസികളോടു അനുകൂലമായ നിലപാട് സ്വീകരിക്കാൻ തുടങ്ങിയിട്ടുണ്ട്. മുമ്പൊക്കെ വനംവകുപ്പുകാർ പറഞ്ഞതു മാത്രമാണ് അവർ വിശ്വാസത്തിൽ എടുത്തിരുന്നത്. പക്ഷേ പലതവണ ആദിവാസികളെ ഇങ്ങനെ പിടിച്ചുകൊണ്ടുപോയ ശേഷം വനംവകുപ്പുകാർ അവരെ അനാവശ്യമായി ഉപദ്രവിക്കുകയാണെന്നും ആദിവാസികൾ തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ശ്രമിക്കുക മാത്രമാണ് ചെയ്യുന്നതെന്നും ഇപ്പോൾ പോലീസിനും ബോധ്യമാകുന്നുണ്ട്.'

തൊട്ടടുത്ത ബക്സാ കടുവാസങ്കേതത്തിലെ ഗ്രാമമായ ഗരോബസ്തിയിലെ ആദിവാസിപ്രവർത്തകനായ ലാൽസിങ് ഭുജിൽ പറയുന്നത് ഇങ്ങനെയാണ്: 'അടച്ചിടൽ കാലത്തും ഞങ്ങൾ വനത്തിൽ പോയിരുന്നു. അവിടെ കാലികളെ മേയ്ക്കാനും വനവിഭവങ്ങൾ സംഭരിക്കാനുമാണ് ഞങ്ങൾ പോകുന്നത്. കാച്ചു, നരികെലി തുടങ്ങിയ പല ഇനങ്ങളും കാട്ടിൽ നിന്നുകിട്ടും. വനങ്ങളിൽ നിന്നുള്ള ഭക്ഷ്യഇനങ്ങൾ വളരെ പോഷകമൂല്യമുള്ളതാണ്. നിരവധി കുടുംബങ്ങൾ അതിനെ ആശ്രയിച്ചാണ് കഴിയുന്നത്. അടച്ചിടൽ കാലത്തു ഞങ്ങൾക്കു അതാണ് ആശ്രയമായത്. ഇനി ഗ്രാമത്തിൽ സഹകരണടിസ്ഥാനത്തിൽ കൃഷി ആരംഭിക്കാനാണ് ഞങ്ങളുടെ തീരുമാനം. ഗ്രാമവാസികളുടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും തൊഴിൽസാധ്യത വർധിപ്പിക്കാനും അതു സഹായിക്കും. മറ്റു പ്രദേശങ്ങളിലേക്കു തൊഴിൽതേടി പോയിരുന്ന ആളുകൾ ഇപ്പോൾ തിരിച്ചു വന്നിട്ടുണ്ട്. അവർക്കു വേണ്ടത്ര തൊഴിൽ സൗകര്യങ്ങൾ ഇവിടെയില്ല. ഗ്രാമസഭകളിലൂടെ പുതിയ പദ്ധതികൾ ഏറ്റെടുത്തു ഗ്രാമങ്ങളിൽ പുതിയ തൊഴിലവസരങ്ങൾ ഉണ്ടാക്കാനാണ് ഞങ്ങളുടെ ശ്രമം.'

1 ഗുജറാത്തിലെ നർമദ
2 മഹാരാഷ്ട്രയിലെ ഗോന്ധ്യ
3 ഛത്തിസ്ഗഢിലെ രാജ്നന്ദ്ഗാവ്
4 മഹാരാഷ്ട്രയിലെ ധുലെ
5 ഗുജറാത്തിലെ കച്ച്

## മധ്യപ്രദേശിലെ ദിൻദോറി
### വനിതാനേതൃത്വത്തിൽ കോവിഡ് 19 പ്രതിരോധം

6 മഹാരാഷ്ട്രയിലെ നന്ദുർബർ
7 പശ്ചിമ ബംഗാളിലെ അലിപുർദ്വാർ
8 മധ്യപ്രദേശിലെ ദിൻദോറി
9 കർണാടകയിലെ ചാമരാജ്നഗർ
10 ഒഡിഷയിലെ നയാഗഢ്

—— വിഷയങ്ങൾ ——

**പിവിടിജി സമൂഹങ്ങൾ , സ്ത്രീകളുടെ നേതൃത്വത്തിൽ ദുരിതാശ്വാസം, സഹായസംഘങ്ങളും പ്രചാരണപ്രവർത്തനങ്ങളും**





*(ഇടത്ത്) ബൈഗ ഗ്രാമത്തിലെ സ്തീകൾ വനത്തിലേക്ക്*
*(വലത്ത്) ബൈഗ ഗ്രാമത്തിൽ വൻദൂത് കാര്യക്രമം പ്രവർത്തകരുടെ യോഗം*

പ്രത്യേകമായ പ്രശ്നങ്ങൾ നേരിടുന്ന ആദിവാസി ഗ്രൂപ്പ് (പിവിടിജി) എന്ന വിഭാഗത്തിൽ പെടുന്ന ബൈഗ സമൂഹത്തിലെ അംഗങ്ങൾ അധിവസിക്കുന്ന നിബിഡ വനപ്രദേശമാണ് മധ്യപ്രദേശിലെ ബൈഗചക്ക. ഉമരിയ, ദിൻദോറി ജില്ലകളിലായി ഏതാണ്ട് 70 ഗ്രാമങ്ങൾ ഈ വനമേഖലയുടെ ഭാഗമായി നിലവിലുണ്ട്. 2008 മുതൽ ഈ സമൂഹങ്ങൾ തങ്ങളുടെ വനാവകാശ സംരക്ഷണത്തിനായി ശ്രമങ്ങൾ നടത്തിവരികയാണ്. അതിനായി അവരെ സഹായിക്കുന്നത് ഗ്രാംദൂത് കാര്യക്രം, ജംഗ്ൾ അധ്യായൻ മണ്ഡൽ എന്നീ രണ്ടു സന്നദ്ധസംഘടനകളാണ്. ആദിവാസികളുടെ വ്യക്തിപരമായ അവകാശങ്ങൾ സ്ഥാപിച്ചെടക്കുന്നതിനാണ് ആദ്യവർഷങ്ങളിൽ അവർ ഊന്നൽ നൽകിയത്. എന്നാൽ 2017മുതൽ വനങ്ങളിലെ സാമൂഹിക അവകാശങ്ങളും നിയന്ത്രണവും നിയമപരമായി നേടിയെടുക്കുന്നതിലാണ് അവർ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഇതിനകം ദിൻദോറി ബ്ലോക്കിലെ പത്തു ഗ്രാമപഞ്ചായത്തുകൾ തങ്ങളുടെ അവകാശം സംബന്ധിച്ച രേഖകൾ അധികൃതർക്ക് സമർപ്പിക്കുന്നതിനായി തയ്യാറാക്കി കഴിഞ്ഞു. അടച്ചിടൽ പ്രഖ്യാപിച്ച സമയത്തു തങ്ങളുടെ രേഖകളുമായി സർക്കാരിനെ സമീപിക്കാൻ അവർ തയ്യാറെടുത്തിരുന്നു.

ഈ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിയായ ബൽവന്ത് രഹങ്ങ്ടലെ പറയുന്നു: 'മധ്യപ്രദേശിൽ ആദിവാസി സാമൂഹിക വനാവകാശ സംരക്ഷണതിനു ഔദ്യോഗികതലത്തിൽ കാര്യമായ പ്രോത്സാഹനം ലഭിച്ചിട്ടില്ല. ആദിവാസികൾക്കു നൽകപ്പെട്ടത് പഴയ നിസ്താർ അവകാശങ്ങൾ മാത്രമാണ്. ആദിവാസി അവകാശങ്ങൾ സംരക്ഷിക്കാൻ ആദിവാസി ക്ഷേമവകുപ്പ് കൂടുതൽ താല്പര്യം എടുക്കേണ്ടതാണ്. അതിനായി രേഖകൾ ലഭ്യമാക്കാനും ഗ്രാമസഭകളെ ശാക്തീകരിക്കാനും അവകാശങ്ങൾ നേടിയെടുക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കാനും സർക്കാർ തയ്യാറാവണം. എന്നാൽ അതല്ല ഇന്നത്തെ സ്ഥിതി. വനം വകുപ്പുകാരാണ് കാര്യങ്ങൾ നിയന്ത്രിക്കുന്നത്. അവർ ആദിവാസി വനാവകാശ നിയമത്തെ മാത്രമല്ല, ഭരണഘടനയെപ്പോലും വെല്ലുവിളിക്കുകയാണ്. ഇന്നു ഗ്രാമസഭകളേക്കാൾ അധികാരം ഗ്രാമപഞ്ചായത്തുകൾക്കാണ്.

1 ഗുജറാത്തിലെ നർമദ | 2 മഹാരാഷ്ട്രയിലെ ഗോന്ധ്യ | 3 ഛത്തിസ്ഗഢിലെ രാജ്നന്ദ്ഗാവ് | 4 മഹാരാഷ്ട്രയിലെ ധുലെ | 5 ഗുജറാത്തിലെ കച്ച്

## മധ്യപ്രദേശിലെ ദിൻദോറി

### വനിതാനേതൃത്വത്തിൽ കോവിഡ് 19 പ്രതിരോധം

6 മഹാരാഷ്ട്രയിലെ നന്ദുർബർ | 7 പശ്ചിമ ബംഗാളിലെ അലിപുർദ്വാർ | 8 മധ്യപ്രദേശിലെ ദിൻദോറി | 9 കർണാടകയിലെ ചാമരാജ്നഗർ | 10 ഒഡിഷയിലെ നയാഗഢ്

'അതിനാൽ ദിൻദോറിയിലെ 22 പ ഞ്ചായത്തുകളിൽ ഞങ്ങൾ ചെയ്യുന്നത് ആദിവാസി വനാവകാശങ്ങളെ സംബന്ധിച്ചു ജനങ്ങളെ ബോധവത്കരിക്കാൻ കഴിവുള്ള സന്നദ്ധപ്രവർത്തകരെ പരിശീലിപ്പിച്ചെടുക്കുകയാണ്. സംസ്ഥാനത്തു പല ആദിവാസിസമൂഹങ്ങൾക്കും പരമ്പരാഗത നിസ്താർ അവകാശങ്ങൾ അംഗീകരിച്ചു കിട്ടിയിട്ടുണ്ട്. എന്നാൽ ഞങ്ങൾ പ്രവർത്തിക്കുന്ന പത്തു പഞ്ചായത്തുകളിലും വനാവകാശ നിയമ പ്രകാരമുള്ള സാമൂഹികാവകാശങ്ങൾ സംരക്ഷിക്കുന്നതിലാണ് ശ്രദ്ധിക്കുന്നത്. നിസ്താർ അവകാശം എന്നു പറയുന്നതു നിങ്ങൾ വാടകവീട് എടുക്കുന്നതു പോലെയാണ്. അതേസമയം, സാമൂഹിക വനാവകാശം നമ്മുടെ സ്വന്തം സ്ഥലത്തു ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന പോലെയാണ്.'

2009 മുതൽ ബൈഗചക്കയിലെ 24 പഞ്ചായത്തുകളിലെ ആദിവാസികൾ തങ്ങളുടെ വനങ്ങൾ സംരക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ശ്രമം നടത്തി വരുന്നുണ്ട്. എല്ലാവർഷവും ഫെബ്രുവരിമാർച്ച് മാസങ്ങളിൽ അവർ വനസംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി കാട്ടുതീ തടയാനുള്ള നടപടികൾ എടുക്കുന്നു. അതിനായി കാട്ടിൽ അതിരുകളിടുന്നു. ഗ്രാമസഭയുടെ അനുവാദമില്ലാതെ കാട്ടിൽ മരം മുറിക്കുന്നതു തടയുന്നു. ഗ്രാമസഭയുടെ നിയന്ത്രണത്തിലുള്ള വനങ്ങളിൽ പുറത്തു നിന്നുള്ളവർ അനുവാദമില്ലാതെ പ്രവേശിക്കുന്നത് തടയുന്നു. അത്തരം പ്രദേശങ്ങളിൽ വനവിഭവങ്ങൾ ഗ്രാമസമിതികളുടെ നിയന്ത്രണത്തിൽ ശേഖരിക്കുന്നു.

ബൈഗചക്കയിലെ മിക്ക ആദിവാസികളും പുറംലോകവുമായി കാര്യമായ ബന്ധമില്ലാതെയാണ് കഴിയുന്നത്. അവർക്കു മൊബൈൽ ഫോൺ സംവിധാനം പോലുമില്ല. സർക്കാർ അടച്ചിടൽ പ്രഖ്യാപിച്ചപ്പോൾ അവർക്കിടയിൽ വലിയ ആശയക്കുഴ പ്പം ഉണ്ടായി. കാരണം അടച്ചിടൽ കൊണ്ടു എന്താണ് ഉദ്ദേശിക്കുന്നത് എന്നു അവർക്കു വ്യക്തമല്ലായിരുന്നു. അതേസമയം, അടച്ചിടൽ അവർക്കു ഒരുപാടു പ്രശ്നങ്ങളും ഉണ്ടാക്കി. കാരണം തങ്ങളുടെ ദൈനംദിന ആവശ്യങ്ങൾക്കായി കാട്ടിലും കമ്പോളത്തിലും പോകുന്നതു ഒഴിവാക്കാൻ അവർക്കു കഴിയുമായിരുന്നില്ല. നഗരത്തിൽ എത്തുന്ന ആളുകളെ പോലീസ് മർദിക്കുന്നതായുള്ള വാർത്തകൾ ഗ്രാമത്തിലെത്തി. അതു അവർക്കിടയിൽ വലിയ ഭീതിയാണ് വിതച്ചത്.

മാർച്ച് 24 മുതൽ ഏപ്രിൽ 29 വരെ അടച്ചിടൽ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭിക്കാതെയാണ് ഗ്രാമത്തിൽ ജനങ്ങൾ കഴിഞ്ഞത്. ഏപ്രിൽ 29നാണ് സന്നദ്ധ സംഘടനകളുടെ പ്രവർത്തകർ ഗ്രാമീണരുടെ വിവിധ ആവശ്യങ്ങളുമായി ജില്ലാ കളക്ടറെ സമീപിച്ചത്. പ്രദേശത്തു ആദിവാസി ജനങ്ങളെ സഹായിക്കുന്ന പ്രവർത്തനങ്ങൾ തുടരാൻ അനുവദിക്കണം എന്ന് അവർ ആവശ്യപ്പെട്ടു. എല്ലാവർക്കും മൂന്നു മാസത്തെ റേഷൻ കിട്ടുന്നതായി അവർ ഉറപ്പുവരുത്തി. അതേപോലെ അടച്ചിടൽ സംബന്ധിച്ച സർക്കാർ നിർദേശങ്ങൾ എന്താണെന്നു കൃത്യമായി അറിയാനായി എല്ലാ ഗ്രാമങ്ങളിലും റേഡിയോയും മറ്റു വാർത്താവിനിമയ സംവിധാനങ്ങളും ലഭ്യമാക്കി. ഗ്രാമത്തിലെ ജനങ്ങളുടെ ആവശ്യങ്ങൾ സംബന്ധിച്ചു കളക്ടർക്കും താസിൽദാർക്കും വിവരം ലഭിക്കുന്നതിനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തി. ഗ്രാമത്തിൽ നിന്നും തൊഴിൽ തേടി പുറത്തുപോയ തൊഴിലാളികൾ മെയ് പകുതിയായതോടെ തിരിച്ചെത്താൻ തുടങ്ങി. അത്തരക്കാരെ ഗ്രാമത്തിലേക്കു അയക്കാതെ ജില്ലാ തലസ്ഥാനത്തു തന്നെ ക്വാറന്റൈനിൽ വെക്കാൻ അവർ നിർദേശിച്ചു. പുറത്തുനിന്ന് ആളുകൾ വനത്തിലൂടെ തങ്ങളുടെ ഗ്രാമത്തിലേക്കു കടക്കുന്നതു ഒഴിവാക്കാനായി ഗ്രാമീണർ വനാതിർത്തിയിൽ ബാരിക്കേഡുകൾ ഉയർത്തി. ഈ വനങ്ങളിലൂടെ ഛത്തിസ്ഗഢ് വനങ്ങളിലേക്കു കടക്കാമെന്നതിനാൽ പുറത്തുനിന്നു ആളുകൾക്ക് അവിടെ എത്താൻ കഴിയും.

സാമൂഹിക അകലം പാലിച്ചു ഗ്രാമങ്ങളിലെ സാമൂഹികജീവിതം അടച്ചിടൽ കാലത്തു ഭദ്രമായി കെട്ടിപ്പടുക്കുന്നതിൽ സ്ത്രീകളാണ് പ്രധാനമായ ഒരു പങ്കു വഹിച്ചത്. അവരുടെ പ്രവർത്തനങ്ങളിൽ പ്രധാനമായ ചിലത് ഇനിപ്പറയുന്നതാണ്:

1 ഗുജറാത്തിലെ നർമദ | 2 മഹാരാഷ്ട്രയിലെ ഗോന്ധ്യ | 3 ഛത്തിസ്ഗഢിലെ രാജ്നന്ദ്ഗാവ് | 4 മഹാരാഷ്ട്രയിലെ ധുലെ | 5 ഗുജറാത്തിലെ കച്ച്

# മധ്യപ്രദേശിലെ ദിൻദോറി

## വനിതാനേതൃത്വത്തിൽ കോവിഡ് 19 പ്രതിരോധം

6 മഹാരാഷ്ട്രയിലെ നന്ദുർബർ | 7 പശ്ചിമ ബംഗാളിലെ അലിപുർദ്വാർ | 8 മധ്യപ്രദേശിലെ ദിൻദോറി | 9 കർണാടകയിലെ ചാമരാജ്നഗർ | 10 ഒഡിഷയിലെ നയാഗഡ്

1). ജല സംഭരണത്തിനായി തോടുകളിലും ഹാൻഡ് പമ്പുകളിലും പൈപ്പ് ലൈനുകളിലും സ്ത്രീകൾ എത്തുമ്പോൾ തിരക്കു ഒഴിവാക്കാനുള്ള സംവിധാനങ്ങൾ ഒരുക്കി.
2). മരണം, ജനനം, വിവാഹം തുടങ്ങിയ സന്ദർഭങ്ങളിൽ ആളുകൾ എത്തുന്ന അവസരങ്ങളിൽ തിരക്കു ഒഴിവാക്കാനും സാമൂഹികഅകലം പാലിക്കാനും ചട്ടങ്ങൾ തയ്യാറാക്കി.
3). റേഷൻ കടകളിൽ തിരക്കു ഒഴിവാക്കാൻ ഓരോ ആദിവാസി ഊരിനും മാസത്തിൽ ഓരോ ദിവസം പ്രത്യേകമായി ഏർപ്പാടാക്കി.

1 ഗുജറാത്തിലെ നർമദ
2 മഹാരാഷ്ട്രയിലെ ഗോന്ധ്യ
3 ഛത്തിസ്ഗഢിലെ രാജ്നന്ദ്ഗാവ്
4 മഹാരാഷ്ട്രയിലെ ധുലെ
5 ഗുജറാത്തിലെ കച്ച്


# കർണാടകയിലെ ചാമരാജ്നഗർ

## ആദിവാസി സഹകരണ സംഘവും സംഘടനകളും


6 മഹാരാഷ്ട്രയിലെ നന്ദുർബർ
7 പശ്ചിമ ബംഗാളിലെ അലിപുർദ്വാർ
8 മധ്യപ്രദേശിലെ ദിൻദോറി
9 കർണാടകയിലെ ചാമരാജ്നഗർ
10 ഒഡിഷയിലെ നയാഗഡ്


**— വിഷയങ്ങൾ —**

**പ്രാദേശിക ആദിവാസി സംഘടനകൾ, സർക്കാർ ഉത്തരവാദിത്വം സംബന്ധിച്ച അവകാശവാദങ്ങൾ, സംരക്ഷിത പ്രദേശങ്ങളിലെ വനാവകാശങ്ങൾ.**




*(ഇടത്ത്) അമിയയും മറ്റു വനവിഭവങ്ങളും ശേഖരിക്കുന്നു*
*(വലത്ത്) തേക്കിൻ തോട്ടമാക്കിയ വനത്തിലെ കാടും പടർപ്പും വെട്ടിനീക്കുന്നു*

ബിലിഗുരി രങ്കസ്വാമി ക്ഷേത്ര (ബിആർടി) കടുവാ സംരക്ഷണ വനപ്രദേശത്തെ സോളിഗെ സമുദായക്കാരായ ആദിവാസികൾക്ക് പ്രകൃതിയുമായി അഭേദ്യമായ ബന്ധമാണുള്ളത്. ചാമരാജ്നഗർ ജില്ലയിലെ ഈ വനപ്രദേശത്തെ 25 ഗ്രാമസഭകൾക്ക് സാമൂഹിക വനാവകാശം 2011ൽ തന്നെ ലഭിച്ചതാണ്. പിന്നീട് ഇവിടെയുള്ള 10 ഗ്രാമങ്ങൾക്കു കൂടി അതു ലഭിച്ചു.സ്ഥലത്തെ മൊത്തം 61 പോടു അഥവാ ജനവാസകേന്ദ്രങ്ങളിൽ 35 ഗ്രാമസഭകളിലായുള്ള 42 കേന്ദ്രങ്ങൾക്കു വനാവകാശം ഇതിനകം നിയമപരമായി അംഗീകരിച്ചു കിട്ടിയിട്ടുണ്ട്. മറ്റു പത്തു കേന്ദ്രങ്ങളുടെ അവകാശവാദം സബ് ഡിവിഷൻ തലത്തിലും ഒമ്പതെണ്ണം ഗ്രാമസഭാ തലത്തിലും പരിഗണനയിലാണ്.

കോവിഡ് അടച്ചിടൽ വന്നപ്പോൾ സ്ഥലത്തെ ആദിവാസികൾക്കിടയിൽ അതു വലിയ പരിഭ്രാന്തി ഉയർത്തി. കാരണം മുൻകാലങ്ങളിൽ ഉണ്ടായ ഇത്തരം മഹാമാരികൾ സംബന്ധിച്ച സാമൂഹികമായ ഓർമ്മകൾ അവർക്കിടയിൽ സജീവമായി നിലനിൽക്കുന്നുണ്ട്. അതിനാൽ കോവിഡ് സംബന്ധമായ വിവരങ്ങൾ ജനങ്ങൾക്കിടയിൽ എത്തിക്കാൻ വിവിധ സന്നദ്ധസംഘടനകൾ രംഗത്തിറങ്ങി. പ്രാദേശിക സംഘങ്ങളായ ജില്ലാ ബുദ്ധക്കാട്ടു ഗിരിജന അഭിവൃദ്ധി സംഘം, താലൂക്ക് സോളിഗെ അഭിവൃദ്ധി സംഘം എന്നിവയാണ് ഗ്രാമസഭകളുമായി യോജിച്ചു കോവിഡ് ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്.

അടച്ചിടൽ കാലത്തിനു തൊട്ടുമുമ്പ് ബിആർടി കടുവാ സംരക്ഷണ പ്രദേശത്തെ 290 സോളിഗെ ആദിവാസികൾ തൊഴിൽ തേടി കുടക്, ഹാസൻ ജില്ലകളിലെ കാപ്പിത്തോട്ടങ്ങളിലും തൊട്ടടുത്ത തമിഴ്നാട്ടിലും കേരളത്തിലും എത്തിയിരുന്നു. ഈ തൊഴിലാളികൾക്കു അടച്ചിടൽ വലിയ പ്രതിസന്ധിയാണ് ഉയർത്തിയത്. അടച്ചിടൽ വന്നതോടെ തോട്ടം ഉടമകൾ മുന്നറിയിപ്പില്ലാതെ ജോലി നിർത്തിവെച്ചു. ഭക്ഷണത്തിനു പോലും വഴിയില്ലാതെ തൊഴിലാളികൾ വിഷമത്തിലായി. തൊഴിലാളികൾ സന്നദ്ധ പ്രവർത്തകർ വഴി ജില്ലാ അധികാരികളെ ബന്ധപ്പെട്ടു തങ്ങൾക്കു ഭക്ഷണവും മറ്റു അവശ്യസാധനങ്ങളും എത്തിക്കാൻ ആവശ്യപ്പെടുകയുണ്ടായി. കൊല്ലത്തിൽ നാലഞ്ചുമാസം ഈ ഗ്രാമങ്ങളിൽ നിന്നു നിരവധി കുടുംബങ്ങൾ

## കർണാടകയിലെ ചാമരാജ്നഗർ
### ആദിവാസി സഹകരണ സംഘവും സംഘടനകളും



തൊഴിൽ തേടി പുറത്തേക്കു പോകുന്നതു മുമ്പൊക്കെ പതിവാണ്. എന്നാൽ സാമൂഹിക വനാവകാശം ലഭ്യമായതോടെ കുടുംബങ്ങളുടെ ഒഴിച്ചുപോക്ക് അവസാനിച്ചു. ഇപ്പോൾ പ്രദേശത്തു വനവിഭവ സംഭരണ പ്രവർത്തനങ്ങളിലാണ് അവർ തൊഴിൽ കണ്ടെത്തുന്നത്.

അടച്ചിടൽ ഗ്രാമവാസികൾക്കു തുടക്കത്തിൽ വലിയ പ്രശ്നങ്ങൾ ഉണ്ടാക്കി. ഭക്ഷണവും മറ്റു അവശ്യവസ്തുക്കളും സൂക്ഷിച്ചു വയ്ക്കുന്ന സ്വഭാവക്കാരല്ല അവർ. സോളിഗെ കുടുംബങ്ങളിലെ അംഗങ്ങൾ എല്ലാദിവസവും കാട്ടിലേക്കു പോയി വനവിഭവങ്ങൾ ശേഖരിക്കും. കിഴങ്ങുകളും ഫലങ്ങളും ഇലകളുമൊക്കെയാണ് അവർ ശേഖരിക്കുന്നത്. അന്നന്നു കിട്ടുന്ന കൂലി കൊണ്ടാണ് അവർ നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നത്. പണി ഇല്ലാതായതോടെ ജില്ലാ അധികാരികളെ സമീപിച്ചു അവരുടെ പ്രതിനിധികൾ സൗജന്യറേഷനും മറ്റു അവശ്യവസ്തുക്കളും ആവശ്യപ്പെട്ടു. വനങ്ങളിൽ നിന്നു ശേഖരിച്ച വിഭവങ്ങളും സർക്കാർ നൽകിയ റേഷൻ വസ്തുക്കളും ഉപയോഗിച്ചാണ് അടച്ചിടൽ മാസങ്ങളിൽ അവർ കഴിഞ്ഞത്.

അവരുടെ പ്രധാന വരുമാനമാർഗങ്ങളിലൊന്ന് കാട്ടിൽ നിന്നും ശേഖരിക്കുന്ന തേനാണ്. ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള മാസങ്ങൾ അടച്ചിടൽ നിബന്ധനകൾ അയവു വരുത്താൻ തുടങ്ങിയ ഘട്ടമാണ്. ആ സമയത്താണ് അവർ തേൻ ശേഖരിച്ചു ആദിവാസി സഹകരണസംഘങ്ങളിൽ വിൽപനക്കായി എത്തിച്ചത്. ഇത്തവണ അവർക്കു ഒരു കിലോ തേനിനു 185 രൂപ വിലകിട്ടി. ഏജന്റുമാർ അതു കമ്പോളത്തിൽ വിറ്റത് കിലോയ്ക്ക് 200 രൂപ വെച്ചാണ്.

ബിആർടി കടുവാസങ്കേതത്തിലെ ബങ്ങളെപോടു ഗ്രാമക്കാരനായ കെത്തെ ഗൗഡ പറയുന്നു: 'ഞങ്ങൾ വനത്തിൽ നിന്ന് 28 ഇനം വസ്തുക്കൾ ശേഖരിക്കുന്നുണ്ട്. തേൻ, പൂക്കൾ, പഴങ്ങൾ, ഇലകൾ, ഔഷധച്ചെടികൾ, അംല, സോപ്പ്കായ അങ്ങനെ പലതും അതിലുണ്ട്. ഞങ്ങളുടെ വരുമാനത്തിൽ പകുതിയിലേറെയും ഇത്തരം സാധനങ്ങൾ വിറ്റു കിട്ടുന്നതാണ്. കിഴങ്ങുകളും പഴങ്ങളും ഇലകളും ഞങ്ങളുടെ ഭക്ഷണത്തിനാണ്.തേനും മറ്റും ഞങ്ങൾ സംഘത്തിൽ വില്പനക്ക് കൊടുക്കും. ഈ സഹകരണസംഘങ്ങൾ നേരത്തെ സർക്കാർ തുടങ്ങിയതാണ്. ഇപ്പോൾ ആദിവാസികൾ തന്നെയാണ് അവ നടത്തുന്നത്. അവയുടെ പ്രവർത്തനം വളരെ സഹായകരമാണ്. ഇത്തവണ അടച്ചിടൽ കാലത്തു ഞങ്ങൾ കഴിഞ്ഞതു സംഘങ്ങളുടെ സഹായം കൊണ്ടാണ്.'



*സോളിഗെ ഗ്രാമത്തിലെ ആദിവാസികൾ അടച്ചിടൽ കാലത്തു തേൻ ശേഖരിക്കുന്ന തിരക്കിലായിരുന്നു*

1 ഗുജറാത്തിലെ നർമദ
2 മഹാരാഷ്ട്രയിലെ ഗോന്ധ്യ
3 ഛത്തിസ്ഗഢിലെ രാജ്നന്ദ്ഗാവ്
4 മഹാരാഷ്ട്രയിലെ ധുലെ
5 ഗുജറാത്തിലെ കച്ച്

# ഒഡിഷയിലെ നയാഗഡ്:
## വനസംരക്ഷണവും ഭക്ഷ്യ സുരക്ഷയും

6 മഹാരാഷ്ട്രയിലെ നന്ദുർബർ
7 പശ്ചിമ ബംഗാളിലെ അലിപുർദ്വാർ
8 മധ്യപ്രദേശിലെ ദിൻദോറി
9 കർണാടകയിലെ ചാമരാജ്നഗർ
10 ഒഡിഷയിലെ നയാഗഡ്

**— വിഷയങ്ങൾ —**

**വനസംരക്ഷണം, സാമൂഹിക സംരക്ഷണവും പുനരുജ്ജീവനവും, വനങ്ങളിലെ ഭക്ഷ്യവൈവിധ്യം, പോഷകഗുണം.**




*(ഇടത്ത്) നാഥപുർ പ്രദേശത്തെ നിബിഢവനങ്ങൾ*
*(വലത്ത്) നാഥപുർ ഗ്രാമത്തിന്റെ ഒരു ദൃശ്യം*

നയാഗഡ് ജില്ലയിലെ നാഥപുർ ഗ്രാമത്തിലെ കൊന്ത് ആദിവാസി സമൂഹം പ്രദേശത്തെ തങ്കിറേഞ്ചിലെ വനങ്ങൾ പതിറ്റാണ്ടുകളായി സംരക്ഷിച്ചു വരികയാണ്. രാംപൂർ ബ്ലോക്കിലെ സ്ത്രീകൾക്ക് വനം സംരക്ഷണ പ്രവർത്തനങ്ങളിൽ ചുരുങ്ങിയതു നാലുപതിറ്റാണ്ടിന്റെയെങ്കിലും പാരമ്പര്യമുണ്ട്. ഇതൊക്കെയായിട്ടും സാമൂഹിക വനാവകാശത്തിനുള്ള അവരുടെ അപേക്ഷ അധികൃതർ ഇനിയും അംഗീകരിച്ചിട്ടില്ല. വനസംരക്ഷണത്തിന്റെ പ്രാധാന്യം നാഥപുർ ഗ്രാമത്തിലെ ജനങ്ങൾ കാലങ്ങളായി തങ്ങളുടെ അനുഭവം കൊണ്ടു മനസ്സിലാക്കിയതാണ്. കാലാവസ്ഥാവ്യതിയാനം സംബന്ധിച്ച ചർച്ചകൾ ആരംഭിക്കും മുമ്പുതന്നെ അവർ വനസംരക്ഷണം തങ്ങളുടെ ചുമതലയായി ഏറ്റെടുത്തിരുന്നു.

1993ൽ പ്രാദേശിക വനംകൊള്ളക്കാരുടെ സംഘം വനങ്ങൾ വെട്ടിവെളുപ്പിയ്ക്കാൻ ആരംഭിച്ച കാലത്താണ് ജനങ്ങൾ സംഘടിതമായി വനസംരക്ഷണ പ്രവർത്തനത്തിനു ഇറങ്ങിയത്. 200405കാലത്തു വനം വകുപ്പ് വൈദേശിക ഇനം മരങ്ങൾ വെച്ചുപിടിപ്പിച്ചു പുതിയ തോട്ടങ്ങൾ നിർമിക്കാനുള്ള പദ്ധതി തയ്യാറാക്കി. നാഥപുർ, കരടപ്പള്ളി ഗ്രാമങ്ങളിലെ സാമൂഹിക വനപ്രദേശങ്ങളിൽ വിദേശ ഇനം മരങ്ങളും മുളയും വെച്ചുപിടിപ്പിക്കാനാണ് വനംവകുപ്പ് തയ്യാറായത്. അതിനായി ഗ്രാമീണരുടെ അനുമതി തേടാനൊന്നും വനംവകുപ്പുകാർ തയ്യാറായില്ല. പദ്ധതി സംബന്ധിച്ച ജനങ്ങളുടെ സംശയങ്ങൾ വർധിപ്പിക്കാൻ അതിടയാക്കി. ജനങ്ങൾ പദ്ധതിയെ എതിർത്തു. ഗ്രാമത്തിൽ ആവശ്യത്തിലധികം മുള ലഭ്യമാണെന്ന് അവർ ചൂണ്ടിക്കാട്ടി. ശാലിയ, കണ്ടാ എന്നീ രണ്ടിനം മുളകളും ഗ്രാമത്തിൽ ധാരാളമായി വളരുന്നുണ്ട്.

വനങ്ങളിൽ പുറത്തു നിന്നുള്ള ഇടപെടലുകളെ ഗ്രാമീണർ ചെറുത്തുനിന്നു. വനങ്ങളെ സംരക്ഷിക്കാനായി അവർ ഊഴമിട്ടു കാവൽ നിൽക്കാൻ തടുങ്ങി. വനത്തിൽ അന്യരുടെ കടന്നുകയറ്റം തടയാനായി

യുവാക്കൾ റോന്തുചുറ്റുന്ന പാരമ്പര്യത്തിനു അവർ തെങ്ങപ്പള്ളി എന്നാണ് പേരു വിളിക്കുന്നത്. സഭാവികമായ രീതിയിൽ വനം പടർന്നുപിടിക്കുന്ന പുനരുജ്ജീവന പ്രക്രിയയെയാണ് അവർ പ്രോത്സാഹിപ്പിച്ചത്. പക്ഷികളും പ്രാണികളും വിത്തുകൾ വിതരണം ചെയ്യും. മഴയും കാറ്റും അവയെ കുടുതൽ വിദൂരങ്ങളിലേക്കു എത്തിക്കും. അങ്ങനെ വർഷങ്ങൾ കഴിയുന്നതോടെ വനം കൂടുതൽ നിബിഡവും വിപുലവുമായി മാറും. നാഥപുർ ഗ്രാമത്തിലെ അനുഭവങ്ങൾ ചൂണ്ടിക്കാണിക്കുന്നത് വനങ്ങളുടെ പുനരുദ്ധാരണത്തിന് ഏറ്റവും നല്ലതു അതിനെ അതിന്റെ വഴിക്കു വിടുകയെന്നതാണ്. ചുരുങ്ങിയ കാലം കൊണ്ടു വനം കുടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിക്കും. ജില്ലയിൽ 2013 മുതൽ 24 സാമൂഹിക വനാവകാശ അപേക്ഷകൾ സർക്കാർ പരിഗണനയിലാണ്. എന്നാൽ നാഥപുരിലും മറ്റു പല ഗ്രാമങ്ങളിലും തങ്ങളുടെ പ്രദേശത്തെ വനസംരക്ഷണവും നിയന്ത്രണവും വിഭവശേഖരണവും ഗ്രാമീണർ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്.

അച്ചിടൽ കാലത്തു ഗ്രാമത്തിലെ മുഴുവൻ ജനങ്ങൾക്കും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുകയും പോഷകമൂല്യമുള്ള വിഭവങ്ങൾ എല്ലാവർക്കും എത്തിക്കാൻ ശ്രദ്ധിക്കുകയും വഴി നാഥപുർ ആദിവാസികൾ ഒരു മാതൃകയാണ് സൃഷ്ടിച്ചത്. പാരമ്പര്യമായി, ഗ്രാമീണർ തങ്ങളുടെ ഭക്ഷണാവശ്യത്തിനു വനവിഭവങ്ങളെ ആശ്രയിച്ചു വരുന്നതാണ്. ധാരാളം കിഴങ്ങുകളും വേരുകളും ഇലകളും പൂക്കളും പഴങ്ങളും അവർ ശേഖരിച്ചു വിലപ്ന നടത്തുകയും തങ്ങളുടെ ഭക്ഷ്യാവശ്യങ്ങൾക്കു ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. പലതും പച്ചയ്ക്കു കഴിക്കാം, ചിലതൊക്കെ വേവിച്ചോ പൊരിച്ചോ ചുട്ടോ കഴിക്കാം. അരിയാഹാരത്തിന്റെയും മറ്റു ധാന്യങ്ങളുടെയും കൂടെ കഴിക്കാവുന്നതാണു വേറെ പലതും.





*(ഇടത്ത്) സിയാൽ ഇലകൾ കൊണ്ടു നിർമിച്ച പാത്രങ്ങൾ*
*(വലത്ത്) ഇലകൾ കൂട്ടിക്കെട്ടി സ്ത്രീകൾ പ്ലേറ്റുകൾ നിർമിക്കുന്നു*

## ഒഡിഷയിലെ നയാഗഡ്:
### വനസംരക്ഷണവും ഭക്ഷ്യ സുരക്ഷയും



നാഥപുർ ഗ്രാമത്തിലെ മുതിർന്ന വനിതയായ സചല പ്രധാൻ പറയുന്നു: 'അടച്ചിടൽ കാലത്തു ഞങ്ങളുടെ ഭക്ഷണത്തിൽ വലിയ പങ്കു നൽകിയത് വനവിഭവങ്ങളാണ്. കാട്ടിൽ നിന്നും പലതരം കിഴങ്ങുകളും ഇലകളും കൂണും മറ്റു വിഭവങ്ങളും കിട്ടിയിരുന്നു. ആദിവാസികളായ ഞങ്ങൾ മാത്രമല്ല ഈ കാടുകളെ ആശ്രയിച്ചു കഴിയുന്നത്. തൊട്ടടുത്തുള്ള നെയ്ത്തുകാരുടെ ഗ്രാമത്തിലെ അമ്പതോളം കുടുംബങ്ങൾ വനത്തിൽ നിന്നുള്ള മുളയും മറ്റു ഇനങ്ങളും ശേഖരിച്ചാണ് കുട്ടയും മറ്റും മെടയുന്നത്. ഈ വനങ്ങളുടെ സംരക്ഷണത്തിനു ഞങ്ങൾ നടത്തിയ ശ്രമങ്ങളുടെ ഗുണഫലം ഒരുപക്ഷേ അനുഭവിക്കാൻ എന്റെ തലമുറയ്ക്ക് കഴിഞ്ഞില്ലെന്നുവരാം; പക്ഷേ വനങ്ങളിലെ അവകാശങ്ങൾ ഭാവി തലമുറകൾക്കു ഗുണം ചെയ്യും.'

അവർ തുടരുന്നു: 'മാരകരോഗങ്ങളുടെ ഈ സമയത്തു ടെണ്ടുഇലകളും സിയാലി ഇലകളും ശേഖരിച്ചാണ് ഞങ്ങൾ വരുമാനമുണ്ടാക്കിയത്. അതിനാൽ വനം ഞങ്ങൾക്ക് ഒരു സാമൂഹിക സുരക്ഷാകവചമായാണ് നിലകൊണ്ടത്. വനങ്ങൾ മനുഷ്യർക്ക് മാത്രമല്ല, മൃഗങ്ങൾക്കും കന്നുകാലികൾക്കും ആശ്രയമായി. അവർക്കു തീറ്റയും സുരക്ഷയും നല്കിയത് വനമാണ്.'

അടച്ചിടൽ കാലത്തു വ്യത്യസ്തമായ പലതരം വിഭവങ്ങൾ ഗ്രാമീണർ വനത്തിൽ നിന്നു ശേഖരിച്ചു കഴിക്കുകയുണ്ടായി. പോഷകാഹാര കുറവിന് പരിഹാരമാകുന്ന പോഷകങ്ങൾ വനവിഭവങ്ങളിൽ അടങ്ങിയിരിക്കുന്നു. പോഷകാഹാരക്കുറവു മൂലമുള്ള പല രോഗങ്ങൾക്കും അതു പരിഹാരമാണ്. ഇതു അനുഭവങ്ങളുടെ അടിസ്ഥാനത്തിലുള്ള ഒരു നിരീക്ഷണമാണ്. .ഇതുസംബന്ധിച്ച പഠനങ്ങൾ അനിവാര്യവുമാണ്. എന്നാൽ വനങ്ങളും അതിലെ വിഭവങ്ങളും ജൈവവൈവിധ്യവും കൂടുതൽ മെച്ചപ്പെട്ടതും പോഷണമുള്ളതുമായ ഒരു ഭക്ഷ്യരീതി ഗ്രാമീണർക്കു നൽകുന്നുണ്ട്. അതു അവരുടെ ആരോഗ്യത്തെ കൂടുതൽ മെച്ചപ്പെട്ടതാക്കുന്നുമുണ്ട്.

1 ഗുജറാത്തിലെ നർമദ
2 മഹാരാഷ്ട്രയിലെ ഗോന്ധ്യ
3 ഛത്തിസ്ഗഢിലെ രാജ്നന്ദ്ഗാവ്
4 മഹാരാഷ്ട്രയിലെ ധുലെ
5 ഗുജറാത്തിലെ കച്ച്

## പ്രധാന പാഠങ്ങൾ

6 മഹാരാഷ്ട്രയിലെ നന്ദുർബർ
7 പശ്ചിമ ബംഗാളിലെ അലിപുർദ്വാർ
8 മധ്യപ്രദേശിലെ ദിൻദോറി
9 കർണാടകയിലെ ചാമരാജ്നഗർ
10 ഒഡിഷയിലെ നയാഗഢ്

ഈ പഠനത്തിലെ ഉദാഹരണങ്ങളിൽ നിന്നു വ്യക്തമാകുന്നതു പോലെ വനാവകാശ സംരക്ഷണ നിയമവും അതു നൽകുന്ന അവകാശങ്ങളും നിയന്ത്രണവും ആദിവാസികളെയും മറ്റു വനവാസി സമൂഹങ്ങളെയും കോവിഡ് അടച്ചിടൽ കാലത്തെ പ്രതിസസന്ധികളെ നേരിടാൻ ഫലപ്രദമായി സഹായിച്ചിട്ടുണ്ട്. ഈ പഠനങ്ങളിൽ നിന്നു ചില പാഠങ്ങൾ ഉയർന്നുവരുന്നുണ്ട്. ഇവിടെ ചേർക്കാൻ കഴിഞ്ഞിട്ടില്ലാത്ത മറ്റു പല പഠനങ്ങളിലും ഇതേ പാഠങ്ങൾ തന്നെയാണ് കാണാൻ കഴിയുന്നത്. അവ താഴെ സൂചിപ്പിക്കുന്നവയാണ്:

1. പ്രാദേശിക സമൂഹം പ്രാദേശിക സങ്കീർണതകളെ കൂടുതൽ വ്യക്തമായി മനസ്സിലാക്കുകയും അതിനെ ഫലപ്രദമായി നേരിടുകയും ചെയ്യുന്നു. ഒരു പ്രധാന പാഠം പ്രാദേശിക വെല്ലുവിളികളെയും സങ്കീർണതകളെയും കൂടുതൽ കൃത്യമായി തിരിച്ചറിയുന്നതും മനസ്സിലാക്കുന്നതും പ്രാദേശിക ഭരണാധികാരികളേക്കാൾ ജനകീയ സംവിധാനങ്ങളാണ് എന്നതാണ്. തൽഫലമായി, വനാവകാശം പോലെയുള്ള നിയമങ്ങൾ വഴി ശാക്തീകരിക്കപ്പെട്ടാൽ തദ്ദേശീയ ആവശ്യങ്ങൾക്കു അനുസൃതമായ പരിഹാരങ്ങൾ നിർദ്ദേശിക്കാനും അവ വേഗത്തിലും ഫലപ്രദമായും നടപ്പിലാക്കാനും അവർക്കു കഴിയും. പ്രാദേശിക ഭരണകൂടങ്ങളേക്കാൾ മെച്ചപ്പെട്ട ഫലങ്ങൾ അതുവഴി അവർക്കു നേടാനാകുന്നു.
2. കൃത്യമായ അവകാശങ്ങളും ശാക്തീകൃതമായ ഗ്രാമസഭകളും ഗ്രാമങ്ങളിലെ ദാരിദ്ര്യവും ഒഴിച്ചുപോക്കും ഒഴിവാക്കാൻ സഹായകമാണ്. വനഭൂമിയിൽ കൃത്യമായ അവകാശം, വ്യക്തികളുടെയും ആദിവാസി വനവാസി സമൂഹങ്ങളുടെയും അവകാശ സംരക്ഷണം, പരമ്പരാഗത അവകാശങ്ങളുടെ പുനസ്ഥാപനം, വ്യത്യസ്തമായ ജീവനോപാധികളുടെ സംരക്ഷണം എന്നിവ വഴി ദാരിദ്ര്യം കുറക്കാനും തൊഴിൽ തേടി ഗ്രാമങ്ങളിൽ നിന്നു പുറത്തേക്കുള്ള ഒഴിച്ചുപോക്ക് അവസാനിപ്പിക്കാനും സാധ്യമാകും. സാമൂഹിക വനാവകാശവും ഗ്രാമസഭകളുടെ പ്രാദേശിക സ്വയംഭരണവും വന്നതോടെ തൊഴിൽ തേടി പുറത്തു പോകുന്നതു കുറഞ്ഞിട്ടുണ്ട്. ഗ്രാമങ്ങളിൽ തന്നെ പുതിയ തൊഴിലവസരങ്ങൾ അതു സൃഷ്ടിച്ചു. ഇതു വളരെ പ്രധാനമായ ഒരു നിരീക്ഷണമാണ്. കാരണം പ്രവാസി തൊഴിലാളികളുടെ ജീവിതവും തൊഴിൽ സാഹചര്യങ്ങളും വേതനവും അത്രയേറെ പരിതാപകരമാണ്.
3. ജനകീയ സംരക്ഷണത്തിലുള്ള പാരിസ്ഥിതിക പ്രദേശങ്ങൾ കൂടുതൽ ആരോഗ്യകരവും വൈവിധ്യപൂർണവുമാണ്; അവ ബന്ധപ്പെട്ട സമൂഹങ്ങളെ പ്രതിസന്ധി നേരിടാൻ സന്നദ്ധരാക്കുന്നു. ജനകീയ മേൽനോട്ടത്തിൽ സംരക്ഷിതമായ പാരിസ്ഥിതിക പ്രദേശങ്ങൾ കൂടുതൽ ശക്തവും സമ്പന്നവും പ്രതിസന്ധിഘട്ടങ്ങളിൽ സമൂഹങ്ങളുടെ നിലനിൽപിന് സഹായകവുമാണ്. ഗ്രാമീണരുടെ സാമൂഹിക വനാവകാശവും അതിലൂടെയുള്ള സംരക്ഷണ പ്രവർത്തനങ്ങളും അടച്ചിടൽ കാലത്തു പല ആദിവാസി സമൂഹങ്ങളെയും പിടിച്ചുനിൽക്കാൻ സഹായിച്ചു. ഭക്ഷണവും വരുമാനവും അവർക്കു ഉറപ്പുനല്കിയതു വനവിഭവങ്ങളാണ്.
4. പ്രാദേശിക വിജ്ഞാനത്തിൽ അധിഷ്ഠിതമായ പരിസ്ഥിതി സംരക്ഷണ പ്രവർത്തനവും വന പുനരുജ്ജീവനശ്രമങ്ങളും സർക്കാർ വനവത്കരണ പദ്ധതികളെക്കാൾ പ്രായോഗികവും മെച്ചപ്പെട്ടതുമാണ്. ഗുജറാത്തിലെ ബന്നി വനമേഖലയിൽ പ്രാദേശിക അറിവുകളുടെ അടിസ്ഥാനത്തിൽ ജലസ്രോതസ്സുകൾ ശക്തിപ്പെടുത്തിയതും വിപുലപ്പെടുത്തിയതും വഴി അടച്ചിടൽ കാലത്തു ഇടയസമൂഹത്തിനും കന്നുകാലികൾക്കും ജലലഭ്യത ഉറപ്പുവരുത്താൻ സാധിക്കുകയുണ്ടായി. പ്രാദേശിക മൽദാരി സമൂഹം കാലങ്ങളായി ജലസ്രോതസ്സുകൾ, മണ്ണ്, വനങ്ങൾ, വന്യജീവികൾ എന്നിവ സംബന്ധിച്ചു നേടിയെടുത്ത വിപുലമായ ജ്ഞാനമാണ് പ്രതിസന്ധിയെ നേരിടുന്നതിനുള്ള ഫലപ്രദമായ ആസൂത്രണത്തിനു സഹായിച്ചത്.
5. വിഭവങ്ങളും അധികാരവുമുണ്ടെങ്കിൽ പ്രാദേശിക .ഭരണസമിതികൾ പ്രാദേശിക താൽപര്യങ്ങളിൽ ഊന്നിയുള്ള ആസൂത്രണത്തിനു പ്രാപ്തരാണ്. വനങ്ങളുടെ മേൽ സാമൂഹിക നിയന്ത്രണാവകാശ

1 ഗുജറാത്തിലെ നർമദ | 2 മഹാരാഷ്ട്രയിലെ ഗോന്ധ്യ | 3 ഛത്തിസ്ഗഢിലെ രാജ്നന്ദ്ഗാവ് | 4 മഹാരാഷ്ട്രയിലെ ധുലെ | 5 ഗുജറാത്തിലെ കച്ച്

## പ്രധാന പാഠങ്ങൾ

6 മഹാരാഷ്ട്രയിലെ നന്ദുർബർ | 7 പശ്ചിമ ബംഗാളിലെ അലിപുർദ്വാർ | 8 മധ്യപ്രദേശിലെ ദിൻദോറി | 9 കർണാടകയിലെ ചാമരാജ്നഗർ | 10 ഒഡിഷയിലെ നയാഗഢ്

വും അവയുടെ വിനിയോഗത്തിനു ഗ്രാമസഭകൾക്ക് അധികാരവുമുള്ള സാഹചര്യത്തിൽ ആദിവാസി സമൂഹങ്ങൾ തങ്ങളുടെ ദീർഘകാല സാമൂഹികലക്ഷ്യങ്ങൾ മുന്നിൽ വെച്ചാണ് പ്രവർത്തിക്കുക. എല്ലാവർക്കും ജീവനോപാധികളും ഭക്ഷണവും ഉറപ്പാക്കുകയും വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ കാര്യങ്ങളിൽ നിക്ഷേപം നടത്തുകയും ചെയ്യാൻ അവർ തയ്യാറാവും. വനാവകാശങ്ങൾ അംഗീകരിക്കപ്പെട്ട ഇടങ്ങളിൽ കോവിഡ് അടക്കമുള്ള പ്രതിസന്ധിയെ നേരിടാൻ പര്യാപ്തമായ നയങ്ങളാണ് ആദിവാസികൾ ആവിഷ്കരിച്ചത്.

6. വനവിഭവങ്ങളിലുള്ള ഉടമസ്ഥാവകാശം കോവിഡ് അടച്ചിടൽ കാലത്തും മെച്ചപ്പെട്ടതും സമയബന്ധിതവുമായ ജീവനോപാധികൾ കണ്ടെത്താൻ സഹായിച്ചു. ആദിവാസി കുടുംബങ്ങൾക്കു അടച്ചിടൽ കാലത്തു വരുമാനം ഉറപ്പാക്കിയതു വനവിഭവങ്ങളായ മഹുവ, തേൻ ,ടെൻഡു ഇലകൾ തടുങ്ങിയ വിഭവങ്ങളുടെ സംഭരണവും സാമൂഹിക നിയന്ത്രണത്തിലുള്ള വിപണനവും വഴിയാണ്. ഗ്രാമസഭകൾക്കു വിപണി ഇടപെടലിലൂടെ സംഭരിക്കാൻ കഴിഞ്ഞ ധനം കൂടുതൽ സാമൂഹികമൂല്യമുള്ള വികസന പദ്ധതികളിൽ നിക്ഷേപിക്കാനും അതുവഴി ആദിവാസികൾക്കും മറ്റു വനവാസികൾക്കും കൂടുതൽ മെച്ചപ്പെട്ട ജീവനം ഉറപ്പാക്കാനും സഹായിച്ചു.
7. പ്രാദേശിക ഭരണസ്ഥാപനങ്ങൾക്ക് വിഭവങ്ങളും അധികാരവുമുണ്ടെങ്കിൽ സമൂഹത്തിലെ പിന്നിൽ കിടക്കുന്നവരുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ അവർക്കു സാധിക്കും. വനവാസി സമൂഹങ്ങളിലെ ഏറ്റവും പിന്നിൽ നിൽക്കുന്ന വിഭാഗങ്ങൾക്ക് ബന്ധപ്പെട്ട ഗ്രാമസഭകൾ സഹായം എത്തിക്കാൻ പ്രത്യേകം ശ്രദ്ധിച്ചതായി പഠനങ്ങളിൽ വ്യക്തമാണ്. സ്ത്രീകളും കുട്ടികളും, ഭൂരഹിതർ, ഇടയർ, പ്രത്യേകമായ അവശതകൾ നേരിടുന്ന വിഭാഗങ്ങൾ തുടങ്ങിയവരുടെ താൽപര്യങ്ങൾക്കായി ഗ്രാമസഭകൾ സവിശേഷമായ ഊന്നൽ നൽകുകയുണ്ടായി.
8. ജൈവവൈവിധ്യവും കൃഷിവൈവിധ്യവും ഉറപ്പാക്കുന്ന ദീർഘകാല പദ്ധതികൾ പ്രതിസന്ധിഘട്ടങ്ങളെ നേരിടാൻ ഗ്രാമീണ സമൂഹങ്ങളെ കൂടുതൽ സജ്ജരാക്കുന്നു. ജൈവവൈവിധ്യവും കൃഷിവൈവിധ്യവും ഉറപ്പാക്കാനും മികച്ച വിത്തുകളുടെ വിതരണത്തിനും സംരക്ഷണത്തിനും പ്രായോഗികമായ നടപടികൾ സ്വീകരിക്കുന്നതു ഗ്രാമീണ സമൂഹങ്ങൾക്കു വിഷമസന്ധികളെ മറികടക്കാനുള്ള ശേഷി വർധിപ്പിക്കുന്നു. തദ്ദേശീയ കൃഷിരീതികളുടെ വ്യാപനവും വിത്തുത്സവവും പോലുള്ള പരിപാടികളിലൂടെ പ്രാദേശിക കൃഷിരീതികളും ജൈവവൈവിധ്യവും സംരക്ഷിക്കാനും വ്യാപിപ്പിക്കാനും സാധ്യമാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ വെല്ലുവിളികളെ നേരിടാനും വികേന്ദ്രീകൃത കൃഷിരീതികൾ സഹായകമാണ്.
9. ആദിവാസി മേഖലകളിലെ സമ്പദ്ഘടന മെച്ചപ്പെടുത്തുന്നതിനു വനാവകാശ നിയമത്തിലെ വ്യക്തിഗതസാമൂഹിക അവകാശ സംരക്ഷണചട്ടങ്ങളും ഗ്രാമീണ തൊഴിൽദാന പദ്ധതിയും സംയോജിപ്പിച്ചുള്ള നയപരിപാടികൾ ആവിഷ്ക്കരിച്ചാൽ പ്രയോജനപ്രദമാണ്. കോവിഡ് അടച്ചിടൽ നടപടികളുടെ പ്രധാന ഇരകൾ തൊഴിൽ നഷ്ടമായ പ്രവാസി തൊഴിലാളികളും പ്രാദേശിക തൊഴിലാളികളുമാണ്. പ്രാദേശിക തൊഴിലാളികൾക്കും തിരിച്ചുവന്ന പ്രവാസികൾക്കും തൊഴിൽ ഉറപ്പാക്കാൻ വനവും പ്രാദേശിക തലത്തിൽ ലഭ്യമായ ഭൂമിയും ഉപയോഗിച്ചുള്ള പദ്ധതികൾ ഗ്രാമസഭകളെ സഹായിച്ചു. പൊതു ആവശ്യങ്ങൾ മുൻനിർത്തിയുള്ള പരമ്പരാഗതമായ സാമൂഹ്യ പ്രവർത്തനങ്ങൾ തിരിച്ചുകൊണ്ടുവരാനും അടച്ചിടൽ കാലത്തെ പ്രതിസന്ധികൾ പല ഗ്രാമങ്ങൾക്കും പ്രചോദനമായി.

1 ഗുജറാത്തിലെ നർമദ | 2 മഹാരാഷ്ട്രയിലെ ഗോന്ധ്യ | 3 ഛത്തിസ്ഗഢിലെ രാജ്നന്ദ്ഗാവ് | 4 മഹാരാഷ്ട്രയിലെ ധുലെ | 5 ഗുജറാത്തിലെ കച്ച്

## നിഗമനങ്ങൾ

6 മഹാരാഷ്ട്രയിലെ നന്ദുർബർ | 7 പശ്ചിമ ബംഗാളിലെ അലിപുർദ്വാർ | 8 മധ്യപ്രദേശിലെ ദിൻദോറി | 9 കർണാടകയിലെ ചാമരാജ്നഗർ | 10 ഒഡിഷയിലെ നയാഗഡ്

വനങ്ങളെയും മറ്റു പാരിസ്ഥിതിക ഘടകങ്ങളെയും അടിസ്ഥാനമാക്കി ജീവിക്കുന്ന സമൂഹങ്ങളിൽ ഒരു വലിയ പങ്കിനും ഇന്നും കൃത്യമായ നിയമപിൻബലമുള്ള അവകാശങ്ങൾ വനങ്ങളിലും മറ്റു സമാനപ്രദേശങ്ങളിലും ലഭ്യമായിട്ടില്ല. അതിനാൽ സാമൂഹികവും രാഷ്ട്രീയവും പാരിസ്ഥിതികവും സാമ്പത്തികവുമായ പല തരത്തിലുള്ള വെല്ലുവിളികളും അവർ നേരിടേണ്ടി വരുന്നുണ്ട്. അതു അവരുടെ മോശമായ സാമൂഹികാവസ്ഥയെ കൂടുതൽ പരിതാപകരമാക്കുന്നു. പ്രത്യേകിച്ചും കോവിഡ് പ്രതിസന്ധി പോലുള്ള ഘട്ടങ്ങളിൽ ഇതു കൂടുതൽ പ്രകടമാണ്.വനപ്രദേശങ്ങളിൽ സാമൂഹിക വനാവകാശം നൽകാവുന്നതായി ഇന്ത്യയിൽ (അഞ്ചു വടക്കുകിഴക്കൻ സംസ്ഥാനങ്ങളും ജമ്മു കാശ്മീരും ഒഴിച്ച്) കണക്കാക്കിയിരിക്കുന്നത് ഏതാണ്ട് 85.6 ദശലക്ഷം ഏക്കർ (34.6 ദശലക്ഷം ഹെക്ടർ) ഭൂമിയാണ്. പട്ടികവർഗ്ഗത്തിലെയും പാരമ്പര്യ വനവാസി സമൂഹങ്ങളിലെയും മൊത്തം 200 ദശലക്ഷം ആളുകൾക്കാണ് വനാവകാശ നിയമപ്രകാരം ഭൂമിയ്ക്ക് അർഹതയുള്ളത്. അവർ 170,000 ഊരുകളിലായാണ് കഴിയുന്നത്. എന്നാൽ, 2016ലെ കണക്കുകൾ പ്രകാരം അതിന്റെ വെറും 3 ശതമാനത്തിനു മാത്രമാണ് അവകാശങ്ങൾ നല്കാൻ കഴിഞ്ഞിട്ടുള്ളത്.

അതേസമയം, രാജ്യത്തെ വലിയ പങ്കു സ്വാഭാവിക പരിസ്ഥിതി സങ്കേതങ്ങളും പലതരത്തിലുള്ള വെല്ലുവിളികളും തകർച്ചയും നേരിടുകയാണ്. വികസനത്തിന്റെ പേരിലുള്ള കടന്നുകയറ്റവും വനം, വന്യജീവി, ജൈവവൈവിധ്യ നിയമങ്ങളുടെ പേരിലുള്ള നിരോധനങ്ങളുമാണ് അതിനു കാരണമായിരിക്കുന്നത്. കാലാവസ്ഥാ വ്യതിയാനം ഉയർത്തുന്ന പ്രശ്നങ്ങൾ ഇതിനുപുറമെയാണ്. അതിനാൽ, നേരത്തെ വിവരിച്ച അനുഭവ പാഠങ്ങളുടെ പശ്ചാത്തലത്തിൽ ചില അടിയന്തിരവും ദീർഘകാലാടിസ്ഥാനത്തിൽ ഉള്ളതുമായ പരിഹാര നടപടികളെക്കുറിച്ചു ആലോചിക്കേണ്ടതുണ്ട്. പ്രാദേശിക സ്വയംഭരണവും ശാക്തീകരണവും ആദിവാസി ജനങ്ങളിലേക്ക് എത്തുന്നതിനുള്ള നടപടികളാണ് ലക്ഷ്യമിടേണ്ടത്.

അതിനു സഹായകമായ ചില നടപടികൾ താഴെ പറയുന്നവയാണ്:

വനാവകാശനിയമം, പെസ നിയമം തടുങ്ങിയ നിയമങ്ങൾ സമഗ്രമായി നടപ്പിലാക്കുന്നതിനു ഒരു കർമപദ്ധതി ആവിഷ്ക്കരിക്കുക. പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുകയാവണം അതിന്റെ പ്രധാനലക്ഷ്യം. അതാതു പ്രദേശങ്ങളിലെ ജനങ്ങളുടെ ജീവിതത്തെ ബാധിക്കുന്ന വിഷയങ്ങളിൽ തീരുമാനമെടുക്കാനുള്ള അവകാശം ബന്ധപ്പെട്ട ഗ്രാമസഭയ്ക്കും, ഏരിയ/ വാർഡ് തല സഭയ്ക്കും മറ്റു പ്രാദേശിക സമിതികൾക്കുമാണ് എന്നു ഉറപ്പു വരുത്തണം. അതിനാവശ്യമായ വിഭവങ്ങളും അവരുടെ വരുതിയിൽ നൽകണം. ഇത്തരം സമിതികളുടെ അംഗങ്ങളിലും തീരുമാനങ്ങളിലും പ്രത്യേകമായ പരിഗണന ഏറ്റവും കൂടുതൽ പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾ, ഭൂരഹിതർ, ദളിതർ, ഇടയസമൂഹങ്ങൾ, ആദിവാസികൾ തുടങ്ങിയവർക്ക് ലഭിക്കുന്നുണ്ട് എന്നും ഉറപ്പാക്കണം.

ഭൂമിയുടെയും വനത്തിന്റെയും ഉപയോഗം വ്യവസായത്തിനോ മറ്റേതെങ്കിലും ആവശ്യങ്ങൾക്കോ ആയി വിട്ടുകൊടുക്കേണ്ട ആവശ്യം വരികയാണെങ്കിൽ അതിനു ബന്ധപ്പെട്ട ഗ്രാമസഭയുടെയും മറ്റു പ്രാദേശിക ഭരണസമിതികളുടെയും നിയമാനുസൃതമായ അനുമതി വാങ്ങിയിട്ടുണ്ട് എന്നു ഉറപ്പു വരുത്തണം. വനാവകാശ നിയമത്തിലും പെസ നിയമത്തിലും നിഷ്കർഷിക്കുന്ന വിധം, ഭൂമിയോ വനമോ വിട്ടുകൊടുക്കുന്നത് എന്ത് ആവശ്യത്തിനാണ് എന്നു ബന്ധപ്പെട്ട അംഗങ്ങളെ ബോധ്യപ്പെടുത്തിയ ശേഷം മാത്രമേ അത്തരം അനുമതി സംബന്ധിച്ച തീരുമാനം എടുക്കാൻ പാടുള്ളു എന്നും ഉറപ്പുവരുത്തണം. (പലപ്പോഴും നിയമത്തിലെ വ്യവസ്ഥകൾ അട്ടിമറിക്കപ്പെടുകയാണ് പതിവ്). ഇത്തരം സന്ദർഭങ്ങളിൽ സ്ത്രീകൾ, ഭൂരഹിതർ, ആദിവാസികൾ, ദളിതർ, ഇടയസമൂഹക്കാർ തുടങ്ങിയവരുടെ അഭിപ്രായങ്ങൾ കേൾക്കുന്നുണ്ട് എന്നും ഉറപ്പു വരുത്തണം.

## നിഗമനങ്ങൾ



തങ്ങളുടെ പ്രദേശങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച സൗകര്യങ്ങളും സ്ഥാപനങ്ങളും നിർമിക്കാൻ ബന്ധപ്പെട്ട സമിതികൾക്ക് അധികാരവും വിഭവങ്ങളും ലഭ്യമാകുന്നു എന്നും ഉറപ്പു വരുത്തണം. അത്തരം കാര്യങ്ങൾ ആസൂത്രണം ചെയ്യാനും അതിനായി പ്രാദേശിക വിഭവങ്ങളും അറിവും ഉപയോഗപ്പെടുത്താനും അതിനുള്ള നടപടികൾ മുന്നോട്ടുകൊണ്ടുപോകാനും ബാങ്ക് അക്കൗണ്ടുകൾ അടക്കമുള്ള ഫണ്ടുകൾ കൈകാര്യം ചെയ്യാനും പ്രാദേശിക സമിതികൾക്ക് അധികാരം ഉണ്ടായിരിക്കണം. ഇത്തരം നിബന്ധനകൾ മേൽപറഞ്ഞ നിയമങ്ങളിൽ ഉള്ളതു പൂർണമായും നടപ്പിലാക്കുന്നു എന്നുറപ്പാക്കുകയും സാമൂഹികമായ പൊതു ഓഡിറ്റിംഗിനു ഇതെല്ലാം വിധേയമാക്കുകയും വേണം. (നിലവിൽ ഇത്തരം നിബന്ധനകൾ പാലിക്കുന്നതു നിരുത്സാഹപ്പെടുത്തുന്ന പ്രവണതയുണ്ട്). തൊഴിലുറപ്പു നിയമം, മറ്റു ക്ഷേമപദ്ധതികൾ എന്നിവ വഴി എത്തുന്ന ഫണ്ടുകൾ കൈകാര്യം ചെയ്യുന്നതിനായി അതു ഗ്രാമസഭകൾക്കു കൈമാറുന്നതായി ഉറപ്പാക്കണം. ഫണ്ടുകൾ വനവകുപ്പു പോലെയുള്ള സർക്കാർ സംവിധാനങ്ങളിലേക്കു വകമാറ്റുന്നതു കർശനമായും തടയണം.

സ്വാഭാവിക പാരിസ്ഥിതിക സംവിധാനങ്ങളെ നിലനിർത്താനും നിയന്ത്രിക്കാനും ഉപയോഗിക്കാനും പുനരുജ്ജീവിപ്പിക്കാനും അവയുടെ ഭരണം സംബന്ധിച്ച തീരുമാനങ്ങൾ എടുക്കാനും നടപ്പാക്കാനും അതാതു പ്രാദേശിക സമിതികൾക്ക് അധികാരം നൽകണം. പാരിസ്ഥിതിക ഈടുവയ്പുകളെ സമൂഹത്തിന്റെ പൊതു നിയന്ത്രണത്തിലുള്ള സ്ഥലങ്ങൾ ആക്കി മാറ്റുന്നതും പരിഗണിക്കണം. പൊതു ഇടങ്ങളുടെ വ്യാപനം സംബന്ധിച്ച നിയമപരിരക്ഷ വനാവകാശ നിയമത്തിൽ നല്കുന്നതു പ്രയോജനപ്പെടുത്തണം. കടൽത്തീരങ്ങൾ, സമുദ്രപ്രദേശങ്ങൾ, ചതുപ്പുനിലങ്ങൾ, പുൽമേടുകൾ, മരുഭൂമികൾ, കുന്നിൻപ്രദേശങ്ങൾ എന്നിങ്ങനെ പരിസ്ഥിതി പ്രാധാന്യമുള്ള മറ്റു പ്രദേശങ്ങളുടെ സംരക്ഷണത്തിനു പെസ, വനാവകാശ നിയമങ്ങളുടെ മാതൃകയിൽ പുതിയ നിയമനിർമാണങ്ങൾ കൊണ്ടുവരണം.

## സാങ്കേതിക വാക്കുകളും ചുരുക്കപ്പേരുകളും



**കോമ്പെൻസേറ്ററി അഫോറസ്റ്റേഷൻ (സിഎ)** എന്നാൽ ഏതെങ്കിലും കാരണവശാൽ വനം വെട്ടേണ്ടിവന്നാൽ അതിനു പകരമായി വനം വെച്ചുപിടിപ്പിക്കുകയും വളർത്തുകയും ചെയ്യുന്ന പ്രക്രിയയാണ്. ഇങ്ങനെയുള്ള വനം നട്ടുപിടിപ്പിക്കൽ പ്രക്രിയക്ക് മുമ്പ് ബന്ധപ്പെട്ട ഗ്രാമസഭയുടെ മുൻകൂട്ടിയുള്ള അനുമതി വാങ്ങിയിരിക്കണം എന്നു വനാവകാശനിയമം പറയുന്നു. ബന്ധപ്പെട്ട കക്ഷികളുടെ പൂർണമായ അറിവും സമ്മതവും ഇത്തരം പ്രവർത്തനങ്ങൾക്കു മുമ്പ് വനംവകുപ്പ് വാങ്ങിയിരിക്കണം എന്നാണ് വ്യവസ്ഥ.

**ഡിസ്ട്രിക്ട് തല കമ്മിറ്റി (ഡിഎൽസി)** വനാവകാശം സംബന്ധിച്ച അപേക്ഷകളിൽ അന്തിമമായി തീർപ്പു കല്പിക്കുന്ന സമിതിയാണ്. അപേക്ഷകൾ സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നതും ഈ സമിതിയാണ്.

**ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ (എഫ്പിഒ)**എന്നാൽ ഒരു കമ്പനിയോ സഹകരണസംഘമോ ആയി രജിസ്റ്റർ ചെയ്തിട്ടുള്ള നിയമപരമായ സ്ഥാപനമാണ്. എല്ലാ കർഷക ഉല്പാദകർക്കും വിപണിസൗകര്യങ്ങളും മെച്ചപ്പെട്ട വിലയും ഉറപ്പാക്കുകയാണ് ലക്ഷ്യം.

**ഗ്രാമസഭകളുടെ ഫെഡറേഷൻ** എന്നാൽ തങ്ങളുടെ രാഷ്ട്രീയവും സാമ്പത്തികവുമായ താല്പര്യസംരക്ഷണത്തിനായി വിവിധ ഗ്രാമസഭകൾ ഒന്നിച്ചുചേർന്നു ഉണ്ടാക്കുന്ന സംവിധാനമാണ്.

**ഫോറസ്റ്റ് ഡിപ്പാർട്മെന്റ് (എഫ്ഡി)** വനം സംരക്ഷണവും നിയന്ത്രണവും നടപ്പിലാക്കുന്ന ചുമതലയുള്ള സർക്കാർ വകുപ്പാണ്. ബ്രിട്ടീഷ് കൊളോണിയൽ ഭരണകാലത്താണ് ഈ സംവിധാനം നടപ്പിലാക്കിയത്. ഇന്നും ഭരണകൂടം ഇന്ത്യയിലെ വനങ്ങളിൽ അധികാരം പ്രയോഗിക്കുന്നത് വനംവകുപ്പ് വഴിയാണ്.

**ഫോറസ്റ്റ് റൈറ്റ്സ് കമ്മിറ്റി (എഫ്ആർസി)** വനാവകാശങ്ങൾ സ്ഥാപിച്ചെടുക്കാൻ വേണ്ട നടപടികൾക്കായി ഗ്രാമസഭകൾ ഉണ്ടാക്കുന്ന പ്രാദേശികതല സമിതികളാണ്.

**ഫോറസ്റ്റ് വില്ലേജസ് (എഫ്വി)** എന്നാൽ പരമ്പരാഗതമായി വനത്തിനകത്തു നിലനിൽക്കുന്ന ജനവാസകേന്ദ്രങ്ങളാണ്. അത്തരം ഗ്രാമങ്ങൾ വനംവകുപ്പിന്റെ നിയന്ത്രണത്തിലുള്ള വനപ്രദേശങ്ങളിലാണ് നിലനിൽക്കുന്നത്. പലതും സർക്കാർ സർവ്വേയിൽ ഉൾപ്പെട്ടിട്ടില്ല. സർവേ നടത്തിയതും അല്ലാത്തതുമായ വനങ്ങൾക്കകത്തെ അധിവാസ കേന്ദ്രങ്ങൾ ഈ നിർവചനത്തിൽ ഉൾപ്പെടും. ഇത്തരം ഗ്രാമങ്ങൾ റവന്യുവകുപ്പിന്റെ പരിധിയിൽ വരാത്തതിനാൽ സർക്കാർ തലത്തിലുള്ള വികസനപരിപാടികൾക്കു അവ പരിഗണിക്കപ്പെടുന്നില്ല. അവയ്ക്കു നിയമപരമായ ആനുകൂല്യങ്ങളും ലഭിക്കുന്നില്ല.

**വ്യക്തിതല ഫോറസ്റ്റ് റൈറ്റ്സ് (ഐഎഫ്ആർ)** എന്നാൽ ആദിവാസികളുടെയും മറ്റു വനവാസി വിഭാഗങ്ങളുടെയും വനത്തിനകത്തു താമസിക്കാനും കൃഷിപ്പണികൾ നടത്താനുമുള്ള നിയമപരമായ അവകാശമാണ്.

**സംയുക്ത വന മാനേജ്മെന്റ് കമ്മിറ്റി (ജെഎഫ്എംസി)** എന്നാൽ വനംവകുപ്പും ഗ്രാമസഭകളും ഉൾപ്പെടുന്ന വന നിയന്ത്രണ സംവിധാനമാണ്. ഇത്തരം സമിതികളിൽ തീരുമാനങ്ങൾ എടുക്കുന്നതിൽ വനംവകുപ്പ് ആധിപത്യം പുലത്തുന്നതായി കണ്ടുവരുന്നു. അതിനാൽ അവയിൽ തുല്യാധികാരമില്ല. ഗ്രാമസഭകളുടെ അവകാശങ്ങൾ പേരിനു മാത്രമാണ്.

**ലാർജ് സ്കേൽ ആദിവാസി മൾട്ടിപർപ്പസ് കോഓപ്പറേറ്റീവ് സൊസൈറ്റി (ലാംപ്സ്)** ആദിവാസി സമൂഹങ്ങളുടെ സാമ്പത്തിക ശാക്തീകരണത്തിനായി സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ

## സാങ്കേതിക വാക്കുകളും ചുരുക്കപ്പേരുകളും



ഹകരണ സംഘങ്ങളാണ്. അംഗങ്ങളായ പ്രാദേശിക കാർഷിക സഹകരണസംഘങ്ങൾ വഴി ആദിവാസികൾക്കു വാങ്ങൽ, വിൽക്കൽ, വായ്പനേടൽ തുടങ്ങിയവ സാധ്യമാകും.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി (എംനരേഗ)** 2005, ഗ്രാമങ്ങളിൽ വസിക്കുന്നവർക്കു വർഷത്തിൽ നിശ്ചിത എണ്ണം ദിനങ്ങളിൽ തൊഴിൽ ഉറപ്പുവരുത്താനായി കേന്ദ്രസർക്കാർ കൊണ്ടുവന്ന നിയമമാണ്.

**മിനിസ്ട്രി ഓഫ് എൻവയേൺമെൻറ്, ഫോറസ്റ്റ് & ക്ലൈമറ്റ് ചേഞ്ച് (എംഒ ഇഎഫ്സിസി)** കേന്ദ്ര സർക്കാറിന് കീഴിലുള്ള മന്ത്രാലയമാണ്. കാലാവസ്ഥ, പരിസ്ഥിതി, വനം സംബന്ധമായ ഇന്ത്യയുടെ നയങ്ങളും നടപടികളും തീരുമാനിക്കുന്നതും നടപ്പിലാക്കുന്നതും ഈ മന്ത്രാലയം വഴിയാണ്.

**മിനിസ്ട്രി ഓഫ് ട്രൈബൽ അഫയേഴ്സ് (മോടാ)** പട്ടികവർഗ വിഭാഗങ്ങളുടെ ക്ഷേമം സംബന്ധിച്ച നയങ്ങളും പരിപാടികളും ആവിഷ്ക്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യാൻ ചുമതലയുള്ള കേന്ദ്രസർക്കാർ മന്ത്രാലയമാണ്. വനാവകാശനിയമം നടപ്പിലാക്കാനുള്ള ചുമതല ഈ മന്ത്രാലയത്തിനാണ്.

**മൈനർ ഫോറസ്റ്റ് പ്രൊഡ്യൂസ് (എംഎഫ്പി) &നോൺടിംബർ ഫോറസ്റ്റ് പ്രൊഡ്യൂസ് (എൻടിഎഫ് പി )** മരം അല്ലാത്ത വനങ്ങളിലെ ഉത്പന്നങ്ങൾ ആണ് ഇതിൽ വരുന്നത്. ആദിവാസികൾ ഇവ ശേഖരിച്ചു വില്പന നടത്തി വരുമാനം നേടുന്നു. ഗ്രാമങ്ങളിലും പുറത്തും ഇത്തരം വിഭവങ്ങൾ ശേഖരിക്കാനും ഉപയോഗിക്കാനും വില്പന നടത്താനുമുള്ള ആദിവാസികളുടെ പാരമ്പര്യ അവകാശങ്ങളെ വനാവകാശ നിയമം സെക്ഷൻ 3(1) സി അംഗീകരിക്കുന്നു.

**നിസ്താർ അവകാശങ്ങൾ** മുൻകാല നാട്ടുരാജ്യങ്ങളിലും ജമീന്ദാരി പ്രദേശങ്ങളിലും ആദിവാസികൾ വനങ്ങളിൽ അനുഭവിച്ചു വന്ന പരമ്പരാഗത അവകാശങ്ങളാണ്. വിവിധ സംസ്ഥാനങ്ങളിലെ സർക്കാർ രേഖകളിൽ ഇത്തരം അവകാശങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

**മറ്റു പരമ്പരാഗത വനവാസി വിഭാഗങ്ങൾ (ഒറ്റിഎഫ്ഡി)** പാരമ്പര്യമായി വന മേഖലകളിൽ കഴിഞ്ഞുകൂടുന്ന ആദിവാസികൾ അല്ലാത്ത ജനസമൂഹങ്ങളാണ്.

**പഞ്ചായത്ത് എക്സ്റ്റൻഷൻ ടു ഷെഡ്യൂൾഡ് ഏരിയാസ് ആക്ട് (പെസ)** 1996, വനങ്ങളുടെ നിയന്ത്രണവും ഭരണവും മാനേജ്മെന്റും പ്രാദേശിക സമൂഹങ്ങളുടെ ഭരണ സംവിധാനങ്ങളിലേക്കു കൈമാറുന്ന നിയമമാണ്. ആദിവാസികളിലെ ദാരിദ്ര്യം, ഭക്ഷ്യസുരക്ഷാ പ്രശ്നങ്ങൾ, തൊഴിൽ തേടിയുള്ള ഒഴിച്ചുപോക്ക് തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കുകയാണ് നിയമത്തിന്റെ ലക്ഷ്യം. പ്രാദേശിക പ്രകൃതിവിഭവങ്ങളിൽ നിയമപരമായ അവകാശം ഉറപ്പാക്കുന്നത് അത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സഹായിക്കുമെന്നു നിയമം പ്രതീക്ഷിക്കുന്നു. ആദിവാസി സമുഹങ്ങളുടെ നിലനിൽപ് പ്രാകൃതികവും പാരിസ്ഥിതികവുമായ സംവിധാനങ്ങളുമായി അവരുടെ ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് എന്ന വസ്തുതയും നിയമം അംഗീകരിക്കുന്നു.

**പാർട്ടിക്കുലർലി വൾനറബിൾ ട്രൈബൽ ഗ്രൂപ്സ് (പിടിവിജി)** എന്നാൽ സവിശേഷമായ പ്രശ്നങ്ങൾ നേരിടുന്ന, ഏറ്റവും പിന്നാക്കം നിൽക്കുന്ന ആദിവാസി സമൂഹങ്ങളെ നിർണയിക്കുന്ന സർക്കാർ ചട്ടങ്ങളാണ്.

## സാങ്കേതിക വാക്കുകളും ചുരുക്കപ്പേരുകളും



**സംരക്ഷിത പ്രദേശങ്ങൾ (പിഎ)** വന്യജീവി സംരക്ഷണ നിയമം, 1972, പ്രകാരം ദേശീയ ഉദ്യാനങ്ങൾ, വന്യജീവി സംരക്ഷണപ്രദേശങ്ങൾ, സംരക്ഷിത റിസർവ് പ്രദേശങ്ങൾ എന്നിവയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളാണ്. വനാകാശനിയമത്തിലെ വനഭൂമി എന്നതിൽ ഇത്തരം സംരക്ഷിത പ്രദേശങ്ങളും ഉൾപ്പെടുന്നു. അതിനാൽ എല്ലാ സംരക്ഷിതപ്രദേശങ്ങളിലും ആദിവാസികളുടെയും മറ്റു വനവാസികളുടെയും അവകാശങ്ങൾ നിയമത്തിൽ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. നിയമത്തിന്റെ അഞ്ചാം വകുപ്പ് വനങ്ങൾ, വന്യജീവികൾ, ജൈവവൈവിധ്യം എന്നിവയുടെ സംരക്ഷണത്തിനു ആദിവാസികൾക്കുള്ള അവകാശവും ചുമതലയും സംബന്ധിച്ചു വ്യക്തമാക്കുന്നു. നീർച്ചാലുകൾ, ജല സംഭരണികൾ എന്നിവയുടെ സംരക്ഷണത്തിൽ ആദിവാസികളുടെ പങ്കും അതിൽ പറയുന്നുണ്ട്.

**റെക്കോർഡ് ഓഫ് റൈറ്റ്സ് (ആർഓആർ)** വനാവകാശങ്ങൾ സംബന്ധിച്ച കാര്യങ്ങൾ രേഖയാക്കി മാറ്റുന്ന പ്രക്രിയയിലെ അന്തിമ ഘട്ടമാണ്. അവകാശങ്ങൾ സർക്കാർ രേഖകളിലും വനം, റവന്യുവകുപ്പ് രേഖകളിലും ഉൾപ്പെടുത്തുന്ന സന്ദർഭം ഇതാണ്.

**റിസർവ്ഡ് ഫോറസ്റ്റ് (ആർഎഫ്) & പ്രൊട്ടക്റ്റഡ് ഫോറസ്റ്റ് (പിഎ )** എന്നിവ 1927ലെ ഇന്ത്യൻ വന നിയമ പ്രകാരം നിർണയിക്കപ്പെട്ട വനപ്രദേശങ്ങളാണ്. ഭരണകൂടം വനങ്ങളുടെ മേലെ പ്രയോഗിക്കുന്ന വിവിധതരം അധികാരങ്ങളെ അവ വ്യവസ്ഥപ്പെടുത്തുന്നു.

**സബ്ഡിവിഷണൽ ലെവൽ കമ്മിറ്റി (എസ്എൽഡിസി)** ഗ്രാമസഭകൾ പാസ്സാക്കിയ വനാവകാശം സംബന്ധിച്ച പ്രമേയങ്ങൾ പരിശോധിച്ചു മേൽനടപടികൾക്കായി ജില്ലാതല കമ്മിറ്റിക്കു സമർപ്പിക്കാൻ നിയുക്തമായ സമിതിയാണ്.

www.vikalpsangam.org

## സമർപ്പണങ്ങൾ

കമ്മ്യൂണിറ്റി ഫോറസ്റ്റ് റൈറ്റ് ലേണിംഗ് & അഡ്വക്കസി (സിഎഫ്ആർഎൽഎ)യും വികൽപ്സംഗവും ചേർന്നാണ് ഈ ബുള്ളറ്റിൻ തയ്യാറാക്കിയത്. വസുന്ധര, കല്പവൃക്ഷ് എന്നിവയുടെ സഹായമില്ലാതെ ഇതു നടപ്പാക്കുക അസാധ്യമായിരുന്നു.

**വിവരങ്ങൾക്ക് ബന്ധപ്പെടുക:**

അദിതി പിന്റോ vandhikarmedia@gmail.com,
ജൂഹി പാണ്ഡെ studiojuhi@gmail.com

**സാമൂഹിക അനുഭവ കുറിപ്പുകൾ തയ്യാറാക്കിയത്:**

കേശവ് ഗുർമുലേ സൃഷ്ടി രാജ്നന്ദ്ഗാവ്, ഛത്തിസ്ഗഢ്
ലളിത് ഭണ്ഡാർക്കർ & ദിലീപ് ഖോടെ വിഎൻസിഎസ്,
നാരായൺ സലാമി സിഎഫ്ആർഎംസി, ഗോണ്ടിയ, മഹാരാഷ്ട്ര
തൃപ്തി മേത്ത ആർച് വാഹിനി, നർമദ, ഗുജറാത്ത്
ചൈത്രം പവാർ ബരിപാദ, ധുലെ, മഹാരാഷ്ട്ര
രമേഷ് ഭട്ടി, ഇഷ മെറാൻ മുത്വ, റിതേഷ് പോകാർ,
ഭാരതി നഞ്ചർ സഹജീവൻ, കച്ച്, ഗുജറാത്ത്
പ്രതിഭാ ഷിൻഡെ ലോകസമന്യയ് പ്രതിഷ്ഠൻ,
സത്രാസെൻ മോട്ടീറാംനന്ദുർബർ, മഹാരാഷ്ട്ര
സൗമിത്ര ഘോഷ്, സ്വരൂപ് സാഹ, സുന്ദർ സിങ് റവ,
ലാൽസിങ് ബുജിൽ ഉത്തര ബംഗാ ബന്ജാൻ ശ്രമജീവി മഞ്ച്,
ആലിപ്പൂർദ്വാർ, പശ്ചിമ ബംഗാൾ
ബൽവന്ത് രഹങ്ദലെ ഗ്രാംദൂത് കാര്യക്രം, ദിൻദോറി;
രാഹുൽ ശ്രീവാസ്തവ, ഭൂമി അധികാർ ആന്ദോളൻ, മണ്ട് ല, മധ്യപ്രദേശ്
ഡോ. സി മദെഗൗഡ ജില്ലാ ബുദ്ധക്കാട്ടു ഗിരിജന അഭിവൃദ്ധി സംഘ,
ചാമരാജ്നഗർ, കർണാടക
ഹേമന്തകുമാർ സാഹു & നീൽമണി മഹാപാത്ര വസുന്ധര, നയാഗഡ്, ഒഡിഷ

**മുഖവുര, പ്രധാനപാഠങ്ങൾ & നിർദേശങ്ങൾ:**
നീമാ പഥക് ഭ്രൂമേ & തുഷാർ ഡാഷ്

**നിയമക്കുറിപ്പുകൾ:**
പൂജ &സംഘമിത്ര ദുബേ
(പവർ ടു പീപ്പിൾ/പവർ ടു ഗ്രാമസഭ എന്ന രേഖയിൽ നിന്ന്).

**കമ്മ്യൂണിറ്റി സമ്പർക്കം:**
ആതിര കൃഷ്ണൻ, അദിതി പിന്റോ, അർച്ചന സോറിങ്,
സംഘമിത്ര ദുബെ, സർവേഷ് ചതുർവേദി

**എഴുത്തും സംയോജനവും എഡിറ്റിംഗും:**
അദിതി പിന്റോ

**കോപ്പി എഡിറ്റിംഗ്, പ്രൂഫ് റീഡിങ്:**
അദിതി പിന്റോ, സുഷ്മിത
**ലേഔട്ട്:**
ജൂഹി പാണ്ഡെ
**ഡിസൈൻ:**
നവീദ് ദാദൻ
**പരിഭാഷ:**
എൻ പി ചെക്കുട്ടി

**സൈറ്റേഷൻ:** വികല്പസംഗം, കോവിഡ് 19: സാമൂഹിക വനാവകാശങ്ങളും മഹാമാരിയും: ഗ്രാമസഭകൾ വഴികാണിക്കുന്നു , വാല്യം 2, വികൽപസംഗം കോർ ഗ്രൂപ്പ്, പുനെ, ഒക്ടോബർ 2020. ഇതൊരു കോപ്പിലെഫ്റ്റ് പ്രസിദ്ധീകരണമാണ്. വാണിജ്യേതരമായ ആവശ്യങ്ങൾക്ക് ഇതു സ്വതന്ത്രമായി ഉപയോഗിക്കാവുന്നതാണ്. സമർപ്പണങ്ങളും സൈറ്റേഷനും ഉൾപ്പെടുത്തിയാൽ നല്ലത്. പുനഃപ്രസിദ്ധീകരണങ്ങളും ഇതേ നിബന്ധനകളോടെയും കോപ്പിറൈറ് ഇല്ലാതെയും ആയിരിക്കണം. മാനുഷികവും പാരിസ്ഥിതികവുമായ ക്ഷേമത്തിനുള്ള നീതിയുക്തവും തുല്യവും നിലനില്കുന്നതുമായ മാർഗങ്ങൾ അന്വേഷിക്കുന്ന പ്രസ്ഥാനങ്ങളെയും വ്യക്തികളെയും ഗ്രൂപ്പുകളെയും ഒന്നിച്ചു കൊണ്ടുവരുന്ന പൊതുവേദിയായാണ് വികൽപസംഗം പ്രവർത്തിക്കുന്നത്. നിലവിലെ വികസന മാതൃകകളെയും അസമത്വത്തിന്റെ സംവിധാനങ്ങളെയും അന്തർലീനമായ അനീതിയെയും അതു തിരസ്കരിക്കുന്നു. പകരം, ബദലുകൾക്കു വേണ്ടി താത്വികവും പ്രായോഗികവുമായ അന്വേഷണങ്ങൾ നടത്തുന്നു. രാജ്യത്തെ ഏതാണ്ട് 60 പ്രസ്ഥാനങ്ങളും സംഘടനകളും അതിന്റെ കോർ ഗ്രൂപ്പിൽ അംഗങ്ങളാണ്.

**കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക:**
**http://www.vikalpsangam.org/about/**

www.vikalpsangam.org

- ACCORD (Tamil Nadu)
- Alliance for Sustainable and Holistic Agriculture (national)
- Alternative Law Forum (Bengaluru)
- Ashoka Trust for Research in Ecology and the Environment (Bengaluru)
- BHASHA (Gujarat)
- Bhoomi College (Bengaluru)
- Blue Ribbon Movement (Mumbai)
- Cetnre for Education and Documentation (Mumbai)
- Cetnre for Environment Education (Gujarat)
- Cetnre for Equtiy Studies (Delhi)
- CGNetSwara (Chhattisgarh)
- ChalakudypuzhaSamrakshanaSamithi / River Research Cetnre (Kerala)
- ComMutiny: The Youth Collective (Delhi)
- Deccan Development Socitey (Telangana)
- Deer Park (Himachal Pradesh)
- Development Alternatives (Delhi)
- Dharamtira (Maharasthra)
- Ekta Parishad (several states)
- Ektha (Chennai)
- EQUATIONS (Bengaluru)
- Gene Campaign (Delhi)
- Greenpeace India (Bengaluru)
- Health SwaraajSamvaad (national)
- Idesoync (Delhi)
- Jagori Rural (Himachal Pradesh)
- Kalpavriksh (Maharasthra)
- Knowledge in Civil Socitey (national)
- Kriti Team (Delhi)
- Ladakh Arts and Media Organisation (Ladakh)
- Local Futures (Ladakh)
- Maati (Uttarakhand)
- MahilaKisanAdhikarManch (national)
- Mazdoor Kisan Shakti Sangathan (Rajasthan)
- National Alliance of Peoples' Movements (national)
- Nirangal(Tamil Nadu)
- North East Slow Food and Agrobiodiverstiy Socitey (Meghalaya)
- Peoples' Science Institute (Uttarakhand)
- Revitalising Rainfed Agriculture Network (national)
- reStore (Chennai)
- Sahjeevan (Kachchh)
- Sambhaavnaa (Himachal Pradesh)
- Samvedana (Maharasthra)
- Sangama (Bengaluru)
- Sangat (Delhi)
- School for Democracy (Rajasthan)
- School for Rural Development and Environment (Kashmir)
- Shikshantar (Rajasthan)
- Snow Leopard Conservancy India Trust (Ladakh)
- Social Etnrepreneurship Association (Tamil Nadu)
- SOPPECOM (Maharasthra)
- South Asian Dialogue on Ecological Democracy (Delhi)
- Students' Environmental and Cultural Movement of Ladakh (Ladakh)
- Thanal (Kerala)
- Timbaktu Collective (Andhra Pradesh)
- Titli Trust (Uttarakhand)
- Tribal Health Initiative (Tamil Nadu)
- URMUL (Rajasthan)
- Vrikshamtira (Maharasthra)
- Watershed Support Services and Activities Network (Andhra Pradesh/Telangana)